# വാർഷിക റിപ്പോർട്ട്

## 2020-2021

***'Towards a safer state'***

സുരക്ഷായനം

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (കെ.എസ്.ഡി.എം.എ)
Kerala State Disaster Management Authority (KSDMA)
ഒബ്സർവേറ്ററി കുന്ന്, വികാസ് ഭവൻ തപാൽ ഓഫീസ്
Observatory Hills, Vikas Bhavan P.O
തിരുവനന്തപുരം, കേരളം – 695033
Thiruvananthapuram, Kerala - 695033
ടെലിഫോൺ | Phone - 0471 2778855, 0471-2778888
ടോൾ ഫ്രീ ടെലിഫോൺ | Toll Free 1070
www.sdma.kerala.gov.in

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ 2020-2021, 2021-2022 , 2022-2023 , 2023-2024 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ടുകൾ അംഗീകരിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.306/2026/DMD തീയതി,തിരുവനന്തപുരം, 18-07-2026

---

പരാമർശം:-

1. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ 30.07.2025 തീയതിയിലെ MTO I/1429/2025/Admin നമ്പർ കത്ത്
2. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ 26.09.2025 തീയതിയിലെ MTO VI/2051/2025/Admin നമ്പർ കത്ത്
3. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ 22.10.2025 തീയതിയിലെ MTO II/2317/2025/SDMA-KSDMA നമ്പർ കത്ത്.
4. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ 14.01.2026 തീയതിയിലെ MTO VI/2017/2025/Admin നമ്പർ കത്ത്

**ഉത്തരവ്**

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ 2020-2021, 2021-2022, 2022-2023, 2023-2024 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ടുകൾ മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കി സർക്കാർ അംഗീകാരത്തിനായി പരാമർശ പ്രകാരം ലഭ്യമാക്കിയിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ 2020-2021, 2021-2022, 2022-2023, 2023-2024 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ടുകൾ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജീവൻ ബാബു കെ ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി


കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് ഉൾപ്പെടെ )

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)(എ&ഇ) കേരള, തിരുവനന്തപുരം
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Digitally signed by
Manu S
Date: 21-07-2026
10:48:23

സെക്ഷൻ ഓഫീസർ


KERALA
Multi Hazard Risk Index
Kasaragod
Kannur
Wayanad
Kozhikode
Malappuram
Palakkad
Thrissur
Ernakulam
Idukki
Kottayam
Alappuzha
Pathanamthitta
Kollam
Thiruvananthapuram
LEGEND
No Risk
Low Risk
Moderate Risk
High Risk
Taluk Boundary
District Boundary
Km
0 15 30 60
RISK LAB, KSEOC
Kerala State Disaster Management Authority
Thiruvananthapuram

# ആമുഖം

2018ലെ മഹാപ്രളയം വിതച്ച വലിയ പതർച്ചയുടെയും നഷ്ടങ്ങളുടെയും ദിവസങ്ങളിൽ നിന്ന് കേരളമൊന്നാകെ ഒരൊറ്റ മനസ്സോടെ അദ്‌ഭുതകരമായി ഉയിർത്തെഴുന്നേറ്റു. ലോകത്തെ അമ്പരപ്പിക്കുന്ന രീതിയിലുള്ള അതിജീവനത്തിന് ശേഷം കൂടുതൽ മെച്ചപ്പെട്ട നവകേരളത്തെ സൃഷ്ടിക്കാനുള്ള ഗൗരവമായ ചിന്തകളും ഇടപെടലുകളും നടന്ന വർഷമാണ് 2019-20 സാമ്പത്തിക വർഷം. കേരളത്തിൻറെ സമീപ ഭാവിയുടെ ഗതി നിശ്ചയിക്കുന്നതിലേക്ക് നിസ്തുലമായ സംഭാവനകൾ കൂട്ടിച്ചേർക്കപ്പെട്ട വർഷം. എല്ലാ തലങ്ങളിലുമുള്ള മലയാളിയുടെ ചിന്തകളിലും പ്രവർത്തികളിലും ദുരന്ത അതിജീവനയോർമകളും അവബോധവും ഉൾച്ചേർക്കപ്പെട്ട വർഷം. പ്രളയാനന്തരം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അദ്ധ്യക്ഷൻ കൂടിയായ മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ കേരളീയ സമൂഹത്തോട് പറഞ്ഞ 'പഴയ കേരളത്തെ അതേപടി പുനഃസൃഷ്ടിക്കുകയല്ല കൂടുതൽ മെച്ചപ്പെട്ട നവകേരളത്തെ നിർമ്മിക്കുക' ആണ് സർക്കാരിൻറെ ലക്ഷ്യമെന്ന കാഴ്ചപ്പാട് ശിരസ്സാവഹിച്ച് കൊണ്ടുള്ള പ്രവർത്തനമാണ് ദുരന്ത നിവാരണ അതോറിറ്റി നടപ്പിലാക്കിയത്. വിവിധങ്ങളായ പ്രകൃതി ദുരന്തങ്ങളേയും സീസണുകളേയും കാര്യക്ഷമമായി നേരിടാൻ ഇക്കാലയളവിൽ സംസ്ഥാനത്തിന് സാധിച്ചു.

2020ലെ മൺസൂൺ സീസണിലും അതിതീവ്ര മഴയും അതിനെ തുടർന്നുള്ള ഉരുൾപൊട്ടലും മണ്ണിടിച്ചിലും മലവെള്ളപ്പാച്ചിലുമെല്ലാം ഉണ്ടാവുകയും വലിയ ദുരന്തമായി മാറുകയും ചെയ്തിരുന്നു. എങ്കിലും 2018ലെ അനുഭവ പരിചയത്തിൻറെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ വഴി ദുരന്തങ്ങളുടെ ആഘാതം കുറക്കാൻ സാധിച്ചു. അറബിക്കടലിൽ ഓഖിക്ക് സമാനമായ രീതിയിൽ ചുഴലിക്കാറ്റുകൾ രൂപപ്പെട്ടെങ്കിലും ഒരു മൽസ്യത്തൊഴിലാളിയുടെ ജീവൻ പോലും നഷ്ടപ്പെടാതെ സംരക്ഷിക്കാൻ സാധിച്ചു. ലോകത്തെയാകെ പ്രതിസന്ധിയിലാഴ്ത്തിയ കോവിഡ് മഹാമാരിയുടെ ആദ്യ ദിനങ്ങളിൽ തന്നെ അത് സംബന്ധിച്ച് സർക്കാരിനും ആരോഗ്യ വകുപ്പിനും മുന്നറിയിപ്പ് നല്കാൻ സാധിക്കുകയും അതുവഴി ലോക പ്രശംസ പിടിച്ചു പറ്റുന്ന രീതിയിലുള്ള തയ്യാറെടുപ്പുകൾ നടത്തി കേരള മാതൃക സൃഷ്ടിക്കുന്നതിൽ പങ്കുവഹിക്കാനായി. തുടർന്നുള്ള കോവിഡ് തയ്യാറെടുപ്പ് പ്രതിരോധ പ്രവർത്തനങ്ങളിൽ സർക്കാർ ഏൽപ്പിച്ച ചുമതലകൾ

കാര്യക്ഷമമായി നിർവഹിക്കാൻ സാധിച്ചു. വേനൽക്കാലത്തെയും കടലാക്രമണത്തേയും മെച്ചപ്പെട്ട ആസൂത്രണത്തോടെ കൈകാര്യം ചെയ്യാനും ദുരന്തങ്ങളുടെ ആഘാതം കുറക്കാൻ പ്രവർത്തിക്കാനും ശ്രമിച്ച വർഷമായിരുന്നു 2020-21. രാജ്യത്തിന് മാതൃകയാവുന്ന രീതിയിൽ തദ്ദേശ സ്ഥാപനതലത്തിൽ പ്രാദേശിക ദുരന്ത നിവാരണ പ്ലാനുകൾ തയ്യാറാക്കുന്ന പ്രവർത്തനം ആരംഭിക്കുവാനുമായി.

ദുരന്ത പ്രതികരണങ്ങൾക്ക് പുറമെ പരിശീലനങ്ങളും, മോക്ക് ഡ്രില്ലും, ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കലും ഒപ്പം പുനർനിർമ്മാണത്തിലും ഊന്നിയുള്ള പ്രവർത്തനങ്ങൾ ആണ് 2020-21ൽ പ്രധാനമായും നടത്തിയത്. വിശദമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കേന്ദ്ര ദുരന്ത നിവാരണ നിയമം 2005ന് അനുസൃതമായി സംസ്ഥാന സർക്കാർ കേരള സംസ്ഥാന ദുരന്ത നിവാരണ ചട്ടം 2007 ൽ വിജ്ഞാപനം ചെയ്തിട്ടുണ്ട് (*Kerala Extraordinary Gazette S.R.O No. 201/2007 dated 1st March 2007 (amendments vide S.R.O No. 583/2013 dated 17th July 2013 and S.R.O. No. 263/2016 dated 2nd March, 2016)*. കേന്ദ്ര ദുരന്ത നിവാരണ നിയമം 2005ന്റെ പതിനാലാം വകുപ്പ് അനുസരിച്ച് കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 2007ൽ രൂപീകൃതമായി.

കേരളം ബഹുവിധ ദുരന്ത സാധ്യതാ പ്രദേശമാണ്. ദുരന്ത സാഹചര്യം ഉളവാക്കാവുന്ന 17 തരം പ്രകൃതി പ്രതിഭാസങ്ങളും 22 തരം മനുഷ്യജന്യ പ്രതിഭാസങ്ങളും കേരളത്തിൽ ഉണ്ടെന്നു കണക്കാക്കുന്നു.

ദുരന്ത സാധ്യത അപഗ്രഥനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ 21 താലൂക്കുകൾ ബഹുവിധ ദുരന്ത സാദ്ധ്യതകളാൽ അതീവ ദോഷപൂർണ്ണത (Vulnerability) ഉള്ളവയാണ്.

ദുരന്ത സാദ്ധ്യതകൾ ഉൾക്കൊണ്ട് ആവശ്യമായ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന ചുമതല ദുരന്തനിവാരണ അതോറിറ്റിയിൽ നിക്ഷിപ്തമാണ്.

കേന്ദ്ര ദുരന്ത നിവാരണ നിയമത്തിന്റെ സെക്ഷൻ 70 (2) പ്രകാരം ദുരന്ത നിവാരണ അതോറിറ്റി സംസ്ഥാന നിയമസഭയുടെ മുന്നിൽ സമർപ്പിക്കുന്നതിനായി വാർഷിക റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

## കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

കേന്ദ്ര ദുരന്ത നിവാരണ നിയമപ്രകാരമുള്ള (statutory) അതോറിറ്റിയാണ് കേരളത്തിലെ ദുരന്ത നിവാരണ അതോറിറ്റി.

സംസ്ഥാനത്ത് ദുരന്ത നിവാരണ നിയമത്തിന്റെ നിർവ്വഹണ നയവും, ചട്ടങ്ങളും, പദ്ധതികളും അംഗീകരിക്കുന്നത് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയാണ്. ഈ നിയമത്തിന്റെ നടത്തിപ്പിനായി ആവശ്യമായ തുക വകയിരുത്തുവാൻ സർക്കാരിന് ഉപദേശം നൽകുക, വിവിധ ദുരന്തങ്ങൾ പ്രതിരോധിക്കുവാനും, നേരിടുവാനും ആവശ്യമായ മാർഗ്ഗനിർദ്ദേശക രേഖകൾ പുറപ്പെടുവിക്കുക എന്നീ കർത്തവ്യങ്ങൾ ദുരന്ത നിവാരണ അതോറിറ്റിയിൽ നിക്ഷിപ്തമാണ്. നിയമം അനുശാസിക്കുന്ന വിധം മേൽ സൂചിപ്പിച്ച എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി അംഗീകരിച്ച്, വിവിധ വകുപ്പുകളുടെ ചുമതലകൾ നിഷ്കർഷിച്ച് ദുരന്ത ലഘൂകരണം വകുപ്പുകളുടെ സ്ഥിര വികസന പ്രവർത്തികളിൽ നിരന്തരവല്കരിക്കാനുള്ള അധികാരം അതോറിറ്റിയിൽ നിക്ഷിപ്തമാണ്. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഘടന ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുഖ്യമന്ത്രി | അദ്ധ്യക്ഷൻ (എക്സ്-ഒഫിഷ്യോ) (Chairman) |
| റവന്യൂ വകുപ്പ് മന്ത്രി | സഹ-അദ്ധ്യക്ഷൻ (എക്സ്-ഒഫിഷ്യോ) (Vice Chairman) |
| ആഭ്യന്തര വകുപ്പ് മന്ത്രി | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| കൃഷി വകുപ്പ് മന്ത്രി | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| ചീഫ് സെക്രട്ടറി | മുഖ്യ ഭരണ നിർവ്വാഹകൻ (എക്സ്-ഒഫിഷ്യോ) (Chief Executive Officer) |
| ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി | അംഗവും കൺവീനറും (എക്സ്-ഒഫിഷ്യോ) (Member Convenor) |
| മുഖ്യ ശാസ്ത്രഞ്ജൻ, സംസ്ഥാന അടിയന്തിരഘട്ട കാര്യ നിർവഹണ കേന്ദ്രം | അംഗവും കാര്യക്കാരനും (എക്സ്-ഒഫിഷ്യോ) (Member Secretary) |

## കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവ്വഹണ സമിതി (State Executive Committee of KSDMA)

ദുരന്ത നിവാരണ നിയമത്തിന്റെ ഇരുപതാം വകുപ്പനുസരിച്ച് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും, 4 സെക്രട്ടറിമാർ അംഗങ്ങളുമായി കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവ്വഹണ സമിതി (State Executive Committee of KSDMA) പ്രവർത്തിച്ച് വരുന്നു. സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കുക, ദേശീയ, സംസ്ഥാന അതോറിറ്റികളുടെ പദ്ധതികൾ നടപ്പാക്കുക, ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളുടെ ഏകോപനം ഉറപ്പ് വരുത്തുക, പദ്ധതി നടത്തിപ്പ് അവലോകനം ചെയ്യുക, അടിയന്തര ഘട്ടത്തിൽ ദുരന്ത പ്രതികരണം ഉറപ്പുവരുത്തുവാൻ ആവശ്യമായ ഉത്തരവുകളും, നിർദ്ദേശങ്ങളും വിവിധ വകുപ്പുകൾക്ക് ബാധകമായ രീതിയിൽ പുറപ്പെടുവിക്കുക, സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന്റെ പ്രവർത്തന നിയന്ത്രണം, ദുരന്ത നിവാരണത്തിനായുള്ള സങ്കൽപ്പിക ഉദ്യോഗസ്ഥ ശ്രേണിയുടെ പ്രവർത്തന നിയന്ത്രണം, സംസ്ഥാന ദുരന്ത ലഘൂകരണ നിധിയുടേയും (State Disaster Mitigation Fund), സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെയും (State Disaster Response Fund) വിനിയോഗ നിയന്ത്രണം എന്നിവ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവ്വഹണ സമിതിയിൽ നിക്ഷിപ്തമാണ്. സംസ്ഥാന കാര്യനിർവ്വഹണ സമിതിയുടെ ഘടന ചുവടെ ചേർക്കുന്നു. GO (Rt) No. 772/2020/DMD dated 1-10-2020 പ്രകാരം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയെ സഹായിക്കുവാൻ ആയി കമ്മീഷണർ ദുരന്ത നിവാരണം എന്ന പദവി സൃഷ്ട്ടിച്ച് ഒരു AIS ഉദ്യോഗസ്ഥനെ നിയോഗിച്ചു.

| | |
|---|---|
| ചീഫ് സെക്രട്ടറി | അദ്ധ്യക്ഷൻ (എക്സ്-ഒഫിഷ്യോ) (Chairman) |
| ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി | അംഗവും കൺവീനറും (എക്സ്-ഒഫിഷ്യോ) (Member Convenor) |
| ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി | അംഗം (എക്സ്-ഒഫിഷ്യോ) (Member) |

## അടിയന്തരഘട്ട കാര്യനിർവ്വഹണ സമിതികൾ

സംസ്ഥാനതലത്തിൽ മൂന്ന് അടിയന്തരഘട്ട കാര്യനിർവ്വഹണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

- പ്രകൃതി ദുരന്തങ്ങളുടെ അടിയന്തരഘട്ട കാര്യനിർവ്വഹണ സമിതി: ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും, ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കൺവീനറുമായ സമിതി GO (Ms) No. 68/2011/DMD dated 8-2-2011 പ്രകാരം രൂപീകരിച്ചിട്ടുണ്ട്.
- മനുഷ്യ നിർമ്മിത ദുരന്തങ്ങളുടെ അടിയന്തരഘട്ട കാര്യനിർവ്വഹണ സമിതി: ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും, സംസ്ഥാന പോലീസ് മേധാവി കൺവീനറുമായ സമിതി GO (Rt) No. 6410/2013/DMD dated 29-11-2013 പ്രകാരം രൂപീകരിച്ചിട്ടുണ്ട്.
- ഖനന മേഖലയിലെ അപകടങ്ങൾ: വ്യവസായ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായും, ജിയോളജി വകുപ്പ് ഡയറക്ടർ കൺവീനറുമായ സമിതി GO (Rt) No. 542/14/ID dated 26-05-2014 പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

## ഉപദേശക സമിതികൾ

- ഉരുൾപൊട്ടൽ-മണ്ണിടിച്ചിൽ വിദഗ്ദ്ധ സംഘം - GO (Rt) No. 356/2020/DMD dated 17-03-2020
- മണ്ണിടിച്ചിൽ/ഉരുപൊട്ടൽ മേഖലയിലെ ഗൃഹ നിർമ്മാണം – GO (Rt) No. 644/2018/DMD dated 30-11-2018
- മിനിമം റിലീഫ് കോഡ് – GO (Ms) No. 7/2018/DMD dated 21-6-2018
- സ്കൂൾ സുരക്ഷ – GO (Rt) No. 271/2018/DMD dated 11-05-2018
- ദുരന്ത പ്രതികരണ കാര്യക്ഷമത വർദ്ധിപ്പിക്കൽ – GO (Rt) No. 86/2017/DMD dated 12-12-2017
- ഭൂമി കുലുക്ക പ്രതിരോധ നിർമ്മാണം – GO (Rt) No. 1299/2015/DMD dated 12-03-2015
- മുല്ലപ്പെരിയാർ ദുരന്ത ലഘൂകരണം – GO (Rt) No. 6084/2011/DMD dated 17-12-2011

## ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ

ദുരന്ത നിവാരണ നിയമം 2005ൽ നിഷ്കർഷിക്കുന്നത് പ്രകാരം സംസ്ഥാന സർക്കാർ വിജ്ഞാപനത്തിലൂടെ 14 ജില്ലകളിലും ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ സ്ഥാപിച്ചിട്ടുണ്ട്. ദേശീയ-സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതികളും, മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ച് അതാത് ജില്ലകളിൽ ദുരന്ത നിവാരണ ആസൂത്രണം, ജില്ലാ ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കൽ, അടിയന്തിരഘട്ട പ്രവർത്തന ഏകോപനം, ദുരന്ത പ്രതികരണ കാര്യശേഷി വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന അവബോധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ, ദുരന്ത മുന്നറിയിപ്പ് സംവിധാനം സ്ഥാപിച്ച് പരിപാലിക്കൽ, പൊതുജനങ്ങൾക്ക് ദുരന്ത മുന്നറിയിപ്പ് എത്തിക്കുക, തദ്ദേശ സ്ഥാപനങ്ങൾക്കും, വിവിധ

വകുപ്പുകൾക്കും ദുരന്ത ലഘൂകരണത്തിന് ആവശ്യമായ നിർദ്ദേശം നൽകൽ എന്നിവ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളിൽ നിക്ഷിപ്തമായ കർത്തവ്യമാണ്. ജില്ലാ തലത്തിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ, പോലീസ്, റവന്യു, അഗ്നി സുരക്ഷ എന്നീ വകുപ്പുകളുടെ ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രം 24 മണിക്കൂറും പ്രവർത്തിക്കുന്നു. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ഘടന ചുവടെ ചേർക്കുന്നു.

| | |
|---|---|
| ജില്ലാ കളക്ടർ | അധ്യക്ഷൻ (എക്സ്-ഒഫിഷ്യോ) (Chairman) |
| ജില്ലാ പഞ്ചായത്ത് അദ്ധ്യക്ഷൻ | സഹ-അദ്ധ്യക്ഷൻ (എക്സ്-ഒഫിഷ്യോ) (Co-Chairman) |
| ഡെപ്യൂട്ടി കളക്ടർ, ദുരന്ത നിവാരണം (തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ)/ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് (കൊല്ലം, കോട്ടയം, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ്) | മുഖ്യ ഭരണനിർവ്വാഹകൻ (എക്സ്-ഒഫിഷ്യോ) (Chief Executive Officer) |
| ജില്ലാ പോലീസ് മേധാവി | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| ജില്ലാ മെഡിക്കൽ ഓഫീസർ | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| ജില്ലാ അഗ്നി സുരക്ഷാ ഓഫീസർ | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| ഒരു ജില്ലാ തല ഉദ്യോഗസ്ഥൻ അംഗം [(എക്സ്-ഒഫിഷ്യോ) (Member)] | തിരുവനന്തപുരം - എക്സിക്യൂട്ടീവ് എഞ്ചിനീയർ, മേജർ ജലസേചനം |
| | പത്തനംതിട്ട, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ - പ്രിൻസിപ്പൽ കൃഷി ഓഫീസർ |
| | കൊല്ലം, ആലപ്പുഴ, കാസർഗോഡ് - ഡെപ്യൂട്ടി ഡയറക്ടർ ഫിഷറീസ് |
| | കോട്ടയം - ജില്ലാ സപ്ലൈ ഓഫീസർ |
| | ഇടുക്കി, തൃശൂർ - എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതു മരാമത്ത് |
| | പാലക്കാട് - എക്സിക്യൂട്ടീവ് എഞ്ചിനീയർ, മലമ്പുഴ |
| | എറണാകുളം – റവന്യു ഡിവിഷണൽ ഓഫീസർ, ഫോർട്ട് കൊച്ചി |

## Contents

1. പ്രവർത്തനങ്ങൾ ..... 14

1.1 കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവ്വഹണ സമിതി (SEC) യോഗം ..... 14

1.2 തദ്ദേശസ്ഥാപനതല ദുരന്ത നിവാരണ പദ്ധതി - പരിശീലന പരിപാടികൾ 14

1.3 LSG DM പ്ലാൻ കോർഡിനേറ്റർമാർക്കുള്ള സെക്ടറൽ ഇൻപുട്ട് പരിശീലനം 14

1.4 സ്കൂൾ സുരക്ഷ ക്യാമ്പയിൻ (School Safety Campaign) – 2020 ..... 15

1.5 സ്കൂൾ സുരക്ഷ – KSDMA & UNICEF ..... 16

1.6 സംസ്ഥാനതല സമഗ്ര സ്കൂൾ സുരക്ഷ യോഗം ..... 17

1.7 നമ്മൾ നമ്മുക്കായി' പരിപാടിയുടെ ഭാഗമായി ടെക്നിക്കൽ സ്റ്റേക്ക്ഹോൾഡർ കൺസൾട്ടേഷൻ ..... 18

1.8 സുരക്ഷിത കേരളം - ട്രാൻസ്ജിൻഡർ സുഹൃത്തുക്കൾക്കായി ദുരന്തനിവാരണ പരിശീലന പരിപാടി ..... 19

1.9 കോവിഡ് 19 & ദുരന്ത നിവാരണം തയ്യാറെടുപ്പ് 2020 - സ്പീച്ച്, ഹിയറിംഗ് ഇംപയേർഡ് ..... 20

1.10 ഇന്റർ ഏജൻസി ഗ്രൂപ്പിനായുള്ള വെബിനാറിന്റെ റിപ്പോർട്ട് 'കോവിഡ് 19 & ദുരന്ത തയ്യാറെടുപ്പ് 20' ..... 21

1.11 കോവിഡ് 19 & ദുരന്ത മുന്നൊരുക്കങ്ങൾ - പ്രത്യേക ആവശ്യങ്ങളുള്ള സമൂഹത്തിനെ അഭിസംബോധന ചെയ്യൽ ..... 21

1.12 സാമൂഹിക സന്നദ്ധ സേവനത്തെക്കുറിച്ച് - ആപ്ത മിത്ര വോളൻടീയർമാർക്കായുള്ള വെബിനാർ ..... 22

1.13 കോവിഡ് 19 & ദുരന്ത മുന്നൊരുക്കങ്ങൾ - പ്രത്യേക ആവശ്യങ്ങളുള്ള സമൂഹത്തിനെ അഭിസംബോധന ചെയ്യൽ ..... 23

1.14 സംസ്ഥാന ജില്ലാ തലത്തിൽ ഇന്റർ ഏജൻസി ഗ്രൂപ്പുകൾക്കായിയുള്ള ദുരന്ത സാധ്യത കുറയ്ക്കുന്നതിനും കാലാവസ്ഥാ വ്യതിയാന അനുരൂപീകരണത്തിനായിയുള്ള ശിൽപശാല ..... 24

1.15 പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ - സന്നദ്ധ സംഘടനകളുടെ പങ്കാളിത്തം ..... 25

1.16 കോവിഡ് 19 ഭാഗമായി ഇന്റർ ഏജൻസി ഗ്രൂപ്പ് (IAG) നടത്തിയ നടപടികൾ 26

1.17 ഇന്റർ ഏജൻസി ഗ്രൂപ്പ് അംഗങ്ങൾക്കുള്ള ഏകദിന പരിശീലനം ..... 27

1.18 ഓറഞ്ച് ബുക്ക് ഓഫ് ഡിസാസ്റ്റർ മാനേജ്മെൻറ് 2 (കാലവർഷ-തുലാവർഷ മുന്നൊരുക്ക ദുരന്ത പ്രതികരണ മാർഗരേഖ) ..... 27

1.19 ഇൻസിഡന്റ് റെസ്പോൺസ് സിസ്റ്റം ഓൺലൈൻ പരിശീലനം – കോട്ടയം 28

1.20 ഇൻസിഡന്റ് റെസ്പോൺസ് സിസ്റ്റം ഓൺലൈൻ പരിശീലനം – കോട്ടയം 29

1.21 മഴക്കാല മുന്നൊരുക്ക പരിശീലനം ... 30

1.22 ഉഷ്ണകാല ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ ... 30

1.23 ദുരന്ത നിവാരണ പ്ലാനുകൾ തയ്യാറാക്കൽ ... 32

1.24 ആപ്ദ മിത്ര സന്നദ്ധ പ്രവർത്തകരുടെ കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾ ... 32

1.25 ഭിന്നശേഷി സംയോജിത ദുരന്ത ലഘൂകരണ പദ്ധതിയുടെ ഭാഗമായിയുള്ള ഓൺലൈൻ പരിശീലനം ... 33

1.26 കോവിഡ് 19 അക്കാദമി കേരളയുടെ വെബിനാർ സീരീസ് – ഒന്നാം ഘട്ടം 34

1.27 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണം ... 34

1.28 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണം പരിശീലന പരിപാടി - ആലപ്പുഴ ജില്ല ... 35

1.29 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണം പരിശീലന പരിപാടി - ഇടുക്കി ജില്ല 36

1.30 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണം പരിശീലന പരിപാടി - എറണാകുളം ജില്ല ... 36

1.31 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണം പരിശീലന പരിപാടി – തൃശ്ശൂർ ജില്ല 37

1.32 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണം പരിശീലന പരിപാടി – പാലക്കാട് ജില്ല ... 38

1.33 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണം പരിശീലന പരിപാടി – കോഴിക്കോട് ജില്ല ... 39

1.34 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണം പരിശീലന പരിപാടി – കോട്ടയം ജില്ല ... 39

1.35 ഇന്ത്യ ഡിസാസ്റ്റർ റിസോഴ്സ് നെറ്റ്‌വർക്കിനെക്കുറിച്ചുള്ള പരിശീലനം 40

1.36 ട്രാൻസ്ജെൻഡേർസ്സായിയുള്ള ദുരന്തസാധ്യത ലഘൂകരണ പദ്ധതി . 40

1.37 കോവിഡ്-19 മഹാമാരിയിൽ കമ്മ്യൂണിറ്റി റേഡിയോയുടെ പ്രാധാന്യം 41

1.38 സാങ്കൽപ്പിക ഉദ്യോഗസ്ഥ ശ്രേണി (Virtual Cadre) ഉദ്യോഗസ്ഥർക്കുള്ള പരിശീലനം ... 42

1.39 ഉദ്യോഗസ്ഥർക്കുള്ള പരിശീലനം (Virtual Cadre) ... 43

1.40 കേരള വനം വകുപ്പിലെ ജീവനക്കാർക്കുള്ള ത്രിദിന പരിശീലനം ... 43

1.41 അന്താരാഷ്ട്ര വനിതാ ദിനം 2021 ... 44

1.42 സംസ്ഥാനതല ഉഷ്ണകാല ദുരന്ത ലഘൂകരണ ദ്വിദിന പരിശീലന പരിപാടി 44

1.43 കോവിഡ് 19 മഹാമാരി - സാമൂഹിക വെല്ലുവിളികൾ.......................... 46
1.44 കോട്ടയം - ആധുനിക സൗകര്യങ്ങളോടെ ജില്ലാ എമർജൻസി ഓപ്പറേഷൻസ് സെന്റർ.......................... 46
1.45 ദേശീയ ദുരന്ത പ്രതികരണ സേനയുടെ മൺസൂൺ കാല മുന്നൊരുക്ക വിന്യാസം.......................... 47
1.46 ബഹു: റവന്യൂ-ദുരന്ത നിവാരണ വകുപ്പ് മന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ സംസ്ഥാനത്തിന്റെ 2020 ഓറഞ്ച് ബുക്ക് - കാലവർഷ-തുലാവർഷ മുന്നൊരുക്ക, ദുരന്ത പ്രതികരണ മാർഗ്ഗരേഖ പ്രകാശനം ചെയ്തു.......................... 47
1.47 ആപത മിത്ര – കോട്ടയം - ഡെങ്കിപ്പനി പ്രതിരോധം.......................... 48
1.48 ആലപ്പുഴ തോട്ടപ്പള്ളിയിലെ പ്രളയ നിയന്ത്രണ നടപടി.......................... 49
1.49 കാലാവസ്ഥ പ്രവചനത്തിനായി കേന്ദ്ര കാലാവസ്ഥ വകുപ്പിനോടൊപ്പം ഈ രംഗത്ത് പ്രവർത്തിക്കുന്ന മറ്റ് സ്വകാര്യ സ്ഥാപനങ്ങളെയും പരിഗണിക്കാനുള്ള തീരുമാനം.......................... 50
1.50 ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി - ആലപ്പുഴ - ദുരിതാശ്വാസ അഭയകേന്ദ്രം ഉദ്ഘാടനം.......................... 54
1.51 കേരളത്തിൽ കേന്ദ്ര കാലാവസ്ഥ വകുപ്പിൻറെ 15 ഓട്ടോമാറ്റിക്ക് കാലാവസ്ഥ മാപിനികൾ (Automatic Weather Station) സ്ഥാപിച്ചു.......................... 55
1.52 എമർജൻസി കിറ്റിനെ കുറിച്ചുള്ള ലഘുലേഖ.......................... 57
1.53 ഭിന്നശേഷി സംയോജിത ദുരന്ത ലഘൂകരണം - ആംഗ്യഭാഷയിലുള്ള വിഡിയോകൾ.......................... 57
1.54 കോവിഡ്-19 അക്കാദമി.......................... 58
1.55 NSS സന്നദ്ധ പ്രവർത്തകർക്കായി 'ദുരന്ത നിവാരണം'.......................... 58
1.56 ദുരന്ത നിവാരണ നിയമം - വെബിനാർ.......................... 59
1.57 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം – എറണാകുളം - കരുതൽ കാലം59
1.58 ദുരന്ത നിവാരണം കേരളത്തിലെ 50 പ്രധാന പദ്ധതികളിൽ.......................... 60
1.59 കോഴിക്കോട് - സിവിൽ ഡിഫൻസ് വളണ്ടിയർമാർക്ക് ദുരന്തനിവാരണ പരിശീലന പരിപാടി.......................... 62
1.60 എറണാകുളം - ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും ഭാരത് പെട്രോളിയം കോർപറേഷൻ ലിമിറ്റഡും സംയുക്തമായി മോക് ഡ്രിൽ.......................... 62
സാമ്പത്തിക വിനിയോഗം 2020-2021.......................... 64
ഉപസംഹാരം.......................... 66

# 1. പ്രവർത്തനങ്ങൾ

## 1.1 കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവ്വഹണ സമിതി (SEC) യോഗം

2020-21 സാമ്പത്തിക വർഷത്തിൽ 19-4-2020, 25-4-2020, 30-4-2020, 6-5-2020, 18-5-2020, 27-5-2020, 29-6-2020, 8-7-2020, 9-7-2020, 13-8-2020, 8-10-2020, 1-12-2020 എന്നീ ദിവസങ്ങളിൽ സംസ്ഥാന കാര്യനിർവ്വഹണ സമിതി (SEC) യോഗം ചേർന്നിട്ടുണ്ട്.

## 1.2 തദ്ദേശസ്ഥാപനതല ദുരന്ത നിവാരണ പദ്ധതി - പരിശീലന പരിപാടികൾ

സംസ്ഥാന അടിയന്തരഘട്ട കാര്യ നിർവഹണ കേന്ദ്രം, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ദുരന്ത നിവാരണ വകുപ്പ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അടിമിനിസ്ട്രേഷൻ സംഘടിപ്പിച്ച LSG ദുരന്ത നിവാരണ പ്ലാൻ കോർഡിനെറ്റർ മാർക്ക് ഉള്ള ഓൺലൈൻ പരിപാടി 2020 സെപ്റ്റംബർ 22 മുതൽ 1 ഒക്ടോബർ 2020 നടത്തുകയുണ്ടായി. 9 ദിവസം നീണ്ടു നിന്ന പരിശീലനം പ്രധാനപ്പെട്ട ദുരന്തനിവാരണ മേഖലയുമായി വ്യത്യസ്ത വിഷയങ്ങൾ കൈകാര്യം ചെയ്തു. ബഹുമുഖ വിഷയങ്ങൾ പഠിച്ചവർ പുതിയതായി പങ്കെടിക്കുന്ന പരുപാടി ആയത്തിനാൽ ദുരന്ത നിവാരണ വിഷയങ്ങളിൽ വൃതസ്ത മേഖല വിദഗ്ദ്ധർ ഫലപ്രദമായ ക്ലാസ്സുകൾ നൽകി. ദുരന്തനിവാരണ മേഖലയുമായി വ്യത്യസ്ത വിഷയങ്ങൾ പരിചയപ്പെടുത്തുക എന്നതായിരുന്നു പരിശീലന പരിപാടിയുടെ ഉദ്ദേശ്യ ലക്ഷ്യം. മീറ്റിംഗ് ഓൺലൈൻ ആയാണ് നടന്നത്.




വിവിധ പരിശീലനം സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ട് https://sdma.kerala.gov.in/wp-content/uploads/2020/10/Training_report.pdf എന്ന ലിങ്ക് വഴി KSDMA വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## 1.3 LSG DM പ്ലാൻ കോർഡിനേറ്റർമാർക്കുള്ള സെക്ടറൽ ഇൻപുട്ട് പരിശീലനം

തദ്ദേശ സ്വയംഭരണ ദുരന്ത നിവാരണ പദ്ധതികളിൽ പറഞ്ഞിരിക്കുന്ന പദ്ധതികൾ നവീകരിക്കുന്നതിനും അത് അവലോകനം ചെയ്യുന്നതിനും DM പ്ലാൻ കോർഡിനേറ്റർമാർക്ക് സെക്ടറൽ ഇൻപുട്ട് ട്രെയിനിങ് 2021 ഫെബ്രുവരി 2-ന് ആരംഭിച്ച് ഫെബ്രുവരി 9-ന് അവസാനിച്ചു. എല്ലാ LSG DM പ്ലാൻ കോർഡിനേറ്റർമാർക്കും തദ്ദേശ സ്വയംഭരണ ദുരന്ത നിവാരണ പദ്ധതികളിൽ പറഞ്ഞിരിക്കുന്ന പദ്ധതികൾ അവലോകനം ചെയ്യാനും പരിഷ്കരിക്കാനുള്ള അറിവ്

വർധിപ്പിക്കാൻ സഹായിക്കുന്ന തരത്തിലാണ് സെക്ടറൽ ഇൻപുട്ട് സെഷനുകൾ ആസൂത്രണം ചെയ്തത്. ഇത് ഓരോ പ്രാദേശികടിസ്ഥാനത്തിലുള്ള അപകട സാധ്യത മനസ്സിലാക്കി LSG-കളോട് നിർദ്ദിഷ്ട മേഖല തിരിച്ചു പദ്ധതികൾ തിരിഞ്ഞെടുക്കാൻ സാധിക്കും. ഇത്തരത്തിൽ കൈകൊള്ളുന്ന പദ്ധതികൾ കൂടുതൽ ഫലപ്രദവും




മെച്ചപ്പെട്ട ദുരന്ത പ്രതിരോധവും പ്രതിരോധശേഷി ഉറപ്പാക്കാൻ കഴിയും. പരിശീലന പരുപാടിയിൽ ഉൾകൊള്ളിച്ച് എല്ലാ വിഷയങ്ങളും പ്ലാൻ കോർഡിനേറ്റർമാർക്ക് വളരെയധികം സഹായകമായിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനതല തയ്യാറെടുപ്പ്, ലഘൂകരണ പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് വിശദമായി മനസ്സിലാക്കാനും ഈ പരിശീലനം വഴി സാധിച്ചു.

കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2021/02/Sectoral-Training-Report.docx.pdf ഈ ലിങ്ക് പരിശോധിക്കുക.

## 1.4 സ്കൂൾ സുരക്ഷ ക്യാമ്പയിൻ (School Safety Campaign) – 2020

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി സംസ്ഥാന വ്യാപകമായി ബൃഹത്തായ സ്കൂൾ സുരക്ഷാ ക്യാമ്പയിൻ സംഘടിപ്പിക്കുകയുണ്ടായി. വിവിധ തലങ്ങളിലുള്ള പരിശീലനങ്ങളും പരിപാടികളും ഇതിനായി സംഘടിപ്പിച്ചു. കെഎസ്ഡിഎംഎയും പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റും ജോയിന്റ് ഡയറക്ടർ, സംസ്ഥാന പ്ലാനിംഗ് ഓഫീസർ,ഡെപ്യൂട്ടി ഡയറക്ടർ വിദ്യാഭ്യാസ വകുപ്പും സംസ്ഥാന പ്രോജക്ട് ഓഫീസറും UNICEF പ്രോഗ്രാം കോർഡിനേറ്ററും കോവിഡ് സാഹചര്യങ്ങൾക്കിടയിൽ ഭാവി വാർഷിക സ്കൂൾ സുരക്ഷാ പ്രവർത്തനങ്ങളെക്കുറിച്ച് 2020 ഓഗസ്റ്റ് 5-ന് സംഘടിപ്പിച്ചു. സ്കൂൾ സുരക്ഷ ഉറപ്പാക്കുന്നതിനായി എല്ലാ വിദ്യാലയങ്ങളിലും സ്കൂൾ സേഫ്റ്റി അഡ്വൈസറി കമ്മിറ്റി രൂപീകരിക്കണമെന്നും സ്കൂൾ ദുരന്ത നിവാരണ ആസൂത്രണ രേഖ (School Disaster Management Plan SDMP) തയ്യർക്കാനായി ഒരു സർക്കുലർ ഡെപ്യൂട്ടി ഡയറക്ടർ വിദ്യാഭ്യാസം വകുപ്പ് 2020 ജൂലൈ 23-ന് നിർദ്ദേശിച്ചിരുന്നു. ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, സ്കൂളുകൾ അവരുടെ സ്കൂൾ ദുരന്ത നിവാരണ ആസൂത്രണ രേഖ AEOS-ലേക്ക് സമർപ്പിച്ചു അവസാനം DDE-കളിൽ എത്തുന്നു. അതിനാൽ വകുപ്പുദ്യോഗസ്ഥരുടെ പ്രവർത്തനശേഷി വർധിപ്പിക്കുന്നത് വഴി വിദ്യാഭ്യാസ ജില്ലാ തലത്തിൽ സ്കൂൾ

സുരക്ഷാ പദ്ധതിയുടെ അംഗീകാര പ്രക്രിയ സുഗമാക്കാൻ വേണ്ടി ഒരു ഓൺലൈൻ പരിശീലന പരിപാടി 2020 ഓഗസ്റ്റ് 25-ന് രാവിലെ 10.00 മണിക്ക് നടത്തി. ഇതിൽ ഡി.ഇ.ഒ. അതത് ജില്ലകളിലെ ഡിഡിഇമാർ പങ്കെടുത്തു. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി ഡോ. ശേഖർ. എൽ കുര്യാക്കോസ് നെതർലാൻഡിലെ കുട്ടികളുടെ സുരക്ഷയുടെ അനുഭവങ്ങൾ പങ്കുവെക്കുകയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സ്കൂളുകളിൽ കുട്ടികൾക്കായി നടത്തേണ്ട പരിശീലനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാനും അഭിപ്രായപ്പെട്ടു. റവന്യൂ വകുപ്പിലെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി ഡോ കെ ബി വത്സലകുമാരി IAS (റിട്ട.) ലോകമെമ്പാടും വർദ്ധിച്ചുവരുന്ന ദുരന്ത സംഭവങ്ങളും കാലാവസ്ഥാ വ്യതിയാന ആഘാതങ്ങളും പശ്ചാത്തലത്തിൽ എല്ലാ സ്കൂളുകളും സുരക്ഷിതമാക്കുന്നതിന് ഒരു കുട്ടിയെപ്പോലെ ചിന്തിക്കേണ്ടതിന്റെ അനിവാര്യതയെക്കുറിച്ച് പറഞ്ഞു കൊണ്ട് വെബിനാർ ഉദ്ഘാടനം ചെയ്തു. 86 പേർ പങ്കെടുത്തു വെബിനാർ ഉച്ചയ്ക്ക് 12.10ഓടെ സമാപിച്ചു.



**കൂടുതൽ വിവരങ്ങൾക്കായി** https://sdma.kerala.gov.in/wp-content/uploads/2020/11/Report-Webinar-on-school-safety-25.08.2020-Copy.pdf **ഈ ലിങ്ക് പരിശോധിക്കുക.**

## 1.5 സ്കൂൾ സുരക്ഷ – KSDMA & UNICEF

സംസ്ഥാന വ്യാപകമായി സ്കൂളുകൾ തിരഞ്ഞെടുത്ത് വിവിധ തലത്തിലുള്ള പരിശീലനം നൽകി സ്കൂൾ സുരക്ഷാ പദ്ധതി നടപ്പിലാക്കാൻ UNCEF മായി KSDMA കൈകോർത്തു. വിദ്യഭ്യാസ വകുപ്പുമായി സഹകരിച്ചു നടത്തിയ പരിപാടിയിൽ ഓരോ ജില്ലയിലും ഇതിനായി പ്രത്യേകം പരിശീലനങ്ങൾ സംഘടിപ്പിച്ചിരുന്നു.



ജില്ലാടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച് നടത്തിയ പരിപാടികളുടെ റിപ്പോർട്ടുകൾ താഴെ നൽകുന്നു.

- ആലപ്പുഴ, എറണാകുളം -2020 ഫെബ്രുവരി 1-https://sdma.kerala.gov.in/wp-content/uploads/2020/12/3.CSSP-Kollam-Alappuzha-Ernakulam-1st-Feb-2020.pdf
- കോഴിക്കോട്, വയനാട്-2020 ഫെബ്രുവരി 8- https://sdma.kerala.gov.in/wp-content/uploads/2020/12/6.CSSP-Kozhikkode-Wayanad-8th-Feb-2020.pdf
- മലപ്പുറം ജില്ല-2020 ഫെബ്രുവരി 8-https://sdma.kerala.gov.in/wp-content/uploads/2020/12/5.CSSP-Malappuram-8th-Feb-2020.pdf
- പാലക്കാട്, തൃശ്ശൂർ ജില്ല-2020 ഫെബ്രുവരി 8- https://sdma.kerala.gov.in/wp-content/uploads/2020/12/4.CSSP-Thrissur-Palakkad-8th-Feb-2020.pdf




## 1.6 സംസ്ഥാനതല സമഗ്ര സ്കൂൾ സുരക്ഷ യോഗം

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും മറ്റ് പങ്കാളികളും ഇതുവരെ ദുരന്ത നിവാരണത്തിനായി എടുത്ത പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും നിലവിലുള്ള പരിപാടികളിലെ പോരായ്മകൾ കണ്ടെത്തുന്നതിനും ഭാവി പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമായി ഒരു കൂടിയാലോചന യോഗം നടത്തി. 2020 മാർച്ച് 2 ന് തിരുവനന്തപുരം തമ്പാനൂരിലെ ഹോട്ടൽ സെൻട്രൽ റെസിഡൻസിയിൽ വച്ചാണ് യോഗം നടന്നത്.

കെഎസ്ഡിഎംഎ ചീഫ് മാനേജർ ശ്രീ. സിജി എം തങ്കച്ചൻ, വിശിഷ്ടാതിഥികളെയും പങ്കെടുത്തവരെയും സ്വാഗതം ചെയ്തു, തുടർന്ന് മുൻ പ്രിൻസിപ്പൽ സെക്രട്ടറിയും ദുരന്ത സാധ്യത ലഘൂകരണ കൺസൾട്ടന്റുമായ ഡോ. കെ ബി വത്സലകുമാരി ഐഎഎസ് ആമുഖ പ്രഭാഷണം നടത്തി. തീവ്ര കാലാവസ്ഥ പ്രതിഭാസങ്ങളുടെയും ദുരന്തങ്ങളുടെയും സാഹചര്യത്തിൽ സ്കൂൾ സുരക്ഷാ പ്രവർത്തനങ്ങളുടെ പ്രാധാന്യത്തെ കുറിച്ചു ചൂണ്ടിക്കാട്ടി.

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി ഡോ. ശേഖർ എൽ. കുര്യാക്കോസ് യോഗം ഉദ്ഘാടനം ചെയ്തു. പതിറ്റാണ്ടുകൾക്ക് മുമ്പ് വിദ്യാഭ്യാസ നിയമങ്ങളിൽ സുരക്ഷിത സ്കൂൾ പദ്ധതി ഉൾപ്പെടുത്തിയ കേരളത്തിന്റെ പാരമ്പര്യത്തെയും സുരക്ഷിത സ്കൂളുകളുടെ ലക്ഷ്യം മുന്നോട്ട് കൊണ്ടുപോകേണ്ടതിന്റെ ആവശ്യകതയെയും അദ്ദേഹം വിവരിച്ചു.

സ്കൂളുകളിൽ സുരക്ഷാ സംസ്കാരം വളർത്തുന്നതിനായി കെഎസ്ഡിഎംഎ ആരംഭിച്ച പ്രവർത്തനങ്ങളും ഈ പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിയിൽ ഉദ്യോഗസ്ഥരുടെ പങ്കാളിതത്തിന്റെ പ്രാധാന്യവും അദ്ദേഹം വിശദീകരിച്ചു.




കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2020/12/8.SSP-State-Level-Consultation-Report-2nd-March-2020.pdf ഈ ലിങ്ക് പരിശോധിക്കുക.

## 1.7 നമ്മൾ നമ്മുക്കായി' പരിപാടിയുടെ ഭാഗമായി ടെക്നിക്കൽ സ്റ്റേക്ക്ഹോൾഡർ കൺസൾട്ടേഷൻ

കേരളീയരുടെ ഓർമ്മയിലെ ഏറ്റവും അപകടകരമായ കാലാവസ്ഥാ സംഭവങ്ങളാണ് 2018, 2019-ലെ കേരളത്തിലുണ്ടായ വെള്ളപ്പൊക്കം. വെള്ളപ്പൊക്കവും തന്മൂലം ഉണ്ടായിട്ടുള്ള മണ്ണിടിച്ചിലും വലിയ നാശനഷ്ടങ്ങൾ (ഉദാ: ജീവഹാനി സംഭവിച്ചവർ, ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ടവർ, സ്വത്തു നഷ്ടപ്പെട്ടവർ) കേരളത്തിൽ ഉണ്ടായിട്ടുണ്ട്. ഈ മഹാ ദുരന്തത്തിന്റെ ആഘാത തീവ്രതയിൽ, ജനങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ ഘടനയ്ക്ക് വൻ തോതിൽ ക്ഷതം സംഭവിക്കുകയും ചെയ്തു.

സംസ്ഥാന ദുരന്ത നിവാരണ പദ്ധതിയിൽ കേരളം അതീവ അപകടസാധ്യതയുള്ളതായും ഭാവിയിലെ അതിശക്തമായ മഴയും വെള്ളപ്പൊക്കവും ഉണ്ടായേക്കാൻ സാധ്യത ഉള്ളതിനാൽ ദുരന്ത പ്രതിരോധശേഷി വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ചും വ്യകതമാക്കിയിട്ടുണ്ട്.

2020 ജനുവരി 29, 30 തീയതികളിൽ റീബിൽഡ് കേരള ഇനിഷ്യേറ്റിവ് ആതിഥേയത്വം വഹിക്കുന്ന സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സഹകരണത്തോടെ നടന്ന സാങ്കേതിക സെഷനിൽ സാങ്കേതിക ഏജൻസികൾ/വിദഗ്ദ്ധറുമായിയുള്ള ഇടപഴകലിന്റെ ആദ്യ ഘട്ടം മാസ്കറ്റ് ഹോട്ടലിലെ സിംഫണി ഹാൾ വെച്ച് നടന്നു. ഡോ വേണു വി IAS, CEO, റീബിൽഡ് കേരള

ഇനിഷ്യേറ്റിവിന്റെ ഉദ്ഘാടന പ്രസംഗത്തോടെയാണ് ആമുഖ സെഷൻ ആരംഭിച്ചത്. തുടർന്ന് പരുപാടിയുടെ വിശദമായ നിർദ്ദേശം മെമ്പർ സെക്രട്ടറി ഡോ.ശേഖർ എൽ.കുര്യാക്കോസ് നൽകി.

കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2020/10/RKI-report_Technical-Stakeholders-Consultation_for-PDF-for-Website.pdf ഈ ലിങ്ക് പരിശോധിക്കുക.

## 1.8 സുരക്ഷിത കേരളം - ട്രാൻസ്ജിൻഡർ സുഹൃത്തുക്കൾക്കായി ദുരന്തനിവാരണ പരിശീലന പരിപാടി





മലപ്പുറം ജില്ലാ ദുരന്തനിവാരണ അതോറിറ്റി ദുരന്തനിവാരണ പ്രവർത്തനങ്ങളുടെ എല്ലാ മൂല്യങ്ങളും ഉൾക്കൊണ്ടുകൊണ്ട് സാമൂഹികാധിഷ്ഠിത ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് ജില്ലയിലെ ട്രാൻസ് ജിൻഡർ സുഹൃത്തുക്കളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു പരിശീലനപരിപാടി സംഘടിപ്പിച്ചു.

മലപ്പുറം ജില്ലാ ദുരന്തനിവാരണ അതോറിറ്റി 2020 മാർച്ച് 5 ആം തീയ്യതി ജില്ലയിലെ ട്രാൻസ്ജിൻഡർ സുഹൃത്തുക്കൾക്കായി ദുരന്തനിവാരണത്തിൽ പരിശീലനപരിപാടി സംഘടിപ്പിക്കുകയുണ്ടായി. ദുരന്തങ്ങൾ എല്ലാവരെയും ബാധിക്കുന്നത് ഒരേ രീതിയിലാണെന്ന ബോധ്യത്തിലൂടെയും പൊതുജനങ്ങളുടെ കൂടെ ചേർന്ന് കൊണ്ട് തന്നെ ദുരന്തനിവാരണ പ്രവർത്തനങ്ങളുടെ മുഖ്യധാരയിലേക്ക് കൊണ്ടുവരണമെന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് ഇത്തരത്തിലൊരു പരിപാടി ആസൂത്രണം ചെയ്തത്. 50 ഓളം പേർ പങ്കെടുത്തപരിപാടിയിൽ വളരെ ദുരന്തനിവാരണത്തിന്റെ നിലവിലെ സ്ഥിതിഗതികളും ഗവൺമെൻറ് സംവിധാനങ്ങളെകുറിച്ചും മലപ്പുറം ജില്ലാദുരന്തനിവാരണ അതോറിറ്റിയിലെ ഹസാർഡ് അനലിസ്റ്റ് അമൃത വിശദീകരിക്കുകയുണ്ടായി. തീപിടുത്തം ഗ്യാസ് അപകടം, എന്നീ നിത്യജീവിതത്തിലുണ്ടാകുന്ന അപകടങ്ങളിൽ എന്തൊക്കെ സുരക്ഷിതമാർഗങ്ങളാണ് കൈക്കൊള്ളേണ്ടതെന്ന ഡെമോൺസ്ട്രേഷൻ നിലമ്പൂർ ഫയർ ഓഫീസർ ശ്രീ ഗഫൂർ വിശദീകരിച്ചു. ഇതുകൂടാതെ ഫസ്റ്റ് എയ്ഡ്,

വെള്ളപ്പൊക്കസമയങ്ങളിൽ രക്ഷപ്പെടാനുള്ള ഉപകരണങ്ങളുടെ നിർമ്മാണം, വെള്ളത്തിൽ വീണുള്ള അപകടങ്ങൾ തുടങ്ങിയവയെ എങ്ങനെ നേരിടാം എന്നതും പരിശീലകർക്ക് പരിചയപ്പെടുത്തുകയുണ്ടായി. വിശദമായ ചർച്ചകളും സംശയദൂരീകരണങ്ങളും പരിപാടിയിൽ നടന്നു. പങ്കെടുത്ത എല്ലാ അംഗങ്ങൾക്കും ബഹു ജില്ലാകളക്ടർ ശ്രീ.ജാഫർ മാലിക് IAS സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2020/12/TG.pdf ഈ ലിങ്ക് പരിശോധിക്കുക.

## 1.9 കോവിഡ് 19 & ദുരന്ത നിവാരണം തയ്യാറെടുപ്പ് 2020 - സ്പീച്ച്, ഹിയറിംഗ് ഇംപയേർഡ്

KSDMA വെബിനാറിന്റെ ആറാമത്തെ സീരീസയ "കോവിഡ് 19 & ദുരന്ത നിവാരണം തയ്യാറാടുപ്പ് 2020 - സ്പീച്ച്, ഹിയറിംഗ് ഇംപയേർഡ് വ്യക്തികളെ അഭിസംബോധന ചെയ്തു. 11 സെപ്റ്റംബർ 2020ൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സഹകരണത്തോടെയാണ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് (NISH) ഈ പരിപാടി സംഘടിപ്പിച്ചത്. സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ & എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീമതി. ഷീബ ജോർജ്ജ് ഐ.എ.എസ് പരുപാടി ഉദ്ഘാടനം ചെയ്തത്. ഡോ.ശേഖർ എൽ.കുര്യാക്കോസ്, മെമ്പർ സെക്രട്ടറി കെ.എസ്.ഡി.എം.എ അധ്യക്ഷ പ്രസംഗം നൽകുകയും ചുവടെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ഉൾപ്പെടുത്താൻ നിർദ്ദേശിക്കുകയും ചെയ്തു.

1. KSDMAയുടെ വൈകല്യ അധിഷ്ഠിത ദുരന്ത നിവാരണ പദ്ധതി മുഖ്യധാരയിലേക്ക് കൊണ്ട് വരുക.
2. ദുരന്ത നിവാരണ നിയമത്തിന്റെ ഭാഗമായി വൈകല്യം അവകാശങ്ങൾ ഉൾപ്പെടുത്തുക.
3. ഹെൽപ്പ് ലൈൻ സൗകര്യത്തിനായി NISH സഹായത്തോടെ ആംഗ്യഭാഷ ലഭ്യമാക്കൽ.
4. ആംഗ്യഭാഷയുടെ അടിസ്ഥാന ഓൺലൈൻ ക്ലാസ് നൽകുക.
5. നിഷുമായി സഹകരിച്ച് അടിസ്ഥാന പ്രതികരണം നൽകുക.
6. സാമൂഹ്യനീതി വകുപ്പിലെ അംഗങ്ങളെ വെർചൽ കേഡറിൽ ഉൾപ്പെടുത്തുക.

കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2020/10/report_on_webinar_Speech-Hearing.pdf ഈ ലിങ്ക് പരിശോധിക്കുക

## 1.10 ഇന്റർ ഏജൻസി ഗ്രൂപ്പിനായുള്ള വെബിനാറിന്റെ റിപ്പോർട്ട് 'കോവിഡ് 19 & ദുരന്ത തയ്യാറെടുപ്പ് 20'

19ന് ഓഗസ്റ്റ് 2020 ഇന്റർ ഏജൻസി ഗ്രൂപ്പിനായുള്ള വെബിനാറിന്റെ 'കോവിഡ് 19 & ദുരന്ത തയ്യാറെടുപ്പ് 20' 03:00 pm മുതൽ 05:00 pm IST സൂം പ്ലാറ്റ്ഫോം വഴി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ദുരന്തസാധ്യത ലഘൂകരണമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അവതരിപ്പിക്കാനായി ആദ്യത്തേ വെബിനാർ സീരീസ് സംഘടിപ്പിച്ചു. വെബിനാറിൽ 130 അംഗങ്ങൾ പങ്കെടുത്തു. ഈ വെബിനാറിന്റെ ലക്ഷ്യം ദുരന്ത നിവരണവുമായി ബന്ധപ്പെട്ടു അറിവ് പ്രചരിപ്പിക്കുക, പ്രതികരണങ്ങൾ സ്വീകരിക്കുകയും കൂടെ അധിക വിവരങ്ങൾ ശേഖരിക്കുന്നത് വഴി KSDMAയുടെ ഭാവി പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനാണ്. വെബിനാർ പങ്കെടിക്കുന്നവരെ കുറുച്ചു കൂടുതൽ അറിയാനായി ചോദ്യങ്ങളോട് കൂടിയുള്ള വോട്ടെടുപ്പുകളും നടത്തി. രണ്ടാമതതായി ഓരോ അവതരണം കഴിയുമ്പോഴും ചോദ്യോത്തരങ്ങളും നടത്തി. ചാറ്റ് അടിസ്ഥാനമാക്കിയുള്ള ഫീഡ്ബാക്ക് ശേഖരണവും പങ്കെടുത്ത വ്യക്തികളിൽ നിന്നും ശേഖരിച്ചു. ഇന്റർ ഏജൻസി ഗ്രൂപ്പ് - കേരളയാണ് പരിപാടിയുടെ ആതിഥേയത്വം വഹിച്ചത്.

കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2020/10/Report-Webinar_KSDMA-IAG_1.pdf ഈ ലിങ്ക് പരിശോധിക്കുക.

## 1.11 കോവിഡ് 19 & ദുരന്ത മുന്നൊരുക്കങ്ങൾ - പ്രത്യേക ആവശ്യങ്ങളുള്ള സമൂഹത്തിനെ അഭിസംബോധന ചെയ്യൽ

കോവിഡ് 19 & ദുരന്ത മുന്നൊരുക്കത്തിന് ഭാഗമായി, KSDMA ദുരന്തനിവാരണ മുന്നൊരുക്കത്തെക്കുറിച്ച് വെബിനാറുകൾ സംഘടിപ്പിച്ചു. വെബിനാറിന്റെ ലക്ഷ്യം അറിവ് പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിലൂടെ അവരുടെ അഭിപ്രായം സ്വീകരിക്കുന്നതും ശേഖരിക്കുന്നതും വഴി ഈ മഹാമാരി സാഹചര്യത്തിൽ ദുരന്തത്തിന്റെ പ്രത്യാഘാതങ്ങൾ കുറയ്ക്കുന്നതിനും തയ്യാറാടുപ്പുകൾ സ്വീകരിക്കാനും സാധിക്കുന്നു.

വെബിനാറിന്റെ മൂന്നാം സീരീസയായ – "കോവിഡ് 19 & ഡിസാസ്റ്റർ തയ്യാറെടുപ്പ് 2020 – പ്രത്യേക ആവശ്യങ്ങളുള്ള കമ്മ്യൂണിറ്റികൾ (ബൗദ്ധിക വൈകല്യമുള്ളവർ)" അഭിസംബോധന ചെയ്യാനായി കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും എംജി യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റിയുമായി (IUCDS) സഹകരിച്ച്

2020 ഓഗസ്റ്റ് 24 ന് ഉച്ചകഴിഞ്ഞ് 2ന് ഡോ.ശേഖർ എൽ.കുര്യാക്കോസ്, മെമ്പർ സെക്രട്ടറി കെ.എസ്.ഡി.എം.എ അധ്യക്ഷ പ്രസംഗം നൽകി വെബിനാർ ഉദ്ഘാടനം ചെയ്തു.
ഡോ.പി.ടി.ബാബുരാജ് ഡയറക്ടർ IUCDS മുഖ്യപ്രഭാഷണം നടത്തുകയും എങ്ങനെ ദുരന്തസമയത്ത് ബൗദ്ധിക വൈകല്യമുള്ള സമൂഹങ്ങളെ അഭിസംബോധന ചെയ്യുക എന്നത്തിനെ കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. ദുരന്ത സമയത്ത് ബൗദ്ധിക വൈകല്യമുള്ളവരുടെ രക്ഷിതാക്കളിലും പരിപാലകരിലും ചെലുത്തുന്ന സമ്മർദ്ദത്തെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു.

കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2020/10/Webinar_Report_on_intellectual.pdf ഈ ലിങ്ക് പരിശോധിക്കുക.

## 1.12 സാമൂഹിക സന്നദ്ധ സേവനത്തെക്കുറിച്ച് - ആപ്ത മിത്ര വോളൻടീയർമാർക്കായുള്ള വെബിനാർ

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും കോട്ടയം ജില്ല ദുരന്ത നിവാരണ അതോറിറ്റിയും സംയുക്ത ആഭിമുഖ്യത്തിൽ കോട്ടയം ജില്ലയിലെ ആപ്ത മിത്ര വോളൻടീയർമ്മാർക്കായി 2020 ആഗസ്റ്റ് 26നു സാമൂഹിക സന്നദ്ധ സേവനത്തെക്കുറിച്ച് ഒരു വെബിനാർ സംഘടിപ്പിക്കുകയുണ്ടായി. വൈകുന്നേരം 6 മണിക്ക് ആരംഭിച്ച പരിപാടി ബഹു. കോട്ടയം ജില്ല ദുരന്ത നിവാരണ അതോറിറ്റി സി ഇ ഒ യും അഡി. ജില്ലാ മജിസ്ട്രേറ്റ് കൂടിയായ ശ്രീ. അനിൽ ഉമ്മൻ അവറുകൾ ഉദ്ഘാടനം നിർവ്വഹിച്ചു. കേരളത്തിലെ അറിയപ്പെടുന്ന സാമൂഹിക പ്രവർത്തകൻ ഫാദർ ഡേവിസ് ചിറമേൽ പ്രസ്തുത വിഷയത്തെ ആസ്പദമാക്കി സംസാരിച്ചു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പ്രോജക്റ്റ് ഓഫീസർ ശ്രീ. ജോ ജോൺ ജോർജ്ജ് ആപ്ത മിത്ര പദ്ധതിയെയും പ്രവർത്തനങ്ങളെയും കുറിച്ച് വിശദമായി സംസാരിച്ചു. കോട്ടയം ജില്ല ഫയർ ആൻഡ് റെസ്ക്യു ഓഫീസർ ശ്രീ. ഷിനോയി കെ ആർ പരിപാടിയെ അഭിസംബോധന ചെയ്തു സംസാരിച്ചു. 30 ഓളം ആപ്ത മിത്ര വോളൻടീയർമ്മാർ പ്രസ്തുത വെബിനാറിൽ പങ്കെടുത്തു.
ആപ്ത മിത്ര പ്രവർത്തകരെ കൂടാതെ കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ നിന്നും മറ്റ് സന്നദ്ധ പ്രവർത്തകർ പ്രസ്തുത പരിപാടിയിൽ പങ്കെടുത്തു. പരിപാടിയുടെ മോഡറേറ്ററായി ഹസാർഡ് അനലിസ്റ്റ് ശ്രീ. സി ജെ സത്യകുമാർ പ്രവർത്തിച്ചു. ഹസാർഡ് ആന്റ് റിസ്ക് അനലിസ്റ്റ് ശ്രീ. പ്രദീപ് ജി എസ് നന്ദി പ്രകാശിപ്പിച്ചു. വൈകുന്നേരം 7.30 യോട് കൂടി പ്രസ്തുത പരുപാടി അവസാനിച്ചു.

കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2020/10/report_-_Aapdamitra.pdf ഈ ലിങ്ക് പരിശോധിക്കുക.

## 1.13 കോവിഡ് 19 & ദുരന്ത മുന്നൊരുക്കങ്ങൾ - പ്രത്യേക ആവശ്യങ്ങളുള്ള സമൂഹത്തിനെ അഭിസംബോധന ചെയ്യൽ



20 ഓഗസ്റ്റ് 2020ന് "കോവിഡ് 19 & ദുരന്ത മുന്നൊരുക്കങ്ങളുടെ ഭാഗമായി, തണൽ പാലിയേറ്റീവ് & പാരാപ്ലീജിക് കെയർ സൊസൈറ്റി സഹകരണത്തോട് കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി വയോജനങ്ങൾക്കായിയും പക്ഷാഘാത സംഭവിച്ചുവർക്കായിയും വെബിനാർ സംഘടിപ്പിച്ചു. ഡോ. ശേഖർ എൽ കുര്യാക്കോസ് മെമ്പർ സെക്രട്ടറി കെ.എസ്.ഡി.എം.എ ഉദ്ഘാടന പ്രസംഗത്തോടെ 4.30ഓടെ വെബിനാർ ആരംഭിച്ചു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഭിന്നശേഷിക്കാർക്കായി നടപ്പാക്കിയ പ്രധാന പ്രവർത്തനങ്ങളെക്കുറിച്ച് അദ്ദേഹം വിശദീകരിച്ചു. ഇതിൽ ഒന്നാണ് ഭിന്നശേഷിക്കാർക്കായിയുള്ള ദുരന്ത സാധ്യത ലഘൂഖരണ പദ്ധതി (DiDRR) ഇതിന്റെ ഭാഗമായി കോട്ടയം ഐയുസിഡിഎസ് (IUCDS) ഭിന്നശേഷിക്കാർക്കായി പരിശീലനം നൽകി. ഇംഗ്ലീഷിലും ബ്രെയിലി ഭാഷയിലും കെഎസ്ഡിഎംഎ തയ്യാറാക്കിയ DiDRRന് UNൽ നിന്ന് പ്രത്യേക പ്രശംസ ലഭിച്ചു. ഭിന്നശേഷിക്കാരുടെ ജീവിതത്തിൽ മാറ്റങ്ങൾ കൊണ്ടുവരാൻ കഴിയുന്ന നൂതനാശയങ്ങൾ പുതിയ സാങ്കേതിക വിദ്യയുടെയും ആവശ്യകത ഈ അവസരത്തിൽ അദ്ദേഹം ചൂണ്ടിക്കാട്ടി. ശ്രീ ജോ ജോൺ ജോർജ്, സ്റ്റേറ്റ് പ്രൊജക്റ്റ് ഓഫീസർ DiDRR നയം നമ്മുടെ രാജ്യത്തിന് തന്നെ മാതൃകയാണെന്ന് അഭിപ്രായപ്പെട്ടു ഇതോടൊപ്പം ഈ പ്രവർത്തനങ്ങൾ ഒരു അവസാനമല്ലെന്നും ഇനിയും മെച്ചപ്പെടണം എന്നും കൂടി ചേർത്തു.

ശ്രീ ജോ ജോൺ ജോർജ്, സ്റ്റേറ്റ് പ്രോജക്ട് ഓഫീസർ, കെഎസ്ഡിഎംഎ വെബിനാർ മോഡറേറ്റ് ചെയ്തു. വെബിനാറിൽ 45 അംഗങ്ങളാണ് പങ്കെടുത്തത്. വെബിനാർ വിശിഷ്ട അതിഥികളായി വയോജന സംരക്ഷണം എന്ന വിഷയത്തിന്മേൽ UNDPയുടെ മുൻ സംസ്ഥാന കോർഡിനേറ്റർ ശ്രീമതി ആനി ജോർജ്ജ്, ലോക്കോമോട്ടർ ഡിസെബിലിറ്റി എന്ന വിഷയത്തിന്മേൽ സെക്രട്ടറി, കേരള വീൽചെയർ റൈറ്റ്സ് ഫെഡറേഷൻ ശ്രീ. രാജീവ് പള്ളുരുത്തി, പാലിയേറ്റീവ് കെയർ എന്ന വിഷയത്തിന്മേൽ

തണൽ പാലിയേറ്റീവ് കെയർ സൊസൈറ്റി ജനറൽ സെക്രട്ടറി കെ കെ ബഷീർ, എന്നിവർ വിശദമായി സംസാരിച്ചു.

## 1.14 സംസ്ഥാന ജില്ലാ തലത്തിൽ ഇന്റർ ഏജൻസി ഗ്രൂപ്പുകൾക്കായിയുള്ള ദുരന്ത സാധ്യത കുറയ്ക്കുന്നതിനും കാലാവസ്ഥാ വ്യതിയാന അനുരൂപീകരണത്തിനായിയുള്ള ശിൽപശാല

യുണിസെഫ്-കെഎസ്ഡിഎംഎ പങ്കാളിത്ത പദ്ധതിയിലൂടെ ദുരന്ത സാധ്യത ലഘൂകരണ ലക്ഷ്യങ്ങൾ വികസന ആസൂത്രണത്തിലൂടെ മുഖ്യധാരയിലേക്ക് കൊണ്ട് വെരുക എന്നതാണ് ഉദ്ദേശ്യ ലക്ഷ്യം. ഈ പദ്ധതി പങ്കാളിത്ത സ്വഭാവമുള്ളതിനാൽ നിർവ്വഹണ ഘട്ടങ്ങളിൽ വ്യത്യസ്ത പങ്കാളികളുടെ പങ്കാളിത്തം ഉറപ്പാക്കുകയും അവരുടെ അതിജീവനക്ഷമത ശക്തിപ്പെടുത്താനും സഹായിക്കുന്നു.

ഇന്ത്യയിലെ സംസ്ഥാന-ജില്ലാ തലങ്ങളിൽ ഉള്ള സ്റ്റേക്ക്ഹോൾഡർ കോർഡിനേഷൻ പ്ലാറ്റ്ഫോമാണ് ഇന്റർ ഏജൻസി ഗ്രൂപ്പ് (IAGs) അഥവാ സന്നദ്ധ സംഘടനകൾ. IAG യുടെ പ്രധാന ലക്ഷ്യം NGOs/INGOs/സർക്കാർ ഏജൻസികൾ തമ്മിലുള്ള പങ്കാളിത്തം അടിയന്തരാവസ്ഥയിലും സമാധാന സമയത്തിലും ഏകോപനം ഉറപ്പാക്കുക എന്നതാണ്. ഇതോടൊപ്പം സംസ്ഥാന ജില്ലാ തലങ്ങളിൽ അവർത്തന പ്രവർത്തനങ്ങൾ ഒഴിവാക്കുക, സമൂഹത്തിലെ അപകട കഷ്ടപ്പാടുകൾ തടയുക, വിവിധ ഏജൻസികൾക്ക് ഇടയിൽ സഹകരണവും ഏകോപനവും സുഗമമാക്കുക എന്നിവയാണ് IAGയുടെ മറ്റ് ലക്ഷ്യങ്ങൾ. ഓരോ സംസ്ഥാനങ്ങളിലും ഇന്റർ ഏജൻസി ഗ്രൂപ്പുകൾ സർക്കാർ-സർക്കാരിതിര, അക്കാദമിയ, മീഡിയ, മറ്റ് പ്രധാന സ്റ്റേക്ക്ഹോൾഡർ എന്നിവരുമായി ഇടപഴകുകയും സഹകരിക്കുകയും ചെയ്യുന്നു. KSDMA-SPHERE ഇന്ത്യ പങ്കാളിത്ത പദ്ധതിയുടെ കീഴിൽ, 2019-20 സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിൽ കേരളത്തിലെ 14 ജില്ലയിലും IAG ഒരു ഏകോപന ഫോറമായി രൂപീകരിച്ചിട്ടുണ്ട്. 395 NGOസംഘടനകളാണ് ഇന്റർ ഏജൻസി ഗ്രൂപ്പ് ഭാഗമായിട്ടുള്ളത്. നിലവിൽ IAGയെ ശക്തീകരിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവേരുകയാണ്. സംസ്ഥാന-ജില്ലാതല ഇന്റർ ഏജൻസി ഗ്രൂപ്പ് അംഗങ്ങൾക്കായിയുള്ള ഈ ഏകദിന പരിശീലന പരിപാടിയിലൂടെ DM-ന്റെ സ്ഥാപനപരമായ സംവിധാനം, വിവിധ ഏജൻസികളുടെ ഉത്തരവാദിത്തങ്ങൾ എന്നിവയെക്കുറിച്ച് വ്യക്തത നൽകാൻ ഉദ്ദേശിച്ചുള്ളതാണ്.

സംസ്ഥാന ജില്ലാ തലത്തിൽ ഇന്റർ ഏജൻസി ഗ്രൂപ്പുകൾക്കായിയുള്ള ദുരന്ത സാധ്യത കുറയ്ക്കുന്നതിനും കാലാവസ്ഥാ വ്യതിയാന അനുരൂപീകരണത്തിനായിയുള്ള ശിൽപശാല 2020 മാർച്ച് 07 ന് തിരുവനന്തപുരത്തെ ഹോട്ടൽ അപ്പോളോ ഡിമോറയിൽ വെച്ച് നടന്നു. യോഗത്തിൽ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി ഡോ.ശേഖർ എൽ കുര്യാക്കോസ്, ഡോ. കെ.ബി വത്സല കുമാരി, ഐഎഎസ് (റിട്ട). ജില്ലാ-സംസ്ഥാനതല ഐഎജി സംഘടനാ പ്രതിനിധികളും പങ്കെടുത്തു. സിജി എം. തങ്കച്ചൻ, ചീഫ് മാനേജർ, കെഎസ്ഡിഎംഎ, ജോ ജോൺ ജോർജ്ജ്, പ്രോഗ്രാംഓഫീസർ, കെഎസ്ഡിഎംഎ, ശ്രീ. പ്രദീപ് ജി.എസ്, എച്ച്ആർഎ, കെഎസ്ഡിഎംഎ, ഡോ. പ്രതീഷ് സി. മാമ്മൻ, യുണിസെഫ് ഇന്ത്യ, വിജീഷ്. പി, SPO, SPHERE ഇന്ത്യ എന്നിവരും ശിൽപശാല പങ്കെടുത്തു.

കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2020/10/Report-of-state-consultation-IAG-7032020.pdf ഈ ലിങ്ക് പരിശോധിക്കുക.





## 1.15 പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ - സന്നദ്ധ സംഘടനകളുടെ പങ്കാളിത്തം

സംസ്ഥാന തലത്തിൽ സന്നദ്ധ മേഖലയിലും ദുരന്ത നിവാരണ-ലഘൂകരണ മേഖലകളിലും പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുടെ ഏകോപന സംവിധാനമാണ് ഇന്റർ ഏജൻസി ഗ്രൂപ്പ് (IAG). ഓരോ സംഘടനയുടെയും വിവിധ സേവന മേഖലകളിലെ പ്രാവീണ്യം കണക്കിലെടുത്ത് ദുരന്ത പൂർവ്വ ദുരന്താനന്തര പ്രവർത്തനങ്ങളിൽ വിദഗ്ധ പരിശീലനം ലഭിച്ചതും, അല്ലാത്തതുമായ സന്നദ്ധ പ്രവർത്തകരുടെ സേവനം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയ്ക്ക് ഇന്റർ ഏജൻസി ഗ്രൂപ്പിലൂടെ ഉപയോഗപ്പെടുത്താവുന്നതാണ്.

കേരളത്തിലെ ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ ഇടപെടുന്ന സർക്കാരിതര സംഘടനകളുടെയും സിവിൽ സമൂഹ സംഘടനകളുടെയും മാനുഷിക പിന്തുണ പ്രശംസനീയമാണ്. വിവിധ സന്നദ്ധ ഏജൻസികൾ തമ്മിലുള്ള കൂട്ടായ്മ ശക്തിപ്പെടുത്തുന്നതിനായി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സാങ്കേതിക പിന്തുണയോടെ ഇന്റർ ഏജൻസി ഗ്രൂപ്പുകൾ (IAG) രൂപീകരിച്ചത്.

കോവിഡ്-19 മഹാമാരി സമയത്തെ IAGയുടെ കൂട്ടായ പരിശ്രമങ്ങൾ ദുരന്ത നിവാരണത്തിൽ ഏകോപനത്തിന്റെ പ്രാധാന്യം വ്യക്തമാക്കി. കെഎസ്ഡിഎംഎ - സ്ഫിയർ ഇന്ത്യ പങ്കാളിത്ത പരിപാടി പ്രകാരം, 2019-20 സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിൽ കേരളത്തിലെ എല്ലാ 14 ജില്ലകളിലും ഒരു ഏകോപന വേദിയായി ഐ.എ.ജി രൂപീകരിച്ചു. നിലവിൽ 395 സന്നദ്ധ സംഘടനകളും മറ്റ് സ്ഥാപനങ്ങളും ഐ.എ.ജിയുടെ ഭാഗമാണ്.

കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2022/07/SDMA_-Report_IAG-Covid-Response_-for-NDMA-11062020.pdf ഈ ലിങ്ക് പരിശോധിക്കുക.





## 1.16 കോവിഡ് 19 ഭാഗമായി ഇന്റർ ഏജൻസി ഗ്രൂപ്പ് (IAG) നടത്തിയ നടപടികൾ

2020 ജനുവരി 30ന് തൃശ്ശൂരിലാണ് കേരളത്തിലെ ആദ്യത്തെ കോവിഡ് -19 മഹാമാരി കേസ് സ്ഥിരീകരിച്ചത്. 45 ദിവസത്തിന് ശേഷം ആദ്യമായി 2020 മെയ് 1 ന് പുതിയ കേസുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ടായില്ല. മറ്റ് രാജ്യങ്ങളിൽ നിന്നും സംസ്ഥാനങ്ങളിൽ നിന്നും മലയാളികൾ തിരിച്ചെത്തിയതിനെ തുടർന്ന് മെയ് പകുതിയോടെയാണ് കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്ത് തുടങ്ങിയത്. 2020 മെയ് 28 വരെ, 526 പോസിറ്റീവ് കേസുകൾ ചികിത്സയിൽ ഉണ്ടായിരുന്നു. ഇതിൽ 515 (61.39%) പേർക്ക് രോഗം ഭേദമാകലും 5 മരണങ്ങളും (2020 മെയ് 28 വരെ) സംസ്ഥാനത്ത് ഉണ്ടായി. ഇന്ത്യയിൽ എല്ലാ സംസ്ഥാനങ്ങളെയും വെച്ച് നോക്കുമ്പോൾ ഏറ്റവും കുറഞ്ഞ മരണനിരക്ക് കേരളത്തിൽ (0.59%) ആയിരുന്നു. വൈറസിനെ നേരിടാൻ തയ്യാറാക്കേണ്ട പ്രാരംഭ നടപടി, പരിശോധനാ സൗകര്യങ്ങൾ, ഘടനാപരമായ കരാർ ട്രാക്കിംഗും കൗൺസിലിംഗും ശരിയായ ആശുപത്രിവാസവും സംസ്ഥാനത്തെ സഹായിച്ച നിരവധി നടപടികൾ സംസ്ഥാന സർക്കാരിനെ COVID-19 പ്രതിരോധ പ്രവത്തനങ്ങളിൽ കൈകാര്യം ചെയ്യുന്നതിൽ ഏറെ സഹായകരമായിരുന്നു. സന്നദ്ധപ്രവർത്തകരെ അണിനിരത്തുകയും NGO പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യാനായി IAG ജില്ലാ-സംസ്ഥാന തല നിരവധി അടിയന്തര യോഗങ്ങൾ കോവിഡ് 19 മുന്നൊരുക്കങ്ങളുടെ ഭാഗമായി സംഘടിപ്പിച്ചു. ഓരോ ജില്ലിയിൽ നടന്നിട്ടുള്ള IAG പ്രവത്തനങ്ങളുടെ വിവരങ്ങൾ ചുവടെ കൊടുത്തിരിക്കുന്ന റിപ്പോർട്ടിലുണ്ട്.

കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2020/12/Report_IAG-Covid-Response_-28.5.pdf ഈ ലിങ്ക് പരിശോധിക്കുക.

## 1.17 ഇന്ററർ ഏജൻസി ഗ്രൂപ്പ് അംഗങ്ങൾക്കുള്ള ഏകദിന പരിശീലനം

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസാസ്റ്റർ മാനേജ്മെന്ററിന്ററെ സഹകരണത്തോടെ ഇന്ത്യ ഡിസാസ്റ്റർ റിസോഴ്സ് നെറ്റ്വർക്ക് (IDRN)നെ കുറിച്ച് കേരളത്തിലെ ഇന്ററർ ഏജൻസി ഗ്രൂപ്പ് അംഗങ്ങൾക്കുള്ള ഏകദിന വെർച്വൽ ഓറിയന്റേഷൻ പരുപാടി 2021 മാർച്ച് 4 നു സംഘടിപ്പിച്ചു. ഓൺലൈൻ പരിശീലന പരിപാടിയിൽ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി ഉദ്യോഗസ്ഥർ, ഡിഡിഎംഎ ഉദ്യോഗസ്ഥർ, ഐഎജി അംഗങ്ങൾ എന്നിവർ പങ്കെടുത്തു. ആകെ 308 പേർ പരിശീലനത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് 3 മണിയോടെ പരിശീലനം ആരംഭിച്ചു.NIDM എക്സിക്യൂട്ടീവ് ഡയറക്ടർ മേജർ ജനറൽ മനോജ് കുമാർ ബിന്ദാൽ പങ്കെടുക്കുന്നവരെ സ്വാഗതം ചെയ്യുകയും IDRNനെ കുറിച്ചും IDRN ഉപയോഗിച്ച് എങ്ങനെ അടിയന്തര ഘട്ടങ്ങളിൽ ദുരന്തങ്ങളെ കൈകാര്യം ചെയ്യുന്നതിലെ പ്രാധാന്യത്തെ കുറിച്ചും അവരെ ബോധവന്മാരാക്കുക ചെയ്തു. പോർട്ടൽ പരിപാലിക്കുന്നതിൽ NIDMന്ററെ പങ്കിനെക്കുറിച്ച് അദ്ദേഹം വിശദീകരിച്ചു. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി സംഘടിപ്പിച്ച ഇന്ററർ ഏജൻസി ഗ്രൂപ്പുകൾക്കുള്ള ഈ പരിശീലനം പ്രവർത്തനത്തെ അദ്ദേഹം അഭിനന്ദിച്ചു. Sphere ഇന്ത്യ സ്റ്റേറ്റ് പ്രോജക്ട് ഓഫീസർ വിജീഷ് പി നന്ദി പ്രകാശനം ചെയ്തു. പരിശീലനം വൈകുന്നേരം 5.30ക്ക് അവസാനിച്ചു.




കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2021/03/Report-of-SHRC-2021.pdf ഈ ലിങ്ക് പരിശോധിക്കുക.

## 1.18 ഓറഞ്ച് ബുക്ക് ഓഫ് ഡിസാസ്റ്റർ മാനേജ്മെൻറ് 2 (കാലവർഷ-തുലാവർഷ മുന്നൊരുക്ക ദുരന്ത പ്രതികരണ മാർഗരേഖ)


2018 ലെ മഹാപ്രളയനാന്തരം പ്രളയാനുഭവങ്ങളുടെ കൂടി അടിസ്ഥാനത്തിൽ 2019ലെ മൺസൂൺ സീസണിന് മുന്നോടിയായുള്ള തയ്യാറെടുപ്പുകൾ കൂടുതൽ

മികവുറ്റതാക്കിയിരുന്നു. ഇതിൻറെ ഭാഗമായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾക്കും പൊതുജനങ്ങൾക്കും എല്ലാം ഉപയോഗിക്കാൻ സാധിക്കുന്ന രീതിയിൽ വിശദമായ മൺസൂൺ തയ്യാറെടുപ്പ്, പ്രതികരണ പ്രവർത്തന മാർഗ്ഗരേഖ പ്രസിദ്ധീകരിച്ചു. ഇത്തരത്തിൽ സമഗ്രമായ ഒരു മാർഗ രേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കപ്പെടുന്നത് രാജ്യത്ത് തന്നെ ആദ്യമാണ്.




കേന്ദ്ര കാലാവസ്ഥ വകുപ്പിൻറെ മൺസൂൺ പ്രവചനം, വിവിധ അന്തർദേശീയ-ദേശീയ ഏജൻസികളിലു നിന്നും സ്വകാര്യ ഏജൻസികളിൽ നിന്നും ലഭ്യമായ മഴ സാധ്യത പ്രവചനങ്ങൾ, പ്രതീക്ഷിക്കേണ്ട ദുരന്തങ്ങൾ, ഇവ സംബന്ധിച്ചുള്ള മുന്നറിയിപ്പുകൾ എവിടുന്ന് ലഭ്യമാകും, പ്രവചനങ്ങളെയും മുന്നറിയിപ്പുകളെയും മനസ്സിലാക്കേണ്ട വിധം, ന്യൂനമർദവും ചുഴലിക്കാറ്റും സംബന്ധിച്ച വിവരങ്ങൾ, വിവിധ വകുപ്പുകൾ സ്വീകരിക്കേണ്ട മുൻകരുതൽ നടപടികൾ, രക്ഷാസേനകൾക്കുള്ള നിർദേശങ്ങൾ, രക്ഷാപ്രവർത്തനത്തിനുള്ള മാർഗനിർദേശങ്ങൾ തുടങ്ങി ജൂൺ മുതൽ ഡിസംബർ വരെയുള്ള മൺസൂൺ സീസണിലെ ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് സംസ്ഥനത്ത് നടക്കേണ്ട പ്രവർത്തനങ്ങളുടെ വ്യക്തവും വിശദവുമായ മാർഗ്ഗരേഖയായിരുന്നു ഓറഞ്ച് ബുക്ക്.

## 1.19 ഇൻസിഡന്റ് റെസ്പോൺസ് സിസ്റ്റം ഓൺലൈൻ പരിശീലനം – കോട്ടയം




2020 മഴക്കാല മുന്നോരുക്കത്തിന്റെ ഭാഗമായി മൂന്ന് ദിവസത്തെ ഇൻസിഡന്റ് റെസ്പോൺസ് സിസ്റ്റം പരിശീലനം കോട്ടയം ജില്ലയിൽ വെച്ച് നടന്നു. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ദേശിയ ദുരന്ത നിവാരണ ഇൻസ്റ്റിറ്റ്യൂട്ട് (NIDM) കോട്ടയം ജില്ലാ ദുരന്ത നിവാരണ അതോറിറ്റി സംയുക്തമായാണ് പരിശീലനം സംഘടിപ്പിച്ചത്. 2020 ജൂൺ 11, 12, 15 തീയതികളിലാണ് പരിശീലനം നടന്നത്. 2020 മെയ് 25-ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പ്രസിദ്ധീകരിച്ച ദുരന്ത നിവാരണത്തെക്കുറിച്ചുള്ള ഓറഞ്ച് പുസ്തകത്തിൽ നിന്നുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് കോട്ടയം ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ജില്ലാ-താലൂക്ക് തല IRSനു 2020 ജൂൺ 4-ന് മുന്നറിയിപ്പ് നൽകി.

ആദ്യദിനത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി ഡോ.ശേഖർ എൽ.കുര്യാക്കോസ് പരിശീലനം ഉദ്ഘാടനം ചെയ്തു. IRSന്റെ പ്രാധാന്യത്തെക്കുറിച്ച് പരാമർശിക്കുകയും ഈ പരിശീലനത്തിലൂടെ IRSസുമായി ബന്ധപ്പെട്ട അടിസ്ഥാനപരമായ ആശയങ്ങൾ മനസിലാക്കാനും സാധിക്കും എന്ന് അദ്ദേഹം പറഞ്ഞു. കൂടാതെ, ചീഫ് മാനേജർ കെഎസ്ഡിഎംഎ, ശ്രീ സിജി എം തങ്കച്ചൻ IRSന്റെ ചരിത്രം, വിവിധ പ്രവർത്തനങ്ങൾ, എന്നിവയെക്കുറിച്ചുള്ള ഒരു സെഷൻ കൈകാര്യം ചെയ്തു. ശ്രീ ജോ ജോൺ ജോർജ്ജ് താലൂക്ക് തല ഐആർടിയെയും അതിന്റെ പ്രവർത്തനങ്ങളെയും കുറിച്ചുള്ള കാര്യങ്ങൾ ചർച്ച ചെയ്തു.

കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2020/11/IRS-Training-Kottayam-2020.pdf ഈ ലിങ്ക് പരിശോധിക്കുക.

## 1.20 ഇൻസിഡന്റ് റെസ്പോൺസ് സിസ്റ്റം ഓൺലൈൻ പരിശീലനം – കോട്ടയം

IRS-ന്റെ വിവിധ തത്ത്വങ്ങളും പ്രവർത്തനങ്ങളും മനസ്സിലാക്കാനും IRS ടീമിന്റെ റോളുകളും ഉത്തരവാദിത്തങ്ങളും വ്യക്തമാക്കാനും എല്ലാ ജില്ലകൾക്കും ഒരു പരിശീലനം അത്യന്താപേക്ഷിതമാണ്. കോവിഡിന്റെ അടിയന്തര സാഹചര്യം കണക്കിലെടുത്ത് കണ്ണൂർ ഒഴികെയുള്ള എല്ലാ ജില്ലകളിലും പരിശീലനത്തിൽ പങ്കെടുത്തു. എല്ലാ ദിവസവും ഉച്ചകഴിഞ്ഞ് 3 മുതൽ 6 വരെ മൂന്ന് ദിവസത്തേക്ക് സിസ്കോ വെബെക്സ് പ്ലാറ്റ്ഫോമിലായിരുന്നു സെഷനുകൾ സംഘടിപ്പിച്ചത്.




2020 ജൂലൈ 13-ന് കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി ഡോ. ശേഖർ എൽ. കുര്യാക്കോസ് പരിശീലനം ഉദ്ഘാടനം ചെയ്തു. IRS പരിശീലനം നിലവിലുള്ള ദുരന്ത പ്രതികരണ സംവിധാനത്തിന് മൂല്യം കൂട്ടുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. കേരള സംസ്ഥാനത്തിന് മുമ്പ് പ്രകൃതി ദുരന്തങ്ങളും മനുഷ്യ നിർമ്മിത ദുരന്തങ്ങളും നേരിട്ട അനുഭവമുണ്ട്. പുറ്റിങ്ങൽ അപകടം, ഓഖി ചുഴലിക്കാറ്റ്, വെള്ളപ്പൊക്കം, കൊവിഡ് 19 തുടങ്ങിയ ദുരന്തങ്ങൾ കേരളത്തിൽ വൻനാശനഷ്ടങ്ങൾ ഉണ്ടാകിയിട്ടുണ്ട്.

2020ലെ ഓറഞ്ച് ബുക്ക് ജില്ലകളോടും താലൂക്കുകളോടും IRS പ്രഖ്യാപിക്കാൻ നിർദ്ദേശിച്ചതിനാൽ, ഇതിനെ കുറിച്ച് ഒരു പരിശീലനം നടത്തേണ്ടത് വളരെ അത്യാവശ്യമായിരുന്നു. കോവിഡ്-19 സാഹചര്യം നിലനിൽക്കുന്നതിനാൽ വെർച്വൽ പ്ലാറ്റ്ഫോമിലാണ് പരിശീലനം നടത്തിയത്. എല്ലാ ഉദ്യോഗസ്ഥരും കോവിഡ് പ്രതികരണ പ്രവർത്തന തിരക്കിലായിരുന്നെങ്കിലും 13 ജില്ലകളിൽ (കണ്ണൂർ പങ്കെടുത്തില്ല) നിന്നായി 700-ലധികം പേർ പങ്കെടുത്തു. സെക്ഷൻ മേധാവികൾക്ക് പ്രത്യേകമായി ഓൺലൈൻ പരിശീലനം വെർച്വൽ പ്ലാറ്റ്ഫോമിൽ നടത്താനും ഡോ. ശേഖർ എൽ. കുര്യാക്കോസ് NIDMനോട് അഭ്യർത്ഥിച്ചു.

കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2020/11/IRS-TRAINING-REPORT-NIDMKSDMA-08082020.pdf ഈ ലിങ്ക് പരിശോധിക്കുക.

## 1.21 മഴക്കാല മുന്നൊരുക്ക പരിശീലനം

സാമൂഹിക സന്നദ്ധസേന ഡയറക്ടറേറ്റ് മഴക്കാല മുന്നൊരുക്കത്തിന്റെ ഭാഗമായി 2020 ഒക്ടോബർ 7 മുതൽ നവംബർ 4 വരെ ഓൺലൈൻ പരിശീലനം പരിപാടികൾ സംഘടിപ്പിച്ചു. 8 ഒക്ടോബർ മുതൽ 45 സെഷനുകളും നവംബർ 4 വരെ 6 സെഷനുകളും നടത്തിയിട്ടുണ്ട്. നാൾ ഇതുവരെ 217 ഓൺലൈൻ സെഷനുകളിലായി 8022 സന്നദ്ധപ്രവർത്തകർ പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട്.

കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2020/11/report-2-to-SPIU.pdf ഈ ലിങ്ക് പരിശോധിക്കുക.

## 1.22 ഉഷ്ണകാല ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ

2020ലെ വേനൽക്കാലമെത്തും മുന്നേ തന്നെ കേരളത്തിൽ റെക്കോർഡ് ചൂട് രേഖപ്പെടുത്തപ്പെടുന്ന സ്ഥിതിയാണ് ദൃശ്യമായത്. കേന്ദ്ര കാലാവസ്ഥ വകുപ്പിൻറെ താപമാപിനികളിൽ ചില ദിവസങ്ങളിൽ അതുവരെയുള്ള ചരിത്രത്തിലെ തന്നെ ഏറ്റവും ഉയർന്ന ദിനാന്തരീക്ഷ താപനില രേഖപ്പെടുത്തുന്ന സ്ഥിതിയാണ് ജനുവരിയിൽ തന്നെ ഉണ്ടായത്. ഫെബ്രുവരിയിലും ഉയർന്ന ചൂട് തുടരുകയും വിവിധ ജില്ലകളിൽ 37 ഡിഗ്രി സെൽഷ്യസിലധികം ദിനാന്തരീക്ഷ താപനില ഉയരുകയും പലയിടങ്ങളിലും 3 മുതൽ 4 ഡിഗ്രി സെൽഷ്യസ് വരെ താപനിലാ വ്യതിയാനം ദിനാന്തരീക്ഷ താപനിലയിലുണ്ടാവുകയും ചെയ്തു. 2020 മാർച്ച് 18 ന് മാർച്ച് 18, 19 തീയതികളിൽ കോഴിക്കോട് ജില്ലയിൽ ഉഷ്ണതരംഗ സാധ്യത മുന്നറിയിപ്പ് കേന്ദ്ര കാലാവസ്ഥ വകുപ്പ് പുറപ്പെടുവിച്ചു. 2016ന് ശേഷം ആദ്യമായിട്ടാണ് കേരളത്തിൽ

ഉഷ്ണതരംഗ സാധ്യത മുന്നറിയിപ്പ് പുറപ്പെടുവിക്കുന്നത്. എന്നാൽ പ്രസ്തുത ദിവസങ്ങളിൽ താപനില മാപിനികളിൽ കാലാവസ്ഥ വകുപ്പിന്റെ മാനദണ്ഡ പ്രകാരമുള്ള താപനില എത്താത്ത സാഹചര്യത്തിൽ ഔദ്യോഗികമായി ഉഷ്ണ തരംഗം കാലാവസ്ഥ വകുപ്പ് പ്രഖ്യാപിച്ചില്ല. കോവിഡ് മഹാമാരിയുടെ ഭാഗമായി സംസ്ഥാനം പൊതുവെ അതീവ ജാഗ്രത കാണിച്ചതിനാലും ലോക്ക്ഡൌൺ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കപ്പെട്ടിരുന്നതിനാലും ചൂട് മൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടത് മുൻ വർഷത്തെ അപേക്ഷിച്ചു വളരെ നാമമാത്രമായിരുന്നു.

**സ്വീകരിച്ച നടപടികൾ**

ജനുവരി-ഫെബ്രുവരി മാസങ്ങൾ മുതൽ തന്നെ താപനില മുന്നറിയിപ്പുകൾ, മുൻകരുതൽ നിർദേശങ്ങൾ എന്നിവ മാധ്യമങ്ങൾ, റേഡിയോ, സാമൂഹിക മാധ്യമങ്ങൾ തുടങ്ങി വിവിധ മാർഗങ്ങളിലൂടെ പ്രചരിപ്പിച്ചു. എല്ലാ ദിവസവും അടുത്ത 5 ദിവസത്തെക്കുള്ള താപനില മുന്നറിയിപ്പുകൾ സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം പ്രസിദ്ധീകരിച്ചു.

കേരള സംസ്ഥാന ഉഷ്ണകാല ദുരന്ത ലഘൂകരണ മാർഗരേഖ അഥവാ സംസ്ഥാന ഹീറ്റ് ആക്ഷൻ പ്ലാനിന്റെ കരട് ചർച്ച ചെയ്യുന്നതിനും വേനൽക്കാല തയ്യാറെടുപ്പുകൾ ആസൂത്രണം ചെയ്യുന്നതിനുമായി വിവിധ വകുപ്പ് പ്രതിനിധികളുമായുള്ള ആലോചന യോഗം 2020 മാർച്ച് 5 ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ വെച്ച് നടന്നു. വിവിധ വകുപ്പുകളെ പ്രതിനിധീകരിച്ച് 27 ഉദ്യോഗസ്ഥർ പങ്കെടുത്തു.

കേരള സംസ്ഥാന ഉഷ്ണകാല ദുരന്ത ലഘൂകരണ മാർഗരേഖയുടെ കരട് പൊതുജനാഭിപ്രായം ശേഖരിക്കുന്നതിനായി മാർച്ച് 16 മുതൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

2020 ജൂലൈ 9 ന് കേരള സംസ്ഥാന ഉഷ്ണകാല ദുരന്ത ലഘൂകരണ മാർഗരേഖ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിക്കുകയും 25-07-2020 ന് സ്റ്റേറ്റ് ആക്ഷൻ പ്ലാൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

മുഖ്യമന്ത്രിയുടെ കോവിഡ് കാല വാർത്താസമ്മേളനങ്ങളിൽ വർദ്ധിക്കുന്ന ചൂടിനെ നേരിടാൻ സ്വീകരിക്കേണ്ട മുൻകരുതൽ നടപടികൾ ഉൾപ്പെടുത്തി ബോധവൽക്കരണം നടത്തി.

റേഡിയോ, ടെലിവിഷൻ വാർത്താ ചാനലുകൾ എന്നിവ വഴി ബോധവൽക്കരണ ക്യാമ്പയിൻ സംഘടിപ്പിച്ചു.

## 1.23 ദുരന്ത നിവാരണ പ്ലാനുകൾ തയ്യാറാക്കൽ

ദുരന്ത നിവാരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള ഉപദേശക സമിതിയുടെ യോഗം ദുരന്തനിവാരണ പദ്ധതികളുടെയും സംസ്ഥാന നയങ്ങളുടെയും പുതുക്കൽ 2020 ഫെബ്രുവരി 05-ന് തിരുവനന്തപുരത്ത് ഹോട്ടൽ പ്രശാന്തിൽ വെച്ച് നടന്നു. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി ഡോ.ശേഖർ എൽ കുര്യാക്കോസ് യോഗത്തിലെ ഉദ്ഘാടന പ്രസംഗം നടത്തി.

തുടർന്ന് Sphere ഇന്ത്യ-കെഎസ്ഡിഎംഎ പങ്കാളിത്ത പദ്ധതിയെക്കുറിച്ച് വിവരിച്ചു. വിക്രാന്ത് മഹാജൻ CEO, Sphere ഇന്ത്യ നടന്നുകൊണ്ടിരിക്കുന്ന പദ്ധതിയുടെ സ്ഥിതിയെക്കുറിച്ചും അടുത്ത രണ്ട് മാസത്തെ പദ്ധതിയെക്കുറിച്ചും അവതരിപ്പിച്ചു. തുടർന്ന് ജില്ലാ ദുരന്ത നിവാരണ പദ്ധതി രേഖ പുതക്കലുമായി ബന്ധപ്പെട്ട ജില്ലാ കോർഡിനേറ്റർ വിശദീകരിച്ചു. കരട് പദ്ധതി രേഖയും അതിന്റെ പ്രക്രിയയും സംബന്ധിച്ച പാനൽ ചർച്ച നടന്നു.

കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2019/12/Advisory-committee-Feb-5-2020.pdf ഈ ലിങ്ക് പരിശോധിക്കുക.

## 1.24 ആപ്ദ മിത്ര സന്നദ്ധ പ്രവർത്തകരുടെ കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾ

കോവിഡ്-19 ഭാഗമായി മാർച്ച് 28ന് ആരംഭിച്ച ലോക്ക്ഡൗൺ മുതൽ പ്രതിരോധ പ്രവർത്തനങ്ങളിൽ ആപ്ദ മിത്ര സന്നദ്ധ പ്രവർത്തകർ വളരെ സജീവമായി ഏർപ്പെട്ടിരുന്നു. ഫയർഫോഴ്സ്, പോലീസ്, ആരോഗ്യ വകുപ്പ്, ഗ്രാമപഞ്ചായത്തിനും മറ്റ് സാധാരണക്കാർക്കും വേണ്ടി ഇവർ പ്രതിരോധ പ്രവർത്തനങ്ങൾക്കായി ധാരാളം സേവനങ്ങൾ നൽകി. കോട്ടയം ജില്ലയിലാണ് ആപ്ദ മിത്ര സന്നദ്ധ പ്രവർത്തകർ പ്രവർത്തിക്കുന്നത്.




കാഞ്ഞിരപ്പള്ളി, കടുത്തുരുത്തി, ചങ്ങനാശ്ശേരി, പാലാ, കോട്ടയം എന്നീ യൂണിറ്റികളിൽ നടന്ന പ്രധാന പരുപാടികളായ മരുന്നുകൾ, അന്യ സംസ്ഥാന തൊഴിലാളികൾക്ക് ഭക്ഷണം വിതരണം, അന്യ സംസ്ഥാന തൊഴിലാളികൾക്കുള്ള മെഡിക്കൽ പരിശോധനകൾ, പ്രായമായവർക്കുള്ള ആരോഗ്യ സഹായം അന്യ

സംസ്ഥാന തൊഴിലാളികളുടെ മടക്കയാത്ര, രക്ത ദാനം തുടങ്ങിയ പ്രവർത്തനങ്ങൾ കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ആപ്ദ മിത്ര സന്നദ്ധ പ്രവർത്തകർ ജൂലൈ 20 വരെ നടത്തിയത്.

കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2020/11/Covid-report-of-Aapda-mitra-08072020.pdf ഈ ലിങ്ക് പരിശോധിക്കുക.

## 1.25 ഭിന്നശേഷി സംയോജിത ദുരന്ത ലഘൂകരണ പദ്ധതിയുടെ ഭാഗമായിയുള്ള ഓൺലൈൻ പരിശീലനം

പരിമിതിയുള്ളവരുടെ രക്ഷിതാക്കൾക്കും പരിചാരകർക്കുമായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മൂന്ന് ദിവസത്തെ ഓൺലൈൻ പരിശീലനം 2020 ഒക്ടോബർ 6 മുതൽ 8 വരെ വൈകീട്ട് 4 മണിക്ക് സിസ്കോ വെബ്ക്സ് എന്ന ഓൺലൈൻ മാധ്യമത്തിലൂടെ പരിശീലനം സംഘടിപ്പിച്ചു. കോവിഡ് മഹാമാരിയിലും മറ്റ് ദുരന്ത സാഹചര്യങ്ങളിലും ഏറ്റവും ബുദ്ധിമുട്ട് അനുഭവിക്കുന്ന വിഭാഗം ആണ് ബുദ്ധിപരമായ പരിമിതിയുള്ളവരും




അവരെ പരിരക്ഷിക്കുന്നവരും കോവിഡിന്റെ സാഹചര്യത്തിൽ അവർക്കു വേണ്ടുന്ന സംരക്ഷണവും അനുബന്ധ പരിരക്ഷയും ആയിരുന്നു പരിശീലനത്തിന്റെ പ്രധാന വിഷയം. ഈ മേഖലയിലെ വിദഗ്ദ്ധർ ക്ലാസ്സുകൾ നയിച്ചു.

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി ഡോ. ശേഖർ എൽ. കുര്യാക്കോസ് ഉദ്ഘാടനം നിർവഹിക്കുകയും, എം. ജി യൂണിവേഴ്‌സിറ്റിയുടെ കീഴിലുള്ള ഇൻറ്റർ യൂണിവേഴ്‌സിറ്റി സെൻറ്റർ ഫോർ ഡിസബിലിറ്റി സ്റ്റഡീസ് ഡയറക്റ്റർ ഡോ. പി.റ്റി ബാബുരാജ് മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു. ബുദ്ധിപരമായ പരിമിതിയുള്ളവർക്കായി പ്രവർത്തിക്കുന്ന പരിവാർ കേരള, ഓജസ്, ശ്രദ്ധ എന്നീ സന്നദ്ധ സംഘടനകളോട് ചേർന്നാണ് ഈ പരിശീലനം സംഘടിപ്പിച്ചത്. ഏകദേശം 50 പേർ പരിശീലന പരിപാടിയിൽ പങ്കെടുത്തു.

കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2020/11/Report-6-8-oct-2020.pdf ഈ ലിങ്ക് പരിശോധിക്കുക.

## 1.26 കോവിഡ് 19 അക്കാദമി കേരളയുടെ വെബിനാർ സീരീസ് – ഒന്നാം ഘട്ടം

സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെയും കുടുംബശ്രീയുടെയും പിന്തുണയോട് സ്ഫിയർ ഇന്ത്യ 2020 സെപ്റ്റംബർ 29 മുതൽ ഒക്ടോബർ 21 വരെ പന്ത്രണ്ട് ഭാഗങ്ങളുള്ള വെബിനാർ പരമ്പര സംഘടിപ്പിച്ചു. ശ്രീ. ഹരികിഷോർ. എസ്, എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ 2020 സെപ്റ്റംബർ 21ന് ഓൺലൈൻ മുഖാന്തരം കോവിഡ് 19 പരിപാടി ഉദ്ഘാടനം ചെയ്തു. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി ഡോ. ശേഖർ. എൽ കുര്യാക്കോസ് ദുരന്തസാധ്യത ലഘൂകരണ ആഘോഷിക്കാൻ ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട എല്ലാവരും ഒരുമിച്ചു കൊണ്ടുവരാൻ കോവിഡ്-19 അക്കാദമി ഒരു വേദിയാണെന്ന് അദ്ദേഹം പറഞ്ഞു. പരിപാടിയിൽ പങ്കെടുത്ത ആളുകളുടെ ആകെ എണ്ണം 5164. ഇതിൽ 6246 പേർ വെബിനാറുകൾക്കായി മുൻകൂട്ടി രജിസ്റ്റർ ചെയ്തിട്ടുള്ളവരായിരുന്നു അതിനാൽ പങ്കെടുക്കുന്നവരുടെ നിരക്ക് രജിസ്റ്റർ ചെയ്തവരിൽ ഏകദേശം 83% ആയിരുന്നു.




കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2021/02/Webinar-series-summary-report_Covid-19-academy-Kerala-KSDMA-Copy-2.pdf ഈ ലിങ്ക് പരിശോധിക്കുക.

## 1.27 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണം

ഐക്യരാഷ്ട്ര സംഘടനാ എല്ലാ വർഷവും ഒക്ടോബർ 13 ന് ആണ് അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനമായി ആചരിക്കുന്നത്. ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ വഴിയായി എങ്ങനെ ദുരന്ത തീവ്രത കുറയ്ക്കാം എന്ന ആശയം പൊതു സമൂഹങ്ങളിൽ എത്തിക്കുകയും അതുവഴി ആഗോളതലത്തിൽ ദുരന്ത ലഘൂകരണത്തിനായി ഒരു പൊതു സംസ്കാരം രൂപപ്പെടുത്തി എടുക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ദുരന്തനിവാരണ വുമായി ബന്ധപ്പെട്ട് ഒരോ വർഷവും വ്യത്യസ്ത ആശയങ്ങൾ മുൻ നിർത്തിയാണ് ദിനാചരണം നടത്തുന്നത് . "സദ്ഭരണത്തിലൂടെ ദുരന്ത ലഘൂകരണം ശക്തിപെടുത്തുക" എന്ന വിഷയം ആണ് ഈ വർഷത്തെ അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനത്തിൽ അനുസ്മരിക്കുന്നത്. ദുരന്ത

ലഘൂകരണത്തിനായുള്ള ആശയങ്ങൾ സമൂഹത്തിന്റ നാന തുറകളിലും എത്തിക്കാൻ ദിനാചാരണം സഹായിക്കുന്നു.

## 1.28 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണം പരിശീലന പരിപാടി - ആലപ്പുഴ ജില്ല

അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണത്തിന്റെ ഭാഗമായി 2020 ഒക്ടോബർ 13ന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, ഇന്റർ ഏജൻസി ഗ്രൂപ്പ്, നാഷണൽ സർവീസ് സ്കീം എന്നിവർ സംയുക്തമായി ചേർന്ന് വിവിധ പരിപാടികൾ നടത്തി. ഓൺലൈൻ വഴി നടത്തിയ പരിശീലന പരിപാടിയുടെ ഉദ്ഘാടനം ജില്ലാ കളക്ടർ എ. അലക്സാണ്ടർ നിർവഹിച്ചു. "കരുതാം ആലപ്പുഴയെ, ഒന്നായ് ഒറ്റക്കെട്ടായ്" എന്ന പ്രമേയത്തെ ആസ്പദമാക്കിയാണ് വിവിധ പരിപാടികൾ സംഘടിപ്പിച്ചത്. ജില്ലയിലെ വിവിധ കോളജുകളിലെ വിദ്യാർഥികളെ പങ്കെടുപ്പിച്ച് പവർപോയിന്റ് മത്സരം, ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കും കോവിഡ് പ്രതിരോധത്തിനുള്ള വ്യക്തിഗത സുരക്ഷാ ഉപകരണങ്ങളുടെ വിതരണം, വിവിധ പരിശീലന പരിപാടികൾ എന്നിവയും നടത്തി. പവർപോയിന്റ് പ്രസന്റേഷൻ മത്സര വിജയികളെ ജില്ലാ കളക്ടർ പ്രഖ്യാപിച്ചു. സബ് കളക്ടർ എസ്. ഇല്ലാക്യ മുഖ്യപ്രഭാഷണം നടത്തി. എൻ എസ്.എസ് ജില്ലാ പ്രോഗ്രാം ഓഫീസർ പ്രഫ. ടി. നിഷാദ് വിഷയം അവതരിപ്പിച്ചു. അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് ജെ. മോബി, ഡെപ്യൂട്ടി കളക്ടർ ആശാ സി. എബ്രഹാം, സാമൂഹ്യ നീതി വകുപ്പ് ജില്ലാ ഓഫീസർ ജെ. അബിൻ, ജില്ലാ ശിശുസംരക്ഷണ ഓഫീസർ ടി.വി. മിനിമോൾ, ഐഎജി ജില്ലാ കൺവീനർ ഫാ. സേവ്യർ കുടിയാംശേരി, ദുരന്ത നിവാരണ വിഭാഗം ജൂനിയർ സൂപ്രണ്ട് ബി. പ്രദീപ്, ജില്ലാ ഹസാർഡ് അനലിസ്റ്റ് ചിന്തു ചന്ദ്രൻ, LSGD ദുരന്ത നിവാരണ പ്ലാൻ കോ-ഓർഡിനേറ്റർ മുഹമ്മദ് ഷാലിഖ് എൻ. എന്നിവർ പ്രസംഗിച്ചു. ഐസിഡിഎസ് പ്രവർത്തകർക്ക് ദുരന്ത നിവാരണ പ്രവർത്തനം സംസ്ഥാന തലത്തിലും ദേശിയ തലത്തിലും എന്ന വിഷയത്തിൽ കെഎസ്ഡിഎംഎ ഹസാർഡ് ആൻഡ് റിസ്ക് അനലിസ്റ്റ് ജി.എസ്. പ്രദീപും, കോറോണയും കുട്ടികളും എന്ന വിഷയത്തിൽ കെഎസ്ഡിഎംഎ ഹസാർഡ് അനലിസ്റ്റ് റോണു മാത്യുവും പരിശീലന ക്ലാസുകൾ നടത്തി. കോവിഡ് പ്രതിരോധത്തിനുള്ള വ്യക്തിഗത സുരക്ഷ ഉപകരണങ്ങൾ ഐഎജി എക്സിക്യൂട്ടീവ അംഗം കൂടിയായ ശ്യാമിൽ നിന്നും ജില്ലാ കളക്ടർ ഏറ്റുവാങ്ങി ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് കൈമാറി.

കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2020/11/IDDRR-2020-alappuzha-1.pdf ഈ ലിങ്ക് പരിശോധിക്കുക.

### 1.29 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണം പരിശീലന പരിപാടി - ഇടുക്കി ജില്ല

അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണത്തിന്റെ ഭാഗമായി 2020 ഒക്ടോബർ 13ന് ഉച്ചയ്ക്ക് 2.30ക്ക് ഇടുക്കി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ഓൺലൈൻ വഴി പഞ്ചായത്ത് ഉദ്യോഗസ്ഥർ, നാഷണൽ സർവീസ് സ്കീം വോളന്റിയർമാർ പൊതുജനങ്ങൾ ഐഎജി സന്നദ്ധപ്രവർത്തകർക്കുള്ള ക്ലാസുകൾ സംഘടിപ്പിച്ചു. പൊതുജനങ്ങളുടെയും സന്നദ്ധ പ്രവർത്തകരുടെയും പങ്കാളിത്തത്തോടെ ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ എങ്ങനെ മെച്ചപ്പെടുത്താമെന്നും ദുരന്തങ്ങളുടെ തീവ്രത എങ്ങനെ കുറയ്ക്കാമെന്നും ജനങ്ങളെ ബോധവൽക്കരിക്കുക എന്നതായിരുന്നു പരിശീലന പരിപാടിയുടെ ലക്ഷ്യം.

ജില്ലാ കളക്ടർ എച്ച്.ദിനേശൻ IAS പരിശീലന പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചു. ശ്രീ. ജയിംസ് മാത്യു, ഇടുക്കി ജില്ലാ എൻ.എസ്.എസ് പ്രോഗ്രാം കോർഡിനേറ്റർ മുഖ്യ പ്രഭാഷണം നടത്തി. മുൻകൂർ മുന്നറിയിപ്പ് സംവിധാനവും വ്യാപനവും എന്ന വിഷയത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നുള്ള ഹസാർഡ് അനലിസ്റ്റ് ഫഹദ് മർസൂക്കിന്റെ അവതരണത്തോടെയാണ് ആദ്യ സെഷൻ ആരംഭിച്ചത്. പരിശീലന പരിപാടിയിൽ ഏകദേശം 120 പേർ പങ്കെടുത്തു.

കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2019/12/Report-DRR.pdf ഈ ലിങ്ക് പരിശോധിക്കുക.

### 1.30 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണം പരിശീലന പരിപാടി - എറണാകുളം ജില്ല

അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണത്തിന്റെ ഭാഗമായി 2020 ഒക്ടോബർ 12, 13, 14 തീയതികളിൽ എറണാകുളം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും IAGയും സംയുക്തമായി പരിശീലന പരിപാടിയും കുട്ടികൾക്കായി വിവിധയിനം മത്സരങ്ങളും സംഘടിപ്പിച്ചു. കോവിഡ്-19 ബോധവത്കരണ വീഡിയോ, ചിത്രരചന, ക്വിസ് എന്നീ മത്സരങ്ങൾ 2020 ഒക്ടോബർ 12ന് നടത്തി.

2020 ഒക്ടോബർ 12 തിങ്കളാഴ്ച രാവിലെ 11 മണിക്ക് 'കരുതൽകാല'ത്തിന്റെ ഉദ്ഘാടനം ജില്ല കളക്ടർ ശ്രീ. സുഹാസ് എസ് ഐഎഎസ് നിർവഹിച്ചു. തുടർന്ന് ജില്ലാ

പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ഡോളി കുര്യാക്കോസ് മുഖ്യപ്രഭാഷണവും ഡെപ്യൂട്ടി കളക്ടർ ദുരന്ത നിവാരണം വൃന്ദാദേവി എൻ ആർ ആമുഖപ്രസംഗവും നൽകി. ഫാ. പോൾ തോമസ്, ഐഎജി കൺവീനർ, എറണാകുളം നന്ദി പ്രകാശിപ്പിച്ചു.

അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണത്തിന്റെ ഭാഗമായി 2020 ഒക്ടോബർ 12, 13, 14 തീയതികളിൽ വെബിനാർ സീരീസ് സംഘടിപ്പിച്ചു. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിലെ ഹസാർഡ് & റിസ്ക് അനലിസ്റ്റ് ശ്രീ പ്രദീപ് ജി എസ് 'ദുരന്ത നിവാരണത്തിന്റെ പൊതുവായ അവലോകനം' എന്ന വിഷയത്തിന്മേൽ ആദ്യ സെഷൻ കൈകാര്യം ചെയ്തു. എറണാകുളം ജില്ല ദുരന്ത നിവാരണ അതോറിറ്റി ഹസാർഡ് അനലിസ്റ്റ് ശ്രീമതി അഞ്ജലി പരമേശ്വരൻ അപകട സാധ്യതയും അപകടസാധ്യത വിലയിരുത്തലും എമർജൻസി കിറ്റ്, ചുഴലിക്കാറ്റ്, ഭൂകമ്പം, വെള്ളപ്പൊക്കം, തീപ്പിടുത്തം, മണ്ണിടിച്ചിൽ, സോയിൽ പൈപ്പിംഗ്, ഇടിമിന്നൽ തുടങ്ങിയ ദുരന്തങ്ങളുടെ പൊതു നിർദ്ദേശങ്ങളും ചർച്ച ചെയ്തു. ഉച്ചയ്ക്ക് 12.40ഓടെ പരിപാടി അവസാനിച്ചു. തുടർന്നുള്ള ദിവസങ്ങളിലും വെബിനാർ സീരീസ് നടന്നു.



കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2020/11/DRR-DAY-REPORT.pdf ഈ ലിങ്ക് പരിശോധിക്കുക.

## 1.31 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണം പരിശീലന പരിപാടി – തൃശ്ശൂർ ജില്ല

സമൂഹത്തിൽ ദുരന്ത പ്രതിരോധ അവബോധം സൃഷ്ടിക്കുന്നതിനായി 2020 ഒക്ടോബർ 13ന് തൃശ്ശൂർ ജില്ലാ ദുരന്തനിവാരണ അതോറിറ്റി രണ്ട് പാരിപാടികൾ അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ചു.

ആദ്യ ഓൺലൈൻ പരിശീലന പരിപാടി രാവിലെ 10.30ക്ക് ജില്ലയിലെ ഇന്റ്ർ ഏജൻസി ഗ്രൂപ്പുകൾക്കായി നടന്നു. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർപേഴ്സണും ജില്ലാ കളക്ടറുമായ ശ്രീ എസ് ഷാനവാസ് IAS പ്രസ്തുത പരിപാടി ഉദ്ഘാടനം ചെയ്തു. ദുരന്ത നിവാരണ ഡെപ്യൂട്ടി കളക്ടർ ഡോ. എം സി റെജിൽ മുഖ്യപ്രഭാഷണം നടത്തി. തൃശൂർ ഐഎജി കൺവീനർ ശ്രീ. അരുൺ നന്ദി പ്രകാശിപ്പിച്ചു. രണ്ടാമത്തെ പരുപാടി തൃശ്ശൂർ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ജില്ലാ ആസൂത്രണ ഓഫീസുമായി ചേർന്ന് തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർക്കായി തദ്ദേശ സ്വയം ഭരണ സ്ഥാപന ദുരന്ത നിവാരണ പദ്ധതിയിലൂടെ ഡിസാസ്റ്റർ റിസ്ക് ഗവേണൻസ് ശക്തിപ്പെടുത്തുന്നതിനെക്കുറിച്ച് ഗൂഗിൾ മീറ്റ് 2020 ഒക്ടോബർ 13-ന് രാവിലെ 11 മണിക്ക് ആരംഭിച്ചു.







കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2020/11/IDDRR-2020-Thrissur-Report-1.pdf ഈ ലിങ്ക് പരിശോധിക്കുക.

## 1.32 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണം പരിശീലന പരിപാടി – പാലക്കാട് ജില്ല

രാജ്യാന്തര ദുരന്ത ലഘൂകരണ ദിനത്തോടനുബന്ധിച്ചു പാലക്കാട് ജില്ലാ ദുരന്തനിവാരണ അതോറിറ്റി 2022 ഒക്ടോബർ 13ന് ദുരന്തസാധ്യത കുറയ്ക്കുന്നതിനുള്ള കരുതലിന്റെ കത്ത് എന്ന് പരിപാടി സംഘടിപ്പിച്ചു. പാലക്കാട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും ജില്ലാ ഇന്റ്ർ ഏജൻസി ഗ്രൂപ്പും ചേർന്നാണു കത്തെഴുത്ത് പരുപാടി നടത്തിയത്. സംസ്ഥാനത്തുടനീളം കോവിഡ്-19 പടർന്നുപിടിക്കുന്നതിനാൽ കോവിഡ് ബോധവത്കരണം ജനങ്ങളിൽ എത്തിക്കാനാണ് ഈ പരിപാടി സംഘടിപ്പിച്ചത്.

കോവിഡ് കാലത്ത് കരുതലോടെയിരിക്കാൻ അഭ്യർഥിച്ചു പ്രിയപ്പെട്ടവർക്ക് ഒരു കത്ത് എഴുതിയാലോന്റെ ഭാഗമായി 1,000 തപാൽ കാർഡ് വിവിധയിടങ്ങളിൽ വിതരണം ചെയ്യും. അസി. കളക്ടർ ഡി. ധർമലശ്രീ തപാൽ കാർഡ് പോസ്റ്റ് ചെയ്ത് ഉദ്ഘാടനം ചെയ്തു. ഹുസൂർ ശിരസ്തദാർ കെ.എസ്. ഗീത, ദുരന്തനിവാരണ വിഭാഗം

സൂപ്രണ്ട് ടി. കൃഷ്ണകുമാർ, ജില്ലാ ഹസാർഡ് അനലിസ്റ്റ് സി. ശിൽപ, എം. പി. മനോജ് എന്നിവർ പ്രസംഗിച്ചു.

കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2020/11/DRR-Day-report-PKD-1.pdf ഈ ലിങ്ക് പരിശോധിക്കുക.

## 1.33 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണം പരിശീലന പരിപാടി – കോഴിക്കോട് ജില്ല

അന്താരാഷ്ട്ര ദുരന്ത ലഘൂകരണ വീക്ക് സെലിബ്രേഷൻറെ ഭാഗമായി കോവിഡ്-19 വ്യാപനം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും കുട്ടികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ചിത്രരചന, ഉപന്യാസ രചന, കാർട്ടൂൺ, പ്രസംഗം തുടങ്ങിയ ഇനങ്ങളിൽ വിദ്യാർത്ഥികൾക്കിടയിൽ മത്സരങ്ങൾ ജില്ലയിലെ എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാലയങ്ങളിൽ വെച്ച് സംഘടിപ്പിച്ചു. 819 വിദ്യാലയങ്ങളിലായി 11926 വിദ്യാർത്ഥികൾ മത്സരത്തിൽ പങ്കെടുത്തു. കോഴിക്കോട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മത്സര വിജയികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

അന്താരാഷ്ട്ര ദുരന്ത നിവാരണ ദിനത്തോടനുബന്ധിച്ച് കോഴിക്കോട് ജില്ലാ ഭരണകൂടവും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും 2020 ഒക്ടോബർ 13, 14, 15 തീയതികളിൽ കുടുംബശ്രീ ചെയർപേഴ്സൺമാർക്ക് ദുരന്തനിവാരണത്തെക്കുറിച്ച് ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ് സംഘടിപ്പിച്ചു. ദുരന്തനിവാരണ പ്രവർത്തനങ്ങളിലെ അടിസ്ഥാനകാര്യങ്ങൾ, പ്രഥമ ശുശ്രൂഷ, ഫയർ ആൻഡ് സേഫ്റ്റി എന്നിവയിലാണ് പരിശീലനം നൽകിയത്. ദുരന്തനിവാരണ ഡെപ്യൂട്ടി കളക്ടർ ഷാമിൻ സെബാസ്റ്റ്യൻ അമുഖവും ഫയർ ആൻഡ് സേഫ്റ്റി വെള്ളിമാടുകുന്ന് സ്റ്റേഷൻ ഓഫീസർ ബാബുരാജ്, ചേവായൂർ ഗവൺമെൻറ് ചർമ്മ രോഗ ആശുപത്രി കൺസൾട്ടന്റ് ഡോക്ടർ. ശ്രീബിജു, ഹസാർഡ് അനലിസ്റ്റ് അശ്വതി പി എന്നിവർ ക്ലാസ്സ് അവതരിപ്പിച്ചു.

## 1.34 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണം പരിശീലന പരിപാടി – കോട്ടയം ജില്ല


അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനത്തോടനുബന്ധിച്ചു കോട്ടയം ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ഈ വർഷം കോവിഡ് പ്രോട്ടോകോൾ പാലിച്ചു കൊണ്ടു




ജില്ലയിലെ വിദ്യാർഥി കൾക്കായി ചിത്ര രചനാ, E-പോസ്റ്റർ തയ്യാറാക്കൽ മത്സരങ്ങൾ സംഘടിപ്പിച്ചു.

## 1.35 ഇന്ത്യ ഡിസാസ്റ്റർ റിസോഴ്സ് നെറ്റ്‌വർക്കിനെക്കുറിച്ചുള്ള പരിശീലനം

2020 ഓഗസ്റ്റ് 21ന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസാസ്റ്റർ മാനേജ്മെന്റ്, ആഭ്യന്തര മന്ത്രാലയത്തിന്റെ സഹകരണത്തോടെ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുമായി ചേർന്ന് "ഇന്ത്യ ഡിസാസ്റ്റർ റിസോഴ്സ് നെറ്റ്‌വർക്കിനെക്കുറിച്ചുള്ള (IDRN)" ഏകദിന വെർച്വൽ ക്രമീകരണ പരിശീലനം പരുപാടി സംഘടിപ്പിച്ചു. ഇന്ത്യയിലെ 36 സംസ്ഥാന/കേന്ദ്രഭരണ പ്രദേശങ്ങളിൽ രണ്ട് സംസ്ഥാന/കേന്ദ്രഭരണ പ്രദേശങ്ങളിലാണ് IDRN പരിശീലനം പരിപാടി സംഘടിപ്പിച്ചിട്ടുള്ളത്. രണ്ടാമത്ത് ആയി പരിശീലനം നൽകിയത് കേരളത്തിന് ആയിരുന്നു. ഇൻവെന്ററി റിസോഴ്സിന്റെ തയ്യാറെടുപ്പ് വർദ്ധിപ്പിക്കാനായി IDRN പോർട്ടലിനെ കുറിച്ച് NIDM ഒരു സംസ്ഥാന ഓൺലൈൻ പരിശീലന പരിപാടി നടത്തി.



ഈ ഏകദിന വെർച്വൽ ക്രമീകരണ പരിശീലനം പരുപാടി സംഘടിപ്പിച്ചത് ഇന്ത്യ ഡിസാസ്റ്റർ റിസോഴ്സ് നെറ്റ്‌വർക്ക് (IDRN) പോർട്ടൽ മെച്ചപ്പെടുത്തുന്നതിനുള്ള ഇൻപുട്ടുകൾ നേടാനും, ഡൈനാമിക് ഡാറ്റ, GIS മാപ്പുകൾ, മൊബൈൽ ആപ്ലിക്കേഷൻ തുടങ്ങിയ അത്യാധുനിക പ്രവർത്തനുകൾക്കൊപ്പം ഏറ്റവും മികച്ച രീതിയിൽ അടിയന്തിര സാഹചര്യത്തിലും അതിന്റെ ഉപയോഗം എങ്ങനെ പരമാവധിയാക്കാം എന്ന് ലക്ഷ്യത്തോടയാണ്.


കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2020/10/KERALA-IDRNReport-21-AUG-2020.pdf ഈ ലിങ്ക് പരിശോധിക്കുക.

## 1.36 ട്രാൻസ്ജെൻഡേർസ്സായിയുള്ള ദുരന്തസാധ്യത ലഘൂകരണ പദ്ധതി

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കേരളത്തിലെ ട്രാൻസ്ജെൻഡർ സുഹൃത്തുക്കളുമായി കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ബാധിച്ച വിവിധ

ദുരന്തങ്ങളെക്കുറിച്ചുള്ള അവരുടെ കാഴ്ചപ്പാടുകളും ചിന്തകളും മനസ്സിലാക്കാനും കേൾക്കാനുമായി 2020 ഒക്ടോബർ 27 ന് ഒരു ഓൺലൈൻ കൂടിയാലോചന യോഗം സംഘടിപ്പിച്ചു. 2020 മാർച്ച് 5 ന് മലപ്പുറം ജില്ലാ ദുരന്തനിവാരണ അതോറിറ്റി നടത്തിയ പരിശീലന പരിപാടിയിലെ അനുഭവങ്ങളും പഠിച്ച പാഠങ്ങളും അടിസ്ഥാനമാക്കിയുള്ള ഒരു തുടർ സെഷനായിരുന്നു ഇത്. ജില്ലയിലെ കോവിഡ്-19 പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളിലും 2020 ലെ മൺസൂൺ പ്രതിരോധത്തിലും ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ഏർപ്പെടുത്തിയ പരിശീലനം ട്രാൻസ്ജെണ്ടർ സമൂഹത്തിനു ലഭിക്കുകയുണ്ടായി.

ഓൺലൈൻ യോഗം ഗൂഗിൾ മീറ്റ് വഴി രാവിലെ 11.30ക്ക് ആരംഭിച്ചു. ശ്രീമതി അമൃത കെ, ഹസാർഡ് അനലിസ്റ്റ് (കെഎസ്ഡിഎംഎ) സ്വാഗതം പ്രസംഗം ആശംസിച്ചു. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി ഡോ. ശേഖർ എൽ കുര്യാക്കോസ് പ്രധാന പ്രഭാഷണം നടത്തി. ഇത്തരമൊരു പരിപാടി ഏറ്റെടുക്കുന്നതിലുള്ള കെഎസ്ഡിഎംഎയുടെ ദീർഘവീക്ഷണത്തെക്കുറിച്ച് അദ്ദേഹം വിശദീകരിച്ചു. കൂടാതെ പങ്കെടുക്കുന്നവരെല്ലാം വിഷയവുമായി ബന്ധപ്പെട്ട അവരുടെ കാഴ്ചപ്പാടുകളും അനുഭവങ്ങളും പങ്കിടാൻ അദ്ദേഹം അഭ്യർത്ഥിച്ചു. ശ്രീ. ജോ ജോൺ ജോർജ്ജ് (സംസ്ഥാന പ്രൊജക്ട് ഓഫീസർ) ചർച്ചകൾ നിയന്ത്രിച്ചു. ഹസാഡ് ആൻഡ് റിസ്ക് അനലിസ്റ്റ് ശ്രീ. പ്രദീപ് ജി. എസ് നന്ദി പ്രകാശിപ്പിച്ചു. സംസ്ഥാന ട്രാൻസ്ജെണ്ടർ സെൽ അംഗമായ മിസ് ശ്യാമ പ്രഭ, നേഹ സി മേനോൻ, വിജി റഹ്മാൻ എന്നിവരും മറ്റ് ജില്ലകളിൽ നിന്നുള്ളവരും പരിപാടിയിൽ പങ്കെടുത്തു.



കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2021/01/Report_TG_Brainstorming.pdf ഈ ലിങ്ക് പരിശോധിക്കുക.

### 1.37 കോവിഡ്-19 മഹാമാരിയിൽ കമ്മ്യൂണിറ്റി റേഡിയോയുടെ പ്രാധാന്യം

സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി സംഘടിപ്പിച്ച കോവിഡ്-19 മഹാമാരിയിൽ കമ്മ്യൂണിറ്റി റേഡിയോകളുടെ പ്രാധാന്യം എന്ന വിഷയത്തിന്മേൽ 2020 ഒക്ടോബർ 9ന് വൈകുന്നേരം 4.00 മുതൽ 5.30 വരെ ഓൺലൈൻ പ്ലാറ്റ്ഫോമായ സിസ്കോ വെബെക്സിൽ നടന്നു. 35 പേർ പങ്കെടുത്ത പരിപാടി ഡോ. ശേഖർ എൽ

കുര്യാക്കോസ്, മെമ്പർ സെക്രട്ടറി കെ.എസ്.ഡി.എം.എ ഉദ്ഘാടനം ചെയ്തു. ഈ സാഹചര്യത്തിൽ കമ്മ്യൂണിറ്റി റേഡിയോകളുടെ പ്രാധാന്യം അദ്ദേഹം വിശദീകരിച്ചു. കോവിഡ് കാലത്ത് ഉണ്ടാകുന്ന സാമ്പത്തിക പ്രശ്നങ്ങൾ ഉൾപ്പെടെ ഉയർന്നുവന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കാര്യക്ഷമമായ പദ്ധതികൾ ആവിഷ്കരിക്കുന്നതാണ് നല്ലതെന്ന് വിവിധ കമ്മ്യൂണിറ്റി റേഡിയോകളിൽ നിന്നുള്ള പ്രതിനിധികളോട് അദ്ദേഹം നിർദ്ദേശിച്ചു. ആലപ്പുഴ ജില്ല ദുരന്തനിവാരണ അതോറിറ്റി ഹസാർഡ് അനലിസ്റ്റ് ശ്രീമതി ചിന്തുമോൾ സി. പരിപാടിയുടെ മോഡറേറ്ററായി പ്രവർത്തിച്ചു.

എല്ലാ 3 സെഷനുകൾക്കും ശേഷം, പങ്കെടുത്തവർ ഈ വിഷയത്തെക്കുറിച്ചുള്ള അവരുടെ കാഴ്ചപ്പാടുകളും സംശയങ്ങളും സംഘാടകരും സ്പീക്കറുകളുമായി പങ്കിട്ടു. 6.00 മണിയോടെ സെഷൻ അവസാനിച്ചു.

കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2020/12/Report-community-radios.pdf ഈ ലിങ്ക് പരിശോധിക്കുക.

## 1.38 സാങ്കൽപ്പിക ഉദ്യോഗസ്ഥ ശ്രേണി (Virtual Cadre) ഉദ്യോഗസ്ഥർക്കുള്ള പരിശീലനം

പരിപാടിയുടെ തുടക്കമെന്ന നിലയിൽ, ഒരു പ്രാരംഭ യോഗം ഓൺലൈനായി 2020 നവംബർ 24 ഉച്ചകഴിഞ്ഞ് 3 മണി മുതൽ 4.20 വരെ ആറിൽ വകുപ്പുകൾ നിന്നുള്ള വെർച്വൽ കേഡർ അംഗങ്ങൾ പങ്കെടുത്തു. വിവിധ വകുപ്പുകളിൽ നിന്നുള്ള 81 ഉദ്യോഗസ്ഥർ, കെ.എസ്.ഡി.എം.എ എഐഡിഎംഐ ഈ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി ഡോ. ശേഖർ. എൽ കുര്യാക്കോസ് ആമുഖ പ്രഭാഷണത്തോടെയാണ് സമ്മേളനം ആരംഭിച്ചത്. ദുരന്ത നിവാരണത്തിനായി വെർച്വൽ കേഡറിന്റെ രൂപീകരണ പശ്ചാത്തലത്തെയും പ്രസക്തിയെയും കുറിച്ച് വകുപ്പുകളിലെ പ്രതിരോധ പ്രവർത്തനങ്ങൾ തുടരേണ്ടതിന്റെ ആവശ്യകതയ്ക്കും ഒരു അവലോകനം അദ്ദേഹം നൽകി. ഇതേത്തുടർന്ന് എഐഡിഎംഐ സ്ഥാപക ഡയറക്ടർ ശ്രീ മിഹിർ ഭട്ട് വകുപ്പുകളുടെയും മറ്റ് വകുപ്പുകളിലെയും ഏകോപനം ബന്ധങ്ങളെ കേന്ദ്രീകരിച്ചു പ്രത്യേക പ്രസംഗം നടത്തി. ദുരന്ത ലഘൂകരണ മുഖ്യധാരാ പ്രവർത്തനങ്ങളിൽ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി നടത്തുന്ന ശ്രമങ്ങളെയും അദ്ദേഹം അഭിനന്ദിച്ചു. പരിപാടി ഉച്ചയ്ക്ക് 4.20ന് സമാപിച്ചു.

കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2020/12/Inception-Meeting-report-VCT-24-11-2020.pdf ഈ ലിങ്ക് പരിശോധിക്കുക.

## 1.39 ഉദ്യോഗസ്ഥർക്കുള്ള പരിശീലനം (Virtual Cadre)

കേരള സർക്കാർ - ദുരന്ത നിരവാരണ രംഗത്തെ ആറ് വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കുള്ള വെർച്ചൽ ക്യാഡർ പരിശീലന പരിപാടി 2020 ഡിസംബറിൽ നടത്തി. മത്സ്യകൃഷി, വിദ്യാഭ്യാസം, സിവിൽ സപ്ലൈസ്, പഞ്ചായത്ത്, ടൂറിസം, ഭൂഗർഭജലം എന്നീ ആറ് വകുപ്പുകളിലെ വെർച്ചൽ ക്യാഡർ (VC) ഉദ്യോഗസ്ഥർക്കാണ് പരിശീലനം നടത്തിയത്. മുകളിൽ പറഞ്ഞ ആറ് വകുപ്പുകളിൽ നിന്നുള്ള വെർച്ചൽ ക്യാഡർ ഉദ്യോഗസ്ഥരുമായി ഒരു പരിശീലന ആവശ്യകതാ നിർണ്ണയം സർവേ ഓൺലൈനായി നടത്തി. ഈ വകുപ്പുകളുടെ പരിശീലന ആവശ്യങ്ങൾ മനസ്സിലാക്കുന്നതിനായി ദുരന്ത സാധ്യത ലഘൂകരണം സാഹിത്യത്തിന്റെ വിശദമായ അവലോകനവും നടത്തി. കേരള ദുരന്ത നിരവാരണ അതോറിറ്റി (KSDMA) യുടെയും യുണിസെഫിന്റെയും നേതൃത്വത്തിലാണ് പരിശീലന പരിപാടി നടത്തിയത്.




കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2021/02/Executive-Summary-final.pdf ഈ ലിങ്ക് പരിശോധിക്കുക.

## 1.40 കേരള വനം വകുപ്പിലെ ജീവനക്കാർക്കുള്ള ത്രിദിന പരിശീലനം

കേരള വനം വകുപ്പിലെ മുൻനിരയിലെ ജീവനക്കാർക്ക് ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് ത്രിദിന പരിശീലനം നടന്നു. കേരള വനം വകുപ്പിന്റെ ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് (എച്ച്ആർഡി) വിഭാഗത്തിന്റെ നിർദ്ദേശം അനുസരിച്ച് ജീവനക്കാർക്ക് ദുരന്ത നിവാരണ പരിശീലനം നൽകി ദുരന്ത സന്ദർഭത്തിൽ ജീവനക്കാരെ സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പരിശീലനം സംഘടിപ്പിച്ചത്.

2021 ഫെബ്രുവരി 25 മുതൽ 27 വരെയാണ് പരിശീലനം നടന്നത്. ശ്രീമതി.നീതു ലക്ഷ്മി. എം ഐഎഫ്എസ്, കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, എച്ച്ആർഡി ചടങ്ങിനെ അഭിസംബോധന ചെയ്തുകൊണ്ട് പരിശീലന പരിപാടി ഔദ്യോഗികമായി ആരംഭിച്ചു.

തുടർന്ന് ദുരന്ത നിവാരണത്തിൽ വനം വകുപ്പ് ഉദ്യോഗസ്ഥർ ആദ്യം പ്രതികരിക്കുന്നവരായതുകൊണ്ട് തന്നെ പരിശീലനത്തിന്റെ ആവശ്യകതയും പ്രാധാന്യവും വ്യക്തമാക്കി. ആദ്യ സെഷൻ കൊല്ലം ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ഹസാർഡ് അനലിസ്റ്റ് ഡോ.ശ്രീജ എം.യു കൈകാര്യം ചെയ്തു. ത്രിദിന പരിശീലനത്തിന്റെ അവസാന ദിവസം പരിശീലനത്തിൽ പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.




കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2021/06/Training_Report-final.pdf ഈ ലിങ്ക് പരിശോധിക്കുക.

## 1.41 അന്താരാഷ്ട്ര വനിതാ ദിനം 2021

എല്ലാ വർഷവും മാർച്ച് 8 ന് അന്താരാഷ്ട്ര വനിതാ ദിനം ആഘോഷിക്കുന്നത് സ്ത്രീകളുടെ സാംസ്കാരിക, രാഷ്ട്രീയ, സാമൂഹിക സാമ്പത്തിക നേട്ടങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനാണ്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 2021 മാർച്ച് 8ന് അന്താരാഷ്ട്ര വനിതാ ദിനത്തിൽ Webex പ്ലാറ്റ്ഫോമിലൂടെ വെർചൽ ടീം മീറ്റിംഗ് നടത്തി. ഇതിന്റെ ഭാഗമായി അംഗങ്ങൾക്കിടയിൽ വ്യത്യസ്തമായ ചർച്ചകൾ നടന്നു.

സ്ത്രീകളെ കേന്ദ്രീകരിച്ചുള്ള പ്രത്യേക വിഷയങ്ങളായതിനാൽ ടീമിൽ ഭൂരിഭാഗവും അവരുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചു. സ്ത്രീകളുടെ നേതൃത്വം, ജോലിസ്ഥലത്തെ സ്ത്രീകൾ, ജോലി ചെയ്യുന്ന അമ്മ, എന്നിങ്ങനെ പലതരത്തിൽ ചർച്ച നടന്നു. യോഗത്തിനൊടുവിൽ കെഎസ്ഡിഎംഎ മെമ്പർ സെക്രട്ടറി ഡോ.ശേഖർ എൽ കുര്യാക്കോസ് കെഎസ്ഡിഎംഎയിലെ എല്ലാ സ്ത്രീ തൊഴിലാളികൾക്കും വേണ്ടി രൂപകൽപ്പന ചെയ്ത് ഒരു ഫ്ലയർ പുറത്തിറക്കി.

കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2021/07/womens-day-report.pdf ഈ ലിങ്ക് പരിശോധിക്കുക.



## 1.42 സംസ്ഥാനതല ഉഷ്ണകാല ദുരന്ത ലഘൂകരണ ദ്വിദിന പരിശീലന പരിപാടി

സംസ്ഥാനത്തെ ഉഷ്ണകാല ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളുടെ

ഭാഗമായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ 2021 മാർച്ച് 9, 10 തീയതികളിൽ ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിച്ചു. ആദ്യദിനം ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കായും രണ്ടാം ദിനം പൊതുജനങ്ങൾക്കുമായാണ് പരിശീലന പരിപാടി നടത്തിയത്. വേനൽക്കാലത്തെ ദുരന്ത സാദ്ധ്യതകളെ നേരിടാൻ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെയും ജനങ്ങളെയും സജ്ജരാക്കുക എന്നതായിരുന്നു ഈ പരിപാടിയുടെ ലക്ഷ്യം. സിസ്കോ വെബെക്സ് വഴിയാണ് പരിശീലനം നടത്തിയത്.


2021 മാർച്ച് 9 നു വൈകിട്ട് 3 മണിക്ക് പരിശീലന പരിപാടി ആരംഭിച്ചു. 25 ഓളം വകുപ്പുകളിൽ നിന്ന് 143 ഉദ്യോഗസ്ഥർ പങ്കെടുത്തു. ഡിസാസ്റ്റർ മാനേജ്മന്റ് കമ്മിഷണർ ഡോ.എ.കൗശികൻ ഐ.എ.എസ് ആമുഖ പ്രഭാഷണം നടത്തി. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയിലെ ഹസാഡ് ആൻഡ് റിസ്ക് അനലിസ്റ്റ് ആയ ശ്രീ. പ്രദീപ്. ജി. എസ് ഈ പരിപാടിയുടെ മോഡറേറ്ററായി. മീറ്റിയറോളജിസ്റ് ആയ ഡോ.ഷിനു ഷീല വിൽസൺ സ്വാഗതം ആശംസിച്ചു.

സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി ആയ ഡോ. ശേഖർ എൽ. കുര്യാക്കോസ് സമാപന സന്ദേശം നല്കി. ഉദ്യോഗസ്ഥരുടെ അഭിപ്രായങ്ങളെ അംഗീകരിച്ചുകൊണ്ടും ആശങ്കകളെ മനസ്സിലാക്കിയും ചൂടുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട വസ്തുതകളും നിർദ്ദേശങ്ങളും നൽകി. ഉഷ്ണകാല ദുരന്തത്തെ ലഘൂകരിക്കുന്നതിനും പ്രതിരോധിക്കുന്നതിനും എല്ലാവരും സഹകരിക്കണമെന്നും മറ്റുള്ളവരെയും ബോധവാന്മാരാക്കാൻ ശ്രമിക്കണമെന്നും അഭ്യർത്ഥിച്ചു. എല്ലാവരുടെയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ദുരന്ത നിവാരണ അതോറിറ്റിയെ അറിയിക്കുകയും വേണം എന്ന് ആവശ്യപ്പെട്ടു. ഹസാഡ് അനലിസ്റ്റ് ആയ ശ്രീ. നിഖിൽ എസ് നന്ദി പ്രകാശിപ്പിച്ചു. ഈ ദ്വിദിന പരിശീലന പരിപാടി വൈകിട്ട് 5.25 നു അവസാനിച്ചു.

കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2021/03/Report-of-SHRC-2021.pdf ഈ ലിങ്ക് പരിശോധിക്കുക.

## 1.43 കോവിഡ് 19 മഹാമാരി - സാമൂഹിക വെല്ലുവിളികൾ


രാജഗിരി കോളേജ് പതിവായി നടത്തുന്ന DYUTI എന്ന പരുപാടിയുടെ 21ആം പതിപ്പിന്റെ ഭാഗമായി കോവിഡ് 19 മഹാമാരിയുമായിയുള്ള സാമൂഹികമായ ഇടപെടലുകളും വെല്ലുവിളികളും എന്നീ വിഷയത്തിലായിരുന്നു. 2021 ഫെബ്രുവരി 25ന് ഉച്ചകഴിഞ്ഞ് 2.00 മണിക്ക് സൂം പ്ലാറ്റ്ഫോമിലൂടെ ഉദ്ഘാടന സമ്മേളനം ആരംഭിച്ചത്. സ്വാഗത പ്രസംഗം ഡോ. ഫാ. ജോസഫ് എം.കെ. അസോസിയേറ്റ് പ്രൊഫസറും സ്കൂൾ ഓഫ് സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റ് മേധാവിയുമായ DYUTI യുടെ പ്രമേയത്തെക്കുറിച്ച് വിവരിക്കുകയും സമ്മേളനത്തിലേക്ക് എല്ലാവരേയും സ്വാഗതം ചെയ്യുകയും ചെയ്തു.



കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2022/06/DYUTI_2021_Report.pdf ഈ ലിങ്ക് പരിശോധിക്കുക.

## 1.44 കോട്ടയം - ആധുനിക സൗകര്യങ്ങളോടെ ജില്ലാ എമർജൻസി ഓപ്പറേഷൻസ് സെന്റർ

ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ആധുനിക സൗകര്യങ്ങളോടെ കോട്ടയം കളക്ടറേറ്റിൽ ജില്ലാ എമർജൻസി ഓപ്പറേഷൻസ് സെന്റർ സജ്ജമായി. ഡിസംബർ 28, 2020 ഉച്ചകഴിഞ്ഞ് മൂന്നിന് കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് നടന്ന ചടങ്ങിൽ റവന്യൂ-ദുരന്തനിവാരണ വകുപ്പ് മന്ത്രി ഇ. ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്തു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് വേണ്ടി മെംബർ സെക്രട്ടറി ഡോ. ശേഖർ എൽ. കുര്യാക്കോസ് ആശംസ അറിയിച്ചു.




തോമസ് ചാഴികാടൻ എം.പി. അധ്യക്ഷത വഹിച്ചു. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ, ജില്ലാ കളക്ടർ എം. അഞ്ജന, ജില്ലാ പോലീസ് മേധാവി ജി. ജയദേവ്, എ.ഡി.എം അനിൽ ഉമ്മൻ, ഹസാർഡ് അനലിസ്റ്റ് അതുല്യ തോമസ് തുടങ്ങിയവർ സംസാരിച്ചു.

കൺട്രോൾ റൂം, ഇൻസിഡന്റ് കമാൻഡറുടെ കാബിൻ, കോൺഫറൻസ് ഹാൾ, ജീവനക്കാർക്കുള്ള റസ്റ്റ് റൂം, പാൻട്രി എന്നിവ ഉൾപ്പെടുന്ന കേന്ദ്രം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പ്ലാൻ ഫണ്ട് ഉപയോഗിച്ചാണ് സജ്ജമാക്കിയത്.

ദൈനംദിന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നേതൃത്വത്തിൽ റവന്യൂ, പോലീസ്, അഗ്നിശമന സേന ഉദ്യോഗസ്ഥരുടെ മുഴുവൻ സമയം സേവനം ഇവിടെ ഉറപ്പാക്കിയിട്ടുണ്ട്.

അതി വേഗ നെറ്റ് വർക്ക് സൗകര്യം, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുമായി ഹോട്ട് ലൈൻ കണക്ഷൻ, സാറ്റലൈറ്റ് ഫോൺ, പോലീസ് വയർലെസ്സ് സംവിധാനങ്ങൾ, മൾട്ടീമീഡിയ പ്രൊജക്ടർ, സ്മാർട്ട് ടെലിവിഷൻ തുടങ്ങിയവയും കേന്ദ്രത്തിൽ ക്രമീകരിച്ചിട്ടുണ്ട്.




## 1.45 ദേശീയ ദുരന്ത പ്രതികരണ സേനയുടെ മൺസൂൺ കാല മുന്നൊരുക്ക വിന്യാസം

സംസ്ഥാനത്തെ കാലവർഷ-തുലാവർഷ മുന്നോരുക്കയോഗത്തിന്റെ തീരുമാനം അനുസരിച്ച് കേരളത്തിൽ 2020ൽ ദേശീയ ദുരന്ത പ്രതികരണ സേനയുടെ 10 ടീം മുൻകൂട്ടി നിയോഗിക്കണം എന്ന് ആവശ്യപ്പെട്ടു. മൊത്തം 28 ടീം സന്നദ്ധമായി നിൽക്കണം എന്നും ആവശ്യപ്പെട്ടു.

## 1.46 ബഹു: റവന്യൂ-ദുരന്ത നിവാരണ വകുപ്പ് മന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ സംസ്ഥാനത്തിന്റെ 2020 ഓറഞ്ച് ബുക്ക് - കാലവർഷ-തുലാവർഷ മുന്നൊരുക്ക, ദുരന്ത പ്രതികരണ മാർഗ്ഗരേഖ പ്രകാശനം ചെയ്തു

കോവിഡ്-19ന്റെ പശ്ചാത്തലത്തിൽ ക്യാമ്പുകളുടെ നടത്തിപ്പിനുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ, തദ്ദേശ സർക്കാരുകളുടെ ദുരന്ത ലഘൂകരണ പദ്ധതികൾ വിനിയോഗിക്കുന്നത് സംബന്ധിച്ച്, ദുരന്തശേഷം വീടുകളിൽ തിരികെ പോകുന്നവർക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ, രാത്രികാലങ്ങളിലും ഷട്ടറുകൾ പ്രവർത്തിപ്പിച്ച് പെട്ടന്ന് ജലം ഒഴുക്കിവിടേണ്ടിവന്നേക്കാവുന്ന ചെറിയ അണക്കെട്ടുകളും, അത്തരം അവസരത്തിൽ സ്വീകരിക്കേണ്ട നടപടികളും, പാമ്പ് കടിയ്ക്കുള്ള ചികിത്സ ലഭിക്കുന്ന

ആശുപത്രികളുടെ പട്ടിക, സന്നദ്ധ പ്രവർത്തകരുടെ വിനിയോഗം, ഹെലികോപ്റ്റർ ഇറങ്ങുന്നതിനു ള്ള മാർഗ്ഗ നിർദ്ദേശങ്ങൾ, വെള്ളപ്പൊക്കം സംബന്ധിച്ച മുന്നറിയിപ്പ് വിവരങ്ങൾ എന്നിവ ഈ വർഷം അധികമായി ചേർത്തിട്ടുണ്ട്.

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഇ.ഒ.സി ആണ് അതാത് വർഷം മുൻ വർഷത്തെ അനുഭവങ്ങളും, അതാത് വർഷത്തെ സവിശേഷ സാഹചര്യങ്ങളും പരിഗണിച്ച് കാലവർഷ-തുലാവർഷ മുന്നൊരുക്ക, ദുരന്ത പ്രതികരണ മാർഗ്ഗരേഖ തയ്യാറാക്കുന്നത്. അതാത് വർഷം സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർ വിളിച്ചുചേർക്കുന്ന കാലവർഷ-തുലാവർഷ മുന്നൊരുക്ക അവലോകന യോഗത്തിന് മുന്നോടിയായി എല്ലാ വകുപ്പുകൾക്കും, കേന്ദ്ര സേനകൾക്കും ഈ പുസ്തകം അയച്ച് നല്കുകയും, അവരുടെ അഭിപ്രായങ്ങൾ കൂടി ചേർത്ത് പ്രസിദ്ധീകരിക്കുകയും ആണ് ചെയ്യുന്നത്.

ഈ വർഷം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി 30-4-2020ന് യോഗം ചേർന്ന് ഓറഞ്ച് ബുക്ക് പുതുക്കുവാൻ തീരുമാനിച്ചു. ആദ്യ കരട് ബഹു: മുഖ്യമന്ത്രിയുടെ 14-5-2020ന് ചേർന്ന കാലവർഷ-തുലാവർഷ മുന്നൊരുക്ക അവലോകന യോഗത്തിൽ അവതരിപ്പിച്ചു. തുടർന്ന് എല്ലാ വകുപ്പുകൾക്കും, കേന്ദ്ര സേനകൾക്കും അയച്ച് നല്കുകയും, 20-5-2020ന് സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർ വിളിച്ച് ചേർത്ത കാലവർഷ-തുലാവർഷ മുന്നൊരുക്ക അവലോകന യോഗത്തിൽ വകുപ്പുകളുടെ കൂടി അഭിപ്രായം ശേഖരിച്ച്, അവ കൂടി ഉൾപ്പെടുത്തിയാണ് ഓറഞ്ച് ബുക്ക് പ്രസിദ്ധീകരിക്കുന്നത്.



### 1.47 ആപത മിത്ര – കോട്ടയം - ഡെങ്കിപ്പനി പ്രതിരോധം

കോട്ടയം ഉഴവൂരിൽ ഡെങ്കിപ്പനി പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ദുരന്ത നിവാരണ അതോറിറ്റിയുടെ ആപത മിത്ര വോളന്റീർമാർ ഏകദേശം 500 മീറ്ററോളം സ്ലാബ് ഇട്ട് മൂടിയ നിലയിൽ ഉള്ള തോ ട്ടിൽ കടകളിൽ നിന്നും മലിനജലം

തോട്ടിലേക്ക് ഒഴുകുന്ന പൈപ്പുകൾ എന്റ് ക്യാപ് ഉപയോഗിച്ച് അടയ്ക്കുകയും കെട്ടിക്കിടക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുകയും ചെയ്തു.



### 1.48 ആലപ്പുഴ തോട്ടപ്പള്ളിയിലെ പ്രളയ നിയന്ത്രണ നടപടി

തോട്ടപ്പള്ളി പൊഴിയുടെ തീരത്തെ കാറ്റാടി മരങ്ങൾ മുറിച്ചുമാറ്റുന്നത് പൊഴിയുടെ വീതി കൂട്ടാനും വെള്ളത്തിന്റെ സുഗമമായ ഒഴുക്കിനും വേണ്ടിയാണെന്ന് ജില്ല കളക്ടർ അറിയിച്ചു. ജില്ല കളക്ടർ എം. അഞ്ജന സ്ഥലം സന്ദർശിച്ചരുന്നു. സർക്കാർ നിർദ്ദേശം അനുസരിച്ച് ജില്ല ദുരന്തനിവാരണ അതോറിട്ടിയുടെ തീരുമാനപ്രകാരമാണ് പൊഴിയുടെ ആഴവും വീതിയും കൂട്ടുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നത്. 2020ലെ കാലവർഷം ശക്തമാകുമെന്ന് സൂചനകൾ വന്ന പശ്ചാത്തലത്തിൽ കൊറോണ പ്രതിരോധ പ്രവർത്തനങ്ങൾക്കൊപ്പം വെള്ളപ്പൊക്കം നിയന്ത്രണ വിധേയമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ശക്തിപ്പെടുത്തേണ്ടതാണ്. വെള്ളത്തിന്റെ സുഗമമായ ഒഴുക്ക് ഉറപ്പുവരുത്തുന്നതിന് മൂന്നുതരത്തിലുള്ള പ്രവർത്തികളാണ് ഒരേ സമയം തോട്ടപ്പള്ളിയിൽ നടന്നുത്. തോട്ടപ്പള്ളി അപ്സ്ട്രീമിലെ ഡ്രഡ്ജിങ് പ്രവർത്തനങ്ങൾ 2020 മെയ് 16ന് തന്നെ



ആരംഭിച്ചു. പൊഴിമുറിക്കുന്ന പ്രവർത്ത നങ്ങൽ കെ.എം.എം.എൽ എന്ന പൊതുമേഖലാ സ്ഥാപനത്തിൻരെ നേതൃത്വത്തിലും ആരംഭിച്ചു. വെള്ളത്തിന്റെ സുഗമമായ ഒഴുക്കിന് വിഘാതം സൃഷ്ടിക്കുന്നവയെ ഒഴിവാക്കുന്നതിന്റെ ഭാഗമായി പൊഴിമുഖത്തെ കാറ്റാടി മരങ്ങൾ മുറിച്ചുമാറ്റി.

## 1.49 കാലാവസ്ഥ പ്രവചനത്തിനായി കേന്ദ്ര കാലാവസ്ഥ വകുപ്പിനോടൊപ്പം ഈ രംഗത്ത് പ്രവർത്തിക്കുന്ന മറ്റ് സ്വകാര്യ സ്ഥാപനങ്ങളെയും പരിഗണിക്കാനുള്ള തീരുമാനം

GO (Rt) No. 450/2020/DMD dated 14-5-2020 പ്രകാരം കാലാവസ്ഥ പ്രവചനത്തിനായി കേന്ദ്ര കാലാവസ്ഥ വകുപ്പിനോടൊപ്പം ഈ രംഗത്ത് പ്രവർത്തിക്കുന്ന മറ്റ് സ്വകാര്യ സ്ഥാപനങ്ങളെയും വിനിയോഗിക്കുന്നതിന് തീരുമാനിച്ചു. കേന്ദ്ര കാലാവസ്ഥ വകുപ്പിൻറെ കാലാവസ്ഥ പ്രവചനങ്ങളെ മാത്രം അടിസ്ഥാനപ്പെടുത്തിയാണ് ഈ ഉത്തരവ് വരെ സർക്കാർ പ്രവർത്തിച്ചത്.

കേന്ദ്ര കാലാവസ്ഥ വകുപ്പ് കേരളത്തിന് തരുന്ന വിവരങ്ങൾ:

1. ദീർഘകാല മഴ പ്രവചനം - എങ്ങനെയായിരിക്കും നടപ്പ് വർഷത്തെ തെക്ക് പടിഞ്ഞാറൻ മൺസൂൺ എന്നത് സംബന്ധിച്ചുള്ള വിവരം. ഇത് ഇന്ത്യ രാജ്യത്തിനാകെയുള്ളതാണ്. കേരളത്തിനായി ഇതിൽ നിന്ന് വിവരങ്ങൾ ലഭ്യമല്ല. ഏപ്രിൽ മാസത്തിലാണ് ഇത് നൽകുന്നത്.
2. ഏത് ദിവസം ഔദ്യോഗികമായി മൺസൂൺ കേരളത്തിലെത്തുമെന്ന വിവരം - മെയ് പകുതിയോടെ ഈ വിവരം ലഭ്യമാക്കും.
3. ദക്ഷിണേന്ത്യക്ക് (Peninsular India) സീസൺ എങ്ങനെ ആയിരിക്കുമെന്ന 2nd ലോങ്ങ് റേഞ്ച് ഫോർകാസ്റ്റ്. ജൂൺ ആദ്യവാരം അല്ലെങ്കിൽ മെയ് അവസാനം. ഇതിലും കേരള സംസ്ഥാനത്ത് എങ്ങനെയായിരിക്കും മൺസൂൺ എന്ന കൃത്യമായ വിവരം നൽകാറില്ല.
4. എല്ലാ ദിവസവും അടുത്ത 5 ദിവസത്തേക്കുള്ള മഴ മുന്നറിയിപ്പ് - ജില്ലാടിസ്ഥാനത്തിലാണ് മുന്നറിയിപ്പ് ലഭിക്കുന്നത്. ജില്ലയിൽ എവിടെയൊക്കെയാണെന്നുള്ള വിവരം നൽകുന്നില്ല. ഒരേ അളവിൽ തീരപ്രദേശത്ത് പെയ്യുന്ന മഴയും മലയോര മേഖലയിൽ പെയ്യുന്ന മഴയും ഒരേ രീതിയിലല്ല ബാധിക്കുക. വളരെ സങ്കീർണ്ണമായ ഭൂപ്രകൃതിയുള്ള കേരളത്തിൽ പ്രാദേശികാടിസ്ഥാനത്തിലുള്ള പ്രവചനങ്ങളാണ് വേണ്ടത്.
5. താപനില വിവരങ്ങൾ - 3 എയർപോർട്ടുകൾ ഉൾപ്പെടെ 12 സ്റ്റേഷനുകളിൽ നിന്നുള്ള കൂടിയ താപനിലയും കുറഞ്ഞ താപനിലയും സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാറുണ്ട്. ഒരു സ്റ്റേഷൻ പോലുമില്ലാത്ത 4 ജില്ലകൾ കേരളത്തിലുണ്ട്.
6. മത്സ്യതൊഴിലാളി ജാഗ്രത നിർദേശം.

7. Nowcast - അടുത്ത മൂന്ന് മണിക്കൂറിലേക്ക് ഏതൊക്കെ ജില്ലയിൽ ഇടിമിന്നലോടെയുള്ള മഴയുണ്ടാകുമെന്ന കാലാവസ്ഥ വകുപ്പിൻറെ തിരുവനന്തപുരം കേന്ദ്രത്തിൻറെ വെബ്സൈറ്റിൽ നിന്ന് ലഭിക്കുന്ന വിവരം.

8. ചുഴലിക്കാറ്റ് മുന്നറിയിപ്പുണ്ടാകുമ്പോൾ അത് സംബന്ധിച്ചുള്ള വിവരം.



9. IMD ക്ക് കേരളത്തിൽ നിലവിൽ പ്രവർത്തനക്ഷമമായ 68 മഴ മാപിനികൾ (Manual Rain Gauges) ഉണ്ട്. വിവിധ സർക്കാർ ഓഫിസുകളിലാണ് ഇവയിൽ ഭൂരിപക്ഷവും. എല്ലാ ദിവസവും രാവിലെ 8 മണിക്ക് തലേ ദിവസം രാവിലെ 8 മണി മുതൽ പെയ്ത മഴയുടെ കണക്ക് അവിടെ ചുമതലയേൽപ്പിച്ച വ്യക്തി പോയി എടുത്താൽ കിട്ടും. ദുരന്തഘട്ടങ്ങളിൽ ഇവിടുങ്ങളിൽ പോയി യഥാസമയം വിവരങ്ങൾ ശേഖരിക്കാൻ പലപ്പോഴും പറ്റാറില്ല.

10. 15 ഓട്ടോമേറ്റഡ് വെതർ സ്റ്റേഷനുകളുണ്ട്. തത്സമയ വിവരങ്ങൾ മനസ്സിലാക്കാനും ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാനും ഇത് വഴി ലഭിക്കുന്ന തത്സമയ വിവരങ്ങൾ സഹായിക്കും. കേരളത്തിൽ ദുരന്ത സാധ്യതയുള്ള ഇടങ്ങളിലെയെല്ലാം തത്സമയ വിവരങ്ങൾ ലഭ്യമാകണം എന്നാണ് കേരളം ആഗ്രഹിക്കുന്നത്. BIS സ്റ്റാൻഡേർഡ്സ് അനുസരിച്ചു കേരളത്തിൽ 256 AWS കൾ വേണമെന്നാണ് കാണുന്നത്.

11. കേരളത്തിൽ തിരുവനന്തപുരത്തും കൊച്ചിയിലുമായി രണ്ട് റഡാറുകൾ ഉണ്ട്. കൊച്ചി റഡാറിൽ കുറച്ച് ദിവസമായി അറ്റകുറ്റപ്പണികൾ നടക്കുന്നു എന്നാണ് കേന്ദ്ര കാലാവസ്ഥ വകുപ്പിൻറെ വെബ്സൈറ്റിൽ കാണിക്കുന്നത്.

ഇത്രയുമാണ് കേരളത്തിന് പൊതുവായി കേന്ദ്ര കാലാവസ്ഥ വകുപ്പിൽ നിന്നുള്ള സേവനങ്ങൾ.

നിരന്തരമായി ദുരന്തങ്ങളെ അഭിമുഖീകരിക്കേണ്ടി വരുന്ന പശ്ചാത്തലത്തിൽ കേരളത്തിന് ഈ സേവനങ്ങൾ മാത്രം മതിയാകില്ലെന്ന് കാണിച്ച് 2018 ഒക്ടോബർ 06 ന് കേന്ദ്ര സർക്കാരിന് Letter No. DMA1/447/2018/DMD dated 6-10-2018 എന്ന കത്ത് നൽകി. കത്തിലൂടെ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തോട് കേരള സർക്കാർ ആവശ്യപ്പെട്ടത്

പ്രധാനമായും കേരളത്തിലെ നിരീക്ഷണ സംവിധാനങ്ങൾ വർധിപ്പിക്കണമെന്നായിരുന്നു. കേരളത്തിൽ 256 ഓട്ടോമേറ്റഡ് വെതർ സ്റ്റേഷനുകൾ സ്ഥാപിക്കണമെന്നും 10*10 മീറ്റർ വിസ്തൃതിയിൽ അതിനാവശ്യമായ സ്ഥലം സംസ്ഥാനം നൽകുമെന്നും വ്യക്തമാക്കിയിരുന്നു. ഇതിന് പുറമെ പ്രാദേശികമായി വില്ലേജ് അടിസ്ഥാനത്തിൽ മഴ, ചൂട് സംബന്ധിച്ചുള്ള മുന്നറിയിപ്പുകൾ നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. മറ്റൊരു പ്രധാന ആവശ്യം മലബാറിലെ വിവരങ്ങൾ ലഭ്യമാക്കാൻ കോഴിക്കോട് ഒരു റഡാർ കൂടി സ്ഥാപിക്കണമെന്നുള്ളതായിരുന്നു. ജില്ലാഭരണകൂടത്തെ സഹായിക്കുന്ന രീതിയിൽ NIC മാതൃകയിൽ എല്ലാ ജില്ലയിലും ഒരു കാലാവസ്ഥ ശാസ്ത്രജ്ഞനെ നിയമിക്കണമെന്നും തിരുവനന്തപുരത്തെ ചുഴലിക്കാറ്റ് നിരീക്ഷണ കേന്ദ്രത്തെ മെച്ചെപ്പെടുത്തണമെന്നും അതിനായി സ്ഥാപിച്ച CWDS പ്രവർത്തനക്ഷമമാക്കണമെന്നും കത്തിലൂടെ ആവശ്യപ്പെട്ടിരുന്നു. ഈ കത്തിന് മറുപടിയായി Letter No D-001/168 dated 24.01.2019 പ്രകാരം കേന്ദ്ര കലാവസ്ഥാ വകുപ്പ് 100 ഓട്ടോമാറ്റിക് കലാവസ്ഥാ മാപിനികൾ സ്ഥാപിക്കുവാൻ സന്നദ്ധത അറിയിച്ചു. അതിനായി സംസ്ഥാനം വാഗ്ദാനം ചെയ്ത പോലെ സ്ഥലം കണ്ടെത്തി നൽകണമെന്ന് അഭ്യർത്ഥിച്ചു.

സംസ്ഥാന സർക്കാർ പ്രസ്തുത ഉത്തരവാദിത്വം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയെ ഏൽപ്പിക്കുകയും ദുരന്ത നിവാരണ അതോറിറ്റി KSEB, IRRIGATION, KWA തുടങ്ങിയ ഡാം ഓപ്പറേറ്റർമാരുടെയും ദുരന്ത നിവാരണ വിദഗ്ധരുടെയും അഭിപ്രായങ്ങളുടെയും നിർദേശങ്ങളുടെയും അടിസ്ഥാനത്തിൽ സ്ഥലങ്ങൾ കണ്ടെത്തുകയും ഉദ്യോഗസ്ഥരെ അയച്ച് ഫീൽഡ് സർവേ നടത്തി തയ്യാറാക്കിയ 120 ലധികം സ്ഥലങ്ങളടങ്ങിയ റിപ്പോർട്ടുകൾ IMDക്ക് നൽകുകയും ചെയ്തു. അവയിൽ IMD കൂടി സമ്മതിച്ച 73 സ്ഥലങ്ങൾ ഈ പ്രവർത്തിക്കായി അനുവദിച്ച് കൊണ്ട് സംസ്ഥാന സർക്കാർ GO (Rt) No. 725/2019/DMD dated 18-10-2019 ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ശേഷിക്കുന്ന 27 സ്ഥലങ്ങളും ദുരന്ത നിവാരണ അതോറിറ്റി കണ്ടെത്തിയിട്ടുണ്ട്. ഇളവുകൾ ഉണ്ടായിരുന്നെങ്കിലും കേരളത്തിൽ പുതുതായി AWSകൾ സ്ഥാപിക്കപ്പെട്ടില്ല.

ജൂൺ 5ന് കേരളത്തിലെത്തുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന മൺസൂണിൻറെ സ്വഭാവം എങ്ങനെയായിരിക്കും എന്ന വിവരങ്ങൾ ലഭ്യമല്ലാത്തത് കൊണ്ട് തന്നെ ദുരന്ത സാദ്ധ്യതകൾ പരമാവധി ലഘൂകരിക്കാൻ സാധ്യമായ എല്ലാ പ്രവർത്തനങ്ങളും നടത്താനാണ് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

കാലാവസ്ഥ പ്രവചനത്തിലെ കുറവുകൾ പരിഹരിക്കാൻ മറ്റ് സംസ്ഥാനങ്ങൾ എന്ത് ഇടപെടലാണ് നടത്തുന്നതെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അന്വേഷിക്കുകയും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾ അവർ ഉപയോഗിക്കുന്ന സ്വകാര്യ കാലാവസ്ഥ സ്ഥാപനങ്ങളുടെ വിവരങ്ങൾ ഔദ്യോഗികമായി തന്നെ അറിയിക്കുകയും ചെയ്തു.

ഇതിൽ നിന്ന് കർണാടക, ഒഡീഷ, ആസാം എന്നീ സംസ്ഥാനങ്ങൾ EARTH NETWORKS എന്ന സ്ഥാപനത്തിൻറെ സേവനം ഉപയോഗിക്കുന്നുണ്ടെന്ന് മനസ്സിലാക്കി. ഇടിമിന്നൽ മുന്നറിയിപ്പ് കൃത്യമായി നല്കാൻ സാധിക്കും എന്നാണ് കേരളത്തോട് പ്രസ്തുത കമ്പനി വാഗ്ദാനം ചെയ്യുന്നത്.

മഹാരാഷ്ട്ര, നാഗാലാൻഡ് എന്നീ സംസ്ഥാനങ്ങൾ Skymet Weather Pvt Ltd. എന്ന സ്ഥാപനത്തിൻറെ സേവനമാണ് ഉപയോഗിക്കുന്നത്. പ്രസ്തുത സ്ഥാപനത്തിന് ഇപ്പോൾ തന്നെ കേരളത്തിൽ 94 ഓട്ടോമേറ്റഡ് കാലാവസ്ഥ നിരീക്ഷണ ഉപകരണങ്ങൾ ഉണ്ട്. അവയിൽ നിന്നുള്ള വിവരങ്ങൾ അടിയന്തരഘട്ടത്തിൽ ദുരന്ത നിവാരണ അതോറിറ്റി ആവശ്യപ്പെട്ടപ്പോൾ അവർ 2019 ലെ പ്രളയ സമയത്ത് അനൗദ്യോഗികമായി ലഭ്യമാക്കുകയും ചെയ്തിരുന്നു. 9*9 കിമീ റെസൊല്യൂഷനിൽ മുന്നറിയിപ്പുകൾ നല്കാൻ സാധിക്കുമെന്നാണ് Skymet Weather വാഗ്ദാനം ചെയ്യുന്നത്.

IBM Weather Channel രാജസ്ഥാൻ സർക്കാരാണ് ഉപയോഗിച്ചിട്ടുള്ളത്. അമേരിക്കയിലെ പ്രശസ്തമായ NCAR മായി ചേർന്ന് അവർ വികസിപ്പിച്ചെടുത്ത GRAF മോഡലിൽ നിന്നുള്ള പ്രൊഡക്ടുകൾ നൽകാമെന്നാണ് അവരുടെ വാഗ്ദാനം. 4 കിമീ റെസൊല്യൂഷനിൽ ലഭ്യമാകുന്ന മുന്നറിയിപ്പുകളും അവ ഓരോ മണിക്കൂറിലിലും അപ്ഡേറ്റ് ചെയ്യാനുള്ള സൗകര്യവും അവരുടെ സവിശേഷതയായി കണക്കാക്കപ്പെടുന്നു.

GFS, ECMWF എന്നീ ലോകത്തെ ഏറ്റവും പ്രധാനപ്പെട്ട കാലാവസ്ഥ മോഡലുകളുടെ പ്രൊഡക്ടുകളാണ് Windy യിൽ നിന്ന് ലഭ്യമാകുന്നത്.

ഇങ്ങനെ കേന്ദ്ര കാലാവസ്ഥ വകുപ്പിൻറെ ഔദ്യോഗിക മുന്നറിയിപ്പുകളോടൊപ്പം ഇത്തരം വിവരങ്ങൾ കൂടി ലഭ്യമാകുമ്പോൾ അത് കേരളത്തിലെ തീവ്ര കലാവസ്ഥാ പ്രവചനങ്ങൾ മെച്ചപ്പെട്ടതാക്കാൻ സഹായിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കേരളത്തിൻറെ സാഹചര്യത്തിൽ ഇവയുടെയൊക്കെ കൃത്യത എത്രമാത്രമുണ്ടെന്ന് കൂടി മനസ്സിലാക്കാൻ വേണ്ടി ഈ ഒരു വർഷത്തേക്ക്

പരീക്ഷണാടിസ്ഥാനത്തിൽ ഈ സ്വകാര്യ സ്ഥാപനങ്ങളുടെ സേവനങ്ങൾ ലഭ്യമാക്കാനാണ് തീരുമാനിച്ചത്. ഇവയുടെ ഉപയോഗം സംബന്ധിച്ച് കാലാവസ്ഥ വിദഗ്ദരും KSNDMC (Karnataka State Natural Disaster Management Center) പ്രതിനിധികളും ഉൾപ്പെടെയുള്ള വിദഗ്ദ സമിതി പരിശോധിച്ച് തീരുമാനിക്കുന്ന പ്രോട്ടോക്കോൾ പ്രകാരമായിരിക്കും കേരളത്തിൽ ഇവരുടെ സേവനം ഏത് തരത്തിൽ വിനിയോഗിക്കും എന്ന് തീരുമാനിക്കുക.

സേവനങ്ങൾ ഏതെല്ലാം ആണ് ആവശ്യം എന്ന് നിർണയിച്ച ശേഷം ആവശ്യമായ തുക കണക്കാക്കി സർക്കാരിനെ സമീപിക്കുവാൻ ആണ് തീരുമാനം. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഇ.ഒ.സി യുടെ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുവാൻ ഉള്ള 10% ശതമാനം തുകയിൽ ആവശ്യമായ തുക ആണ് ഇതിനായി വിനിയോഗിക്കുക.

കൃത്യതയും വ്യക്തതയുമുള്ള കാലാവസ്ഥ പ്രവചനങ്ങൾ സമയാനുസൃതമായി ലഭിക്കുന്ന സഹചര്യത്തിൽ വളരെ ചടുലമായും കാര്യക്ഷമമായും പ്രവർത്തിക്കാൻ ദുരന്ത നിവാരണ സംവിധാനങ്ങൾക്കും പ്രാദേശിക ഭരണകൂടങ്ങൾക്കും സാധിക്കും എന്നതിനാൽ കാലാവസ്ഥ പ്രവചനം മെച്ചപ്പെട്ടതാക്കാൻ സാധ്യമായ എല്ലാ വഴികളും തേടുക എന്ന നിശ്ചയദാർഢ്യത്തിലൂടെ എത്തപ്പെട്ടതാണ് ഈ തീരുമാനത്തിൽ.

### 1.50 ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി - ആലപ്പുഴ - ദുരിതാശ്വാസ അഭയകേന്ദ്രം ഉദ്ഘാടനം

പ്രകൃതിക്ഷോഭ ഘട്ടങ്ങളിൽ ആളുകളെ മാറ്റിപാർപ്പിക്കാനുള്ള ദുരിതാശ്വാസ അഭയകേന്ദ്രങ്ങളിൽ ആദ്യത്തേത് തയ്യാറായി. മികച്ച സൗകര്യങ്ങളോടു കൂടിയ ആദ്യത്തെ കേന്ദ്രത്തിന്റെ ഉദ്ഘാടനം ആലപ്പുഴയിലെ മാരാരിക്കുള്ളത്ത് ജൂൺ 18ന് നടന്നു. രണ്ട് നിലകളുള്ള കേന്ദ്രം 800 പേരെ ഒരേ സമയം ഉൾക്കൊള്ളും. സ്ത്രീകൾക്കും പുരുഷന്മാർക്കും ഭിന്നശേഷിക്കാർക്കും പ്രത്യേക താമസ സൗകര്യങ്ങൾ, ശുചിമുറികൾ, കുട്ടികൾക്കുള്ള പ്രത്യേക സൗകര്യം, പൊതു അടുക്കള, ജനറേറ്റർ എന്നിവയും ഈ കേന്ദ്രത്തിൽ ഉണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ഷെൽറ്റർ മാനേജ്മെൻറ് കമ്മിറ്റി കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നത്. പ്രകൃതിക്ഷോഭമില്ലാത്ത സമയങ്ങളിൽ കേന്ദ്രങ്ങൾ എങ്ങനെ പ്രയോജനപ്പെടുത്താമെന്ന് ഈ സമിതികൾക്കു തീരുമാനിക്കാം.

7 ജില്ലകളിലായി 13 കേന്ദ്രങ്ങളുടെ ദുരിതാശ്വാസ അഭയകേന്ദ്രങ്ങളുടെ നിർമാണം പുരോഗമിക്കുന്നുണ്ട്. അതിനു പുറമേ, തിരുവനന്തപുരം, കോഴിക്കോട്, ആലപ്പുഴ ജില്ലകളിൽ ഓരോ കേന്ദ്രങ്ങൾ കൂടി നിർമിക്കുവാൻ ടെൻഡർ നടപടികളും പുരോഗമിക്കുന്നു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെംബർ സെക്രട്ടറി നിർമ്മാണ മേൽനോട്ടം വഹിച്ചു.




ദുരന്ത നിവാരണ അതോറിറ്റി ലോക ബാങ്ക് സഹായത്തോടെ നട പ്പാക്കുന്ന ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കിയത്. കോവിഡ് നിയന്ത്രണങ്ങൾ പാലിച്ചുള്ള ലളിതമായ ചടങ്ങാണ് നടന്നത്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി വൈസ് ചെയർമാൻ ബഹു. റവന്യൂ മന്ത്രി ഉദ്ഘാടനം ചെയ്തു. ബഹു. ധനകാര്യ മന്ത്രി ഡോ. തോമസ് ഐസക്ക് അധ്യക്ഷ വഹിച്ചു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെംബർ സെക്രട്ടറി ആശംസ അറിയിച്ചു.

## 1.51 കേരളത്തിൽ കേന്ദ്ര കാലാവസ്ഥ വകുപ്പിൻറെ 15 ഓട്ടോമാറ്റിക്ക് കാലാവസ്ഥ മാപിനികൾ (Automatic Weather Station) സ്ഥാപിച്ചു

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും കേന്ദ്ര കാലാവസ്ഥ വകുപ്പും ചേർന്ന് കേരളത്തിൽ സ്ഥാപിക്കുന്ന ഔട്ടോമാറ്റിക് കാലാവസ്ഥ മാപിനികളുടെ ആദ്യഘട്ടം പൂർത്തീകരിച്ചു. മഴയുടെ അളവ്, കാറ്റിൻറെ വേഗത, ദിശ, അന്തരീക്ഷ ആർദ്രത, താപനില തുടങ്ങിയ ദിനാന്തരീക്ഷ വിവരങ്ങൾ തത്സമയം ലഭ്യമാകും എന്നതാണ് AWS കൾ സ്ഥാപിക്കുന്നത് വഴിയുള്ള നേട്ടം.


ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് ഇത്തരം തത്സമയ വിവരങ്ങൾ വളരെ പ്രധാനപ്പെട്ടതാണ് എന്നത് കൊണ്ട് തന്നെ കേരളം 2018 മുതൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തോടും കേന്ദ്ര കാലാവസ്ഥ വകുപ്പിനോടും പ്രസ്തുത ആവശ്യമുന്നയിച്ചിരുന്നു. കേരളത്തിൻറെ നിരന്തരാവശ്യം പരിഗണിച്ചു കൊണ്ട് കേന്ദ്ര സർക്കാർ കേരളത്തിനായി അനുവദിച്ച 100 AWS കളിൽ ആദ്യത്തെ 15 AWS കളാണ് സ്ഥാപിച്ചത്. ഇതിനായി ഫീൽഡ് സർവേ നടത്തി കണ്ടെത്തിയ 10*10 മീറ്റർ ചുറ്റവിലുള്ള സ്ഥലം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അനുയോജ്യമായ

രീതിയിൽ സജ്ജമാക്കി നൽകി. ഇത്തരത്തിൽ 138 സ്ഥലങ്ങളാണ് 10*10 മീറ്റർ ചുറ്റളവിൽ ദുരന്ത നിവാരണ അതോറിറ്റി സംസ്ഥാനത്താകെ കണ്ടെത്തി നൽകിയിട്ടുള്ളത്. ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം തുടങ്ങിയ ദുരന്ത സാദ്ധ്യതകൾ, നിലവിൽ വിവരങ്ങൾ ലഭ്യമല്ലാത്ത പ്രദേശങ്ങൾ, അണക്കെട്ടുകൾ, KSEB, ജലസേചന വകുപ്പ്, വാട്ടർ അതോറിറ്റി എന്നീ വകുപ്പുകളുടെ നിർദേശങ്ങൾ തുടങ്ങിയവ പരിഗണിച്ചു കൊണ്ടാണ് ദുരന്ത നിവാരണ അതോറിറ്റി സ്ഥലങ്ങൾ കണ്ടെത്തിയത്.




വെള്ളരിക്കുണ്ട് (കാസറഗോഡ്), ഇരിക്കൂർ (കണ്ണൂർ), കക്കയം (കോഴിക്കോട്), പടിഞ്ഞാറത്തറ ഡാം (വയനാട്), പറവണ്ണ TMG കോളേജ് (മലപ്പുറം), വെള്ളിനേഴി (പാലക്കാട്), ചാലക്കുടി, പെരിങ്ങൽക്കുത്ത് (തൃശൂർ), പറവൂർ (എറണാകുളം), പീരുമേട് (ഇടുക്കി), പൂഞ്ഞാർ എഞ്ചിനിയറിങ് കോളേജ് (കോട്ടയം), കഞ്ഞിക്കുഴി (ആലപ്പുഴ), സീതത്തോട് (പത്തനംതിട്ട), വെസ്റ്റ് കല്ലട (കൊല്ലം), നെയ്യാറ്റിൻകര (തിരുവനന്തപുരം) എന്നിവിടങ്ങളിലാണ് ആദ്യഘട്ടത്തിൽ AWS കൾ സ്ഥാപിച്ചിട്ടുള്ളത്.

2018 പ്രളയാനന്തരം കേരള സർക്കാർ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തോട് കേരളത്തിൽ പുതുതായി 186 ഓട്ടോമാറ്റിക് കാ ലാവസ്ഥ മാപിനികൾ അടിയന്തരമായി സ്ഥാപിക്കണമെന്ന് 2018 ഒക്ടോബറിൽ തന്നെ കത്തിലൂടെ ആവശ്യപ്പെട്ടിരുന്നു. ഇതിനെ തുടർന്ന് 100 AWS കൾ സ്ഥാപിക്കാൻ കേന്ദ്ര കാലാവസ്ഥ വകുപ്പ് തയ്യാറാവുകയായിരുന്നു. അതിൽ ആദ്യത്തെ 15 എണ്ണമാണ് നിലവിൽ പൂർത്തീകരിച്ചിരിക്കുന്നത്. ഇതിൽ നിന്നുള്ള തത്സമയ വിവരങ്ങൾ ഉടൻ തന്നെ ലഭ്യമായി തുടങ്ങുമെന്നാണ് പ്രതീക്ഷിക്കുന്നത്. 2020 ഡിസംബറിന് മുന്നെയായി ദുരന്ത നിവാരണ അതോറിറ്റി കണ്ടെത്തിയിട്ടുള്ള ശേഷിക്കുന്ന 85 സ്ഥലങ്ങളിലും AWS സ്ഥാപിക്കുമെന്നാണ് കേന്ദ്ര കാലാവസ്ഥ വകുപ്പിൻറെ ഡയറക്ടർ ജനറൽ സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുള്ളത്.



## 1.52 എമർജൻസി കിറ്റിനെ കുറിച്ചുള്ള ലഘുലേഖ

എമർജൻസി കിറ്റിനെ കുറിച്ചുള്ള ലഘുലേഖ കാഴ്ച കുറവുള്ളവർക്കും വയോധികർക്കും എളുപ്പത്തിൽ വായിച്ചു മനസിലാക്കാൻ വേണ്ടി കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കി. സാധാരണയായി ലഭ്യമാകുന്ന ലഘുലേഖകളെക്കാളും വലുപ്പമുള്ള അക്ഷരങ്ങളിലും വിവിധ നിറങ്ങളിലും ആണ് ഇത് തയ്യാറാക്കിയിരിക്കുന്നത്. https://surl.li/corgue

## 1.53 ഭിന്നശേഷി സംയോജിത ദുരന്ത ലഘൂകരണം - ആംഗ്യഭാഷയിലുള്ള വിഡിയോകൾ

2016 മുതൽ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നടത്തിവരുന്ന പദ്ധതിയാണ് ഭിന്നശേഷി സംയോജിത ദുരന്ത ലഘൂകരണം. ദുരന്ത തയ്യാറെടുപ്പുകൾക്ക് ഒരു പ്രധാന പങ്ക് വഹിക്കുന്നത് യഥാസമയം ലഭ്യമാകുന്ന മുന്നറിയിപ്പുകളാണ്. ഈ മുന്നറിയിപ്പുകൾ കേരളത്തിലുള്ള എല്ലാ ജനങ്ങളും അറിഞ്ഞിരിക്കുന്നത് ദുരന്തത്തെ നേരിടുന്നതിന് കാര്യക്ഷമത വർധിപ്പിക്കുന്നു, പ്രത്യേകിച്ച് ഭിന്നശേഷിയുള്ളവരുടെ.

ദുരന്ത സാധ്യത മുന്നറിയിപ്പ് സംവിധാനം ഭിന്നശേഷി സൗഹൃദം ആക്കുന്നത് ഭിന്നശേഷി സുഹൃത്തുക്കളുടെ സുരക്ഷ ഉറപ്പാക്കുന്നു എന്നത് കൊണ്ട് മുന്നറിയിപ്പുകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും NISH (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിങ്) കൈകോർക്കുന്നു.





സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പുറപ്പെടുവിക്കുന്ന ദുരന്ത സാധ്യത മുന്നറിയിപ്പുകൾ ഭിന്നശേഷി സഹോദരങ്ങൾക്കായി ശബ്ദ സന്ദേശമായും ആംഗ്യ ഭാഷയിൽ തയ്യാറാക്കിയ വീഡിയോകളായും ദുരന്ത നിവാരണ അതോറിറ്റിയുടെ www.sdma.kerala.gov.in വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു. NISH ലെ വിദഗ്ദരുടെ സഹായത്തോടെയാണ് വീഡിയോകൾ തയ്യാറാക്കുന്നത്.

വിവിധ ദുരന്തങ്ങളിൽ എടുക്കേണ്ട മുൻകരുതലുകളെ കുറിച്ച് മുൻപും അതോറിറ്റി ആംഗ്യഭാഷയിലുള്ള വിഡിയോകൾ ചെയ്തിട്ടുണ്ട്. ഇവ അതോറിറ്റിയുടെ യൂട്യൂബ് ചാനെലിൽ ലഭ്യമാണ്.

## 1.54 കോവിഡ്-19 അക്കാദമി

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും സ്ഫിയർ ഇന്ത്യയും സംയോജിതമായി സംഘടിപ്പിക്കുന്ന "കോവിഡ്-19 അക്കാദമി: കേരള"ത്തിന് 29-9-2020 തുടക്കം കുറിച്ചു. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെയും കുടുംബശ്രീയുടെയും കൂടെ ചേർന്ന് സ്ഫിയർ ഇന്ത്യ സംഘടിപ്പിക്കുന്ന പരിശീലന പരമ്പരയുടെ ആദ്യ ഭാഗമാണ് ഈ പരിപാടി. കേരള അക്കാദമി, 29 സെപ്റ്റംബർ 2020 മുതൽ വിവിധ വിഷയങ്ങളിലായി 12 സാങ്കേതിക സെഷനുകൾ മലയാളത്തിൽ ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ ഒരുക്കി.





## 1.55 NSS സന്നദ്ധ പ്രവർത്തകർക്കായി 'ദുരന്ത നിവാരണം'

സംസ്ഥാന ദുരന്ത നിവാരണ അതോറിട്ടി കേരള സർവകലാശാലയിലെ NSS സന്നദ്ധ പ്രവർത്തകർക്കായി 'ദുരന്ത നിവാരണം' എന്ന വിഷയത്തിൽ മൂന്നു ദിവസം നീണ്ടു നിൽക്കുന്ന ഓൺലൈൻ പരിശീലനം സംഘടിപ്പിക്കുച്ചു.

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും കേരള സർവകലാശാല NSS യൂണിറ്റും സംയുക്തമായി കേരള സർവകലാശാലയുടെ കീഴിലുള്ള കോളേജുകളുടെ NSS സന്നദ്ധ പ്രവർത്തകർക്കായി സംഘടിപ്പിക്കുന്ന ഓൺലൈൻ പരിശീലന പരിപാടി സെപ്റ്റംബർ 28 മുതൽ 30 വരെ നടക്കുന്നു.

ദുരന്ത നിവാരണവും അനുബന്ധ വിഷയങ്ങളും ഉൾക്കൊള്ളിച്ചുള്ള പരിശീലനത്തിൽ ഇരുന്നൂറോളം NSS സെക്രട്ടറിമാർ പങ്കെടുക്കും.




ദുരന്ത നിവാരണ നിയമം 2005, ദുരന്ത നിവാരണത്തിൽ ദേശീയ -സംസ്ഥാന സംവിധാനങ്ങൾ, കോവിഡ് അതിജീവനം, ദുരന്ത നിവാരണത്തിൽ സന്നദ്ധ പ്രവർത്തകരുടെ പങ്ക്, കാലാവസ്ഥാ വ്യതിയാനം എന്നീ വിഷയങ്ങളിൽ ഊന്നിയായിരിക്കും പരിശീലനം. അതോറിറ്റിയിലെ വിഷയ വിദഗ്ധരാണ് പരിശീലനം

നൽകുന്നത്. ദുരന്ത നിവാരണ അതോറി റ്റി മെമ്പർ സെക്രട്ടറി ഡോ. ശേഖർ എൽ. കുര്യാക്കോസ് പരിപാടിയുടെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിക്കുകയും കേരള സർവകലാശാല NSS ഫാക്കൽറ്റി കോഓർഡിനേറ്റർ ഡോ. ഷാജി എ. മുഖ്യ പ്രഭാഷണം നടത്തുകയും ചെയ്യും. ഗൂഗിൾ മീറ്റിലൂടെയാണ് പരിശീലനം സംഘടിപ്പിക്കുന്നത്. പ്രവേശനം കേരള സർവകലാശാല ക്ഷണിക്കുന്ന അംഗങ്ങൾക്ക് മാത്രമായിരിക്കും. പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റും ലഭ്യമാക്കും.




## 1.56 ദുരന്ത നിവാരണ നിയമം - വെബിനാർ




ഒക്ടോബർ 13നാണ് അന്തരാഷ്ട്ര ദുരന്ത ലഘുകരണ ദിനം. ഇതിനോടനുബന്ധിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പൊതുജനങ്ങൾക്കായി 'ദുരന്ത നിവാരണ നിയമം 2005' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു.

ഇന്ത്യയിലെ ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ 'ബൈബിൾ' എന്നറിയപ്പെടുന്ന 'ദുരന്ത നിവാരണ നിയമം 2005' രാജ്യത്തെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ അടിസ്ഥാന പ്രമാണവുമാണ്. സമകാലീന ഇന്ത്യയിൽ ഏറ്റവും പ്രാധാന്യമുള്ള നിയമങ്ങളിൽ ഒന്നായ ദുരന്ത നിവാരണ നിയമം ജനങ്ങൾക്ക് പരിചയപ്പെടുത്താൻ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അവസരമൊരുക്കി.

2020 ഒക്ടോബർ 13ന് വൈകീട്ട് 4 മണിക്ക് സംഘടിപ്പിച്ച വെബിനാർ അഡീഷണൽ അഡ്വക്കേറ്റ് ജനറൽ അ ഡ്വ. രഞ്ജിത്ത് തമ്പാൻ ഉദ്ഘാടനം നിർവഹിച്ചു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി ഡോ. ശേഖർ എൽ കുര്യാക്കോസ് ആമുഖ പ്രഭാഷണം നടത്തി. വെബിനാറിൽ കേരള ഹൈക്കോടതിയിലെ പ്രമുഖ അഭിഭാഷകരായ ഡോ. ജേക്കബ് പി അലക്സ്, അഡ്വ. ഹരീഷ് വാസുദേവൻ എന്നിവർ സംസാരിച്ചു.

## 1.57 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം – എറണാകുളം - കരുതൽ കാലം

ദുരന്തങ്ങളുടെ തീക്ഷ്ണത കുറച്ച് എങ്ങനെ ലഘൂരിക്കാം എന്ന അവബോധം ജനങ്ങളിൽ വളർത്തുകയാണ് ദിനാചരണത്തിലൂടെ ലക്ഷ്യമിടുന്നത്.

ഇതോടനുബന്ധിച്ച് എറണാകുളം ജില്ല ദുരന്ത നിവാരണ അതോറിറ്റി 'കരുതൽ കാല'മെന്ന ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു.

വിദ്യാർത്ഥികൾക്കായി വിവിധ മത്സരങ്ങൾ, മൂന്നു ദിവസത്തെ പരിശീലന പരിപാടികൾ എന്നിവയാണ് നടത്തിയത്. ഒക്ടോബർ 12 ന് രാവിലെ 10.30ന് പരിപാടി ഉദ്ഘാടനം ചെയ്തു. കോവിഡ് പശ്ചാത്തലത്തിൽ വീഡിയോ കോൺഫറൻസ് വഴിയാണ് ഉദ്ഘാടനം ചെയ്തത്. ജില്ലാ പഞ്ചായത്ത് പ്രസിഡൻ്റ് ഡോളി കുര്യാക്കോസ് ഉദ്ഘാടനത്തിൽ ആമുഖ പ്രഭാഷണം നടത്തി. ദുരന്ത നിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടർ എൻ.ആർ വൃന്ദാദേവി, ഫാ.പോൾ നെടുംപുറം എന്നിവർ പങ്കെടുത്തു.




## 1.58 ദുരന്ത നിവാരണം കേരളത്തിലെ 50 പ്രധാന പദ്ധതികളിൽ

വികസനത്തിന്റെയും ക്ഷേമത്തിന്റെയും ഒരിക്കലും കാണാത്ത മുന്നേറ്റങ്ങൾക്കിടയിലും നമ്മെ ആശങ്കയിലാഴ്ത്തി പ്രകൃതി, പകർച്ചവ്യാധി ദുരന്തങ്ങൾ ഒന്നിനു പുറകെ ഒന്നായി കടന്നുവന്ന നാലര വർഷങ്ങളാണു കടന്നു പോയത്. എന്നാൽ അതിനെയെല്ലാം ഒരുമയോടെനിന്നു നേരിടാൻ നമുക്കു സാധിച്ചു. ഓഖി, 2018-ലെയും 2019-ലെയും പ്രളയം, നിപ്പ എന്നിവയെ അതിജീവിച്ച നമ്മൾ ഇപ്പോൾ കോവിഡിനെയും പ്രതിരോധിച്ചു മുന്നോട്ടുപോവുകയാണ്.

എല്ലാത്തരം ദുരന്തങ്ങളെയും യുദ്ധസന്നദ്ധതയോടെ നേരിടാനും അവയുടെ ആഘാതം പരമാവധി കുറയ്ക്കാനും അതിനായി മികച്ച ആസൂത്രണം നടത്താനും സാധിച്ചു എന്നത് കേരളത്തിന്റെ നേട്ടമാണ്. ഏതു ദുരന്തത്തെയും നേരിടാൻ പ്രാപ്തിയുള്ള, ജാഗ്രതയും ചലനാത്മകതയുമുള്ള, ഈ സംവിധാനം വികസിപ്പിക്കാനായത് കഴിഞ്ഞ നാലുവർഷംകൊണ്ടു നേടിയ നേട്ടങ്ങളിൽ പ്രധാനമാണ്. കേരളത്തിന്റെ അമ്പതു പദ്ധതികളെക്കുറിച്ചു പറയുന്ന ഈ



പരമ്പരയിൽ ദുരന്തനിവാരണത്തെക്കുറിച്ചുതന്നെയാകട്ടെ ആദ്യം.

ഏറ്റവും മികച്ച എമർജൻസി ഓപ്പറേഷൻ സെന്റർ (ദുരന്തനിവാരണ കേന്ദ്രം) സംസ്ഥാനത്ത് ആദ്യം സ്ഥാപിക്കാൻ കഴിഞ്ഞതും എല്ലാ ജില്ലകളിലും ഇത്തരം കേന്ദ്രങ്ങൾ ആരംഭിച്ചതും നേട്ടങ്ങളിൽ പ്രധാനമാണ്. ദുരന്തനിവാരണ ഏകോപനത്തിനൊപ്പം ദുരന്തത്തിന്റെ ആഘാതം കുറയ്ക്കാനായി ദുരന്തനിവാരണപ്ലാൻ തയാറാക്കാൻ സാധിച്ചു. കോസ്റ്റൽ ഇറോഷൻ (കടലാക്രമണം), വിൻഡ് (കാറ്റ്), സോയിൽ പൈപ്പിങ് (കുഴലീകൃത മണ്ണൊലിപ്പ്), സൺസ്ട്രോക്ക് (സൂര്യാഘാതം), ലൈറ്റനിങ് (ഇടിമിന്നൽ) എന്നിവ കേരളത്തിന്റെ പൊതുവായ ദുരന്തങ്ങളായി മാറിക്കഴിഞ്ഞ ഇക്കാലത്ത് ദുരന്തസാദ്ധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി നാം മാപ് ചെയ്തു. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് അതിന്റെകൂടി അടിസ്ഥാനത്തിൽ സംസ്ഥാന-ജില്ലാ അടിസ്ഥാനത്തിലും തദ്ദേശസ്ഥാപനതലത്തിലും ദുരന്തനിവാരണപ്ലാൻ തയാറാക്കാനും എമർജൻസി റെസ്പോൺസ് ടീമുകളെ സജ്ജമാക്കാനും സാധി ച്ചത്.

അടിസ്ഥാനസൗകര്യങ്ങളും ആസൂത്രണങ്ങളും കൂടാതെ ദുരന്തനിവാരണരംഗത്ത് നൂതനനയങ്ങൾ ആവിഷ്കരിക്കാനും ഈ നാലു വർഷംകൊണ്ട് നമ്മൾക്കു സാധിച്ചു. ഫ്ലഡ് റിസ്ക് റിഡക്ഷൻ കെട്ടിടനിർമ്മാണച്ചട്ടമായി കൊണ്ടുവരാൻ കഴിഞ്ഞു എന്നത് എടുത്തു പറയേണ്ട കാര്യമാണ്. അതിനൊപ്പം ഒരുലക്ഷം പേരുടെ സന്നദ്ധസേന ആരംഭിച്ചു. ഏതു സമയത്തും ഇവർ കർമ്മനിരതരാണ്.

ഇന്ത്യയിൽ ആദ്യമായി കേരളത്തിൽ ഡിസെബിലിറ്റി ഇൻക്ലൂസീവ് ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ പ്രോഗ്രാം ആരംഭിച്ചു. ഈ രീതിയിലുള്ള പ്രവർത്തനത്തിന്റെ ഫലമായി ഇന്ത്യയിലെ മികച്ച അഞ്ച് ദുരന്തനിവാരണ അതോറിറ്റികളിൽ ഒന്നായി കേരളത്തിലെ അതോറിറ്റിയും മാറി. ദുരന്തങ്ങളെ നേരിടാനുള്ള ആസൂത്രണവും ദുരന്തത്തിന്റെ ആഘാതം കുറയ്ക്കാനുള്ള കർമ്മപദ്ധതിയും കോർത്തിണക്കി ജനങ്ങളുടെ സുരക്ഷയ്ക്കായി ഏറ്റവും മികച്ച തയാറെടുപ്പു നടത്താനും ഇതിനുള്ള സംവിധാനം സ്ഥിരമായി സ്ഥാപിക്കാനും കഴിഞ്ഞത് കേരളത്തിന്റെ മറ്റൊരു നേട്ടമാണ്.

## 1.59 കോഴിക്കോട് - സിവിൽ ഡിഫൻസ് വളണ്ടിയർമാർക്ക് ദുരന്തനിവാരണ പരിശീലന പരിപാടി

കോഴിക്കോട് ജില്ലാ ദുരന്തനിവാരണ അതോറിറ്റിയും കേരള ഫയർ ആൻഡ് റെസ്ക്യൂ സർവീസും സംയുക്തമായി സിവിൽ ഡിഫൻസ് വളണ്ടിയർമാർക്ക് ദുരന്തനിവാരണ പരിശീലന പരിപാടി സംഘടിപ്പിച്ചു. 20/01/2021 ന് മീഞ്ചന്ത ഫയർ സ്റ്റേഷനിൽ വെച്ച് നടത്തിയ പരിശീലന പരിപാടിയിൽ സിവിൽ ഡിഫെൻസിൽ നിന്നുള്ള 8 സ്ത്രീകളും 37 പുരുഷന്മാരുമുൾപ്പെടെ 45 വളണ്ടിയർമാർ പങ്കെടുത്തു. ദുരന്തനിവാരണ പ്രവർത്തനങ്ങളിലെ അടിസ്ഥാന കാര്യങ്ങൾ, ചുഴലിക്കാറ്റ്, ഭൂകമ്പം, വെള്ളപ്പൊക്കം, തീപ്പിടുത്തം, ഉരുൾപൊട്ടൽ, വരൾച്ച, സുനാമി, ഇടിമിന്നൽ, തീരശോഷണം തുടങ്ങിയ ദുരന്തങ്ങളെ കുറിച്ചു ള്ള പ്രാഥമിക വിവരങ്ങളും അവയിൽ നിന്ന് സ്വീകരിക്കേണ്ട മുൻകരുതലുകളെ കുറിച്ചും വിശദീകരിച്ചു. ഇതിനോടൊപ്പം ജില്ലാ അടിയന്തിരഘട്ട കാര്യ നിർവഹണ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളും ദുരന്ത മുന്നറിയിപ്പ് സംവിധാനങ്ങളെ കുറിച്ചും ക്ലാസ്സിൽ പരാമർശിച്ചു. ക്ലാസ്സിൽ പങ്കെടുത്ത വോളന്റീർമാരുടെ വിഷയത്തിലുള്ള സംശയദൂരീകരണവും നടത്തി.




## 1.60 എറണാകുളം - ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും ഭാരത് പെട്രോളിയം കോർപറേഷൻ ലിമിറ്റഡും സംയുക്തമായി മോക് ഡ്രിൽ

കൊച്ചി-കൊയമ്പത്തൂർ-കരൂർ (സിസികെ) പൈപ്പ് ലൈനിൽ ജില്ല ദുരന്തനിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ ജനുവരി 14 ന് ഉച്ചയ്ക്ക് 2.30 മോക് ഡ്രിൽ നടത്തി. ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിൻ്റെ സിസികെ പൈപ്പ് ലൈൻ കടന്ന് പോകുന്ന പുതുക്കാട് കുറു മാലിക്കാവ് ദേവി ക്ഷേത്രത്തിന് സമീപമാണ് മോക് ഡ്രിൽ നടത്തിയത്. ബിപിസിഎൽ ൻ്റെ കൊച്ചിയിൽനിന്നുള്ള ഹൈഡ്രോ കാർബൺ ഉൽപന്നങ്ങൾ ജില്ലയിലുടെയാണ് കടന്നു പോകുന്നത്.



ഇരിമ്പനത്തിൽ നിന്നും കോയമ്പത്തൂരിലേക്ക് ഹൈഡ്രോ കാർബൺ ഉൽപന്നങ്ങൾ കൊണ്ടു പോകുന്നതിനാണ് പൈപ്പ് ലൈൻ സ്ഥാപിച്ചിരിക്കുന്നത്. 58 കിലോമീറ്റർ ദൂരം 18 ഇഞ്ച് വ്യാസമുള്ള പൈപ്പ് ലൈനുകളുടെ ഭാഗമാണ് ജില്ലയിലൂടെ കടന്നു പോകുന്നത്. 2002 മുതൽ ഹൈഡ്രോകാർബൺ ഉൽപന്നങ്ങൾ പൈപ്പ് ലൈനിലൂടെ കൊച്ചി-കോയമ്പത്തൂർ-കരൂരിലേക്ക് കൊണ്ടു പോകുന്നുണ്ട്.

ഫയർഫോഴ്സ്, ആരോഗ്യം, പൊലീസ്, ജില്ലാ ഭരണകൂടം, എൻഎച്ച്എഐ തുടങ്ങിയവർ മോക് ഡ്രിലിൻ്റെ ഭാഗമാകും. കോവിഡ് മാദനണ്ഡങ്ങൾ പാലിച്ചാണ് മോക് ഡ്രിൽ സംഘടിപ്പിച്ചത്.

# സാമ്പത്തിക വിനിയോഗം 2020-2021

| Sl No | Particulars | Opening Balance (A) | Amount received (B) | Total (C=A+B) | Amount Expended (D) | Surrender (E) | Balance (C-D+E) |
|---|---|---|---|---|---|---|---|
| | | FY 2020-21 | | | | | |
| | | Amount allotted in the Head of Account | | | | | |
| **I** | **H/A 2053-00-094-50-PV** | | | | | | |
| a. | KSDMA PLAN Fund | | 5,00,00,000.00 | 5,00,00,000.00 | 4,98,35,289.00 | 1,64,711.00 | |
| | **Total (I)** | - | **5,00,00,000.00** | **5,00,00,000.00** | **4,98,35,289.00** | **1,64,711.00** | - |
| **II** | **H/A 2245-80-102-96-00-00-N-V** | | | | | | |
| a. | SDMF | | 10,97,38,000.00 | 10,97,38,000.00 | 10,32,55,524.00 | 64,82,476.00 | - |
| | **Total (II)** | - | **10,97,38,000.00** | **10,97,38,000.00** | **10,32,55,524.00** | **64,82,476.00** | - |
| | | Treasury TSB & STSB Accounts | | | | | |
| **III** | **PSTSB-799012700000232** | | | | | | |
| a. | SDMA PLAN 2018-19 & 2019-20 | 1,22,174.00 | - | 1,22,174.00 | 1,22,174.00 | - | - |
| b. | SDMA PLAN 2020-21 | - | 50,00,000.00 | 50,00,000.00 | 42,40,796.00 | - | 7,59,204.00 |
| | **Total (III)** | **1,22,174.00** | **50,00,000.00** | **51,22,174.00** | **43,62,970.00** | - | **7,59,204.00** |
| **IV** | **STSB-701011400000188** | | | | | | |
| a. | SDMA PLAN FUND Balance as on 01.04.2020 | 87,60,029.00 | 3,890.00 | 87,63,919.00 | 28,00,000.00 | - | 59,63,919.00 |
| b. | Aapadamtira (GoI) * | 1,48,696.00 | 10,00,437.00 | 11,49,133.00 | 5,95,069.00 | 1,48,696.00 | 4,05,368.00 |
| c. | CMDRF Prathyuthanam | 10,00,00,000.00 | - | 10,00,00,000.00 | 5,68,68,250.00 | - | 4,31,31,750.00 |
| d. | SDRF | 3,53,80,613.00 | 43,250.00 | 3,54,23,863.00 | 2,06,78,277.00 | - | 1,47,45,586.00 |
| e. | Miscellanious receipt (DM/1/2010) | 57,069.00 | - | 57,069.00 | - | - | 57,069.00 |
| f. | Security deposit | 1,39,728.00 | 69,370.00 | 2,09,098.00 | - | - | 2,09,098.00 |
| g. | SENDAI FRAME Work (GoI) | - | 19,64,000.00 | 19,64,000.00 | 2,60,129.00 | - | 17,03,871.00 |
| | **Total (IV)** | **14,44,86,135.00** | **30,80,947.00** | **14,75,67,082.00** | **8,12,01,725.00** | **1,48,696.00** | **6,62,16,661.00** |
| **V** | **STSB-701041400000028** | | | | | | |
| a. | SEOC Fund | 1,10,70,724.00 | - | 1,10,70,724.00 | 26,00,000.00 | | 84,70,724.00 |
| | **Total (V)** | **1,10,70,724.00** | - | **1,10,70,724.00** | **26,00,000.00** | - | **84,70,724.00** |
| | | Bank Accounts | | | | | |
| **VI** | **SEOC Bank Account No 33031314643** | | | | | | |
| a. | Interest Accrued | 3,19,126.00 | 6,37,454.00 | 9,56,580.00 | 2,68,191.00 | - | 6,88,389.00 |
| b. | Guralph Seismograph | 53,59,073.00 | 21,22,978.00 | 74,82,051.00 | - | - | 74,82,051.00 |
| c. | Mullapriyar | 36,27,216.00 | 5,97,836.00 | 42,25,052.00 | - | - | 42,25,052.00 |
| d. | Strengthening SDMA&DDMA | 1,47,066.00 | - | 1,47,066.00 | - | - | 1,47,066.00 |
| e. | Admin Cost | 1,64,586.00 | - | 1,64,586.00 | 9,383.00 | - | 1,55,203.00 |
| f. | RKI Nammal Namukai | 5,56,743.00 | 7,24,650.00 | 12,81,393.00 | 12,81,393.00 | - | - |
| g. | RKI -LSGD DM Plan | - | 1,13,09,190.00 | 1,13,09,190.00 | 1,07,43,958.00 | - | 5,65,232.00 |
| h. | NITI Aayog (GoI) | 4,20,000.00 | - | 4,20,000.00 | 1,49,032.00 | - | 2,70,968.00 |
| i. | NIDM Fund Received (GoI) | - | 6,46,846.00 | 6,46,846.00 | 5,97,836.00 | - | 49,010.00 |
| j. | Augmention (GoI) | - | 20,00,000.00 | 20,00,000.00 | 15,92,785.00 | - | 4,07,215.00 |
| k. | Strengthening ERCEDAP | 11,90,302.00 | - | 11,90,302.00 | 2,64,104.00 | - | 9,26,198.00 |
| l. | Weather Company | - | 1,04,21,764.00 | 1,04,21,764.00 | 16,63,011.00 | - | 87,58,753.00 |
| m. | Security deposit | - | 79,640.00 | 79,640.00 | - | - | 79,640.00 |
| | **Total (VI)** | **1,17,84,112.00** | **2,85,40,358.00** | **4,03,24,470.00** | **1,65,69,693.00** | - | **2,37,54,777.00** |
| **VII** | **Externally Funded Project** | | | | | | |
| a. | UNICEF | 46,92,167.00 | 33,43,666.00 | 80,35,833.00 | 45,05,071.00 | 21,37,355.00 | 13,93,407.00 |
| | **Total (VII)** | **46,92,167.00** | **33,43,666.00** | **80,35,833.00** | **45,05,071.00** | **21,37,355.00** | **13,93,407.00** |
| **VIII** | **Corpus Fund** | | | | | | |
| a. | A/c No 35718875550 | 10,16,558.00 | 14,937.00 | 10,31,495.00 | 14,937.00 | - | 10,16,558.00 |
| b. | A/c No 38858756719 | 2,75,168.00 | 3,592.00 | 2,78,760.00 | 3,592.00 | - | 2,75,168.00 |
| | **Total (VIII)** | **12,91,726.00** | **18,529.00** | **13,10,255.00** | **18,529.00** | - | **12,91,726.00** |
| **IX** | **SDMF CSR** | | | | | | |
| a. | A/c No 39831022443 | - | 1,00,00,000.00 | 1,00,00,000.00 | - | - | 1,00,00,000.00 |
| | **Total (IX)** | - | **1,00,00,000.00** | **1,00,00,000.00** | - | - | **1,00,00,000.00** |
| **X** | **PM Cares (GoI)** | | | | | | |
| a. | Fund Received | - | 19,49,60,000.00 | 19,49,60,000.00 | 1,78,20,562.00 | - | 17,71,39,438.00 |
| b. | Interest | - | 35,64,162.00 | 35,64,162.00 | - | - | 35,64,162.00 |
| | **Total (X)** | - | **19,85,24,162.00** | **19,85,24,162.00** | **1,78,20,562.00** | - | **18,07,03,600.00** |
| | **Grand Total (I+II+III+IV+V+VI+VII+VIII+IX+X)** | **17,34,47,038.00** | **40,82,45,662.00** | **58,16,92,700.00** | **28,01,69,363.00** | **89,33,238.00** | **29,25,90,099.00** |

**Note: The Aapadamtira opening balance of Rs. 1,48,696/- was resumed by the State Government at the beginning of the Financial year 2020-21 ***

**സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന്റെ കോർപ്പസ് ഫണ്ട്**: GO (Rt) No. 5714/2015/DMD dated 21st October 2015 പ്രകാരം സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന് ഒരു കോർപ്പസ് ഫണ്ട് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഈ കോർപ്പസ് ഫണ്ട് fixed deposit ആയി State Bank of Indiaയിൽ നിക്ഷേപിച്ചിട്ടുണ്ട്. 31-03-2020 വരെ ഇതിൽ ₹12,91,726/- (Twelve lakh ninety-one thousand seven hundred and twenty-six only) രൂപയുടെ നിക്ഷേപമാണ് ഉള്ളത്. GO (Rt) No. 5714/2015/DMD dated 21st October 2015 പ്രകാരമാണ് ഇതിൽ നിന്നുള്ള തുക വിനിയോഗിക്കാവുന്നത്. നികുതി ഒടുക്കൽ അല്ലാതെ ഒരു തുകയും ഇതിൽ നിന്നും 2020-21 കാലഘട്ടത്തിൽ ചെലവഴിക്കേണ്ടി വന്നിട്ടില്ല.

# ഉപസംഹാരം

2020-2021 സാമ്പത്തിക വർഷം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി വളരെ സജീവമായും കാര്യക്ഷമമായും ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. 2020-21 സാമ്പത്തിക വർഷം കോവിഡ് 19 മഹാമാരി കേരളത്തെ തീവ്രമായി ബാധിച്ചിരുന്നു. ആയതിനാൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ പ്രസ്തുത സാഹചര്യം കൂടി പരിഗണിച്ച് ആയിരുന്നു.